കേരള
മലയാളപാഠാവലി

3346

1537

പുസ്തകം 6

3346

കേരള
മലയാള പാഠാവലി

പുസ്തകം 6

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി
തയാറാക്കിയതു്.

വില: 75 നയാപൈസ

1959

©
The Government of Kerala
1959

3346

പാഠവിവരം

പാഠം		പേജ്.
1.	ഒരു പാവനസ്മരണ	1
2.	വേടന്മാർ (പദ്യം)	5
3.	കൂട്ടജീവിതം	7
4	തിരുവോണം	12
5.	സ്നേഹഗീത (പദ്യം)	20
6.	ആരോഗ്യത്തിനുള്ള ആറു മാർഗ്ഗങ്ങൾ	22
7.	മാളവിക	30
8.	പ്രഭാതഗീതം (പദ്യം)	35
9	കൊച്ചിത്തുറമുഖം	37
10.	കൃഷ്ണപ്പരുന്ത്	43
11.	ദശരഥന്റെ പാരവശ്യം (പദ്യം)	50
12.	പ്രകൃതി ഒരു മഹാഗ്രന്ഥം	52
13.	സംഘമിത്ര	57
14.	ചന്തുവും കണ്ടർമേനോനും (പദ്യം)	63
15.	മഹാത്മാ ഗാന്ധി	65
16.	ഹിജ്റ	75
17.	പൂവിളി (പദ്യം)	81
18.	വിശ്വാമിത്രന്റെ കണ്ണില്ലുണ്ണി	83
19.	ഓമന (പദ്യം)	89
20.	സത്യവാനായ ബാലൻ	92
21.	ലിയർ രാജാവ്	104
22.	മഴവില്ല് (പദ്യം)	112

പാഠം.			പേജ്.
23.	തേയില	...	114
24.	തച്ചോളിച്ചന്തു		120
25.	ചെണ്ട (പദ്യം)	...	128
26	വിവേകാനന്ദൻ		130
27.	മലമ്പുഴ അണക്കെട്ട്	...	136
28.	കരിശിൽ (പദ്യം)		141
29.	ചെറുശ്ശേരി	....	143
30.	ഇന്നത്തെ അമ്മ (പദ്യം)	...	147
31.	നല്ല അയൽക്കാരൻ	..	150

പാഠം 1

ഒരു പാവനസ്മരണ

[മഹാത്മജി തെക്കേ ആഫ്രിക്കയിൽ താമസിച്ചിരുന്ന കാലത്തെ ഒരു സംഭവം. ഗാന്ധിജിയുടെ ആത്മകഥയിൽ നിന്നു്.]

ഞാൻ ദർബാനിൽ വക്കീലായിരുന്ന കാലത്തു ആഫീസിലെ ഗുമസ്തന്മാർ പലപ്പോഴും എന്റെകൂടെ പാർത്തിരുന്നു. അവരുടെ കൂട്ടത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. ജന്മദേശത്തെ ആസ്പദ



മാക്കി പറഞ്ഞാൽ, ഗുജറാത്തികളും തമിഴരും എന്റെ രക്തബന്ധത്തിൽപ്പെട്ട ആളുകളായിട്ടല്ലാതെ അവരെപ്പററി ഒരിക്കലെങ്കിലും ഞാൻ കരുതിയതായി

61|657.

ഓർമ്മിക്കുന്നില്ല. എൻെറ കുടുംബാംഗങ്ങളോടെന്ന പോലെ അവരോട്ട് ഞാൻ പെരുമാറി. അങ്ങനെ പെരുമാറുന്നതിൽ എപ്പോഴെങ്കിലും എൻെറ ഭാര്യ തടസ്സമായി നിന്നെങ്കിൽ ഞങ്ങൾ തമ്മിൽ രസക്കേടായിട്ടുണ്ട്. ഗുമസ്തന്മാരിൽ ഒരാൾ പഞ്ചമജാതിയിൽ ജനിച്ച ഒരു ക്രിസ്ത്യാനിയായിരുന്നു.

പാശ്ചാത്യമാതൃകയിൽ ഉള്ളതായിരുന്നു ഞങ്ങളുടെ വീട്ട്. മുറികൾക്കൊന്നിനും, മലിനജലം പോകുന്നതിന്ന് ഓവുകൾ ഇല്ലായിരുന്നു. അതിനാൽ ഓരോ മുറിയിലും പാത്രം വച്ചിരുന്നു. ഇതു് എടുത്തു് വൃത്തിയാക്കിവയ്ക്കുന്നതിന്ന് തൂപ്പുകാരിയേയോ, വേലക്കാരനേയോ ആക്കിയിരുന്നില്ല. ഭാര്യയോ ഞാനോ ഈ ജോലി ചെയ്യുവന്നു. വീട്ടിൽ പൂർണ്ണസ്വാതന്ത്ര്യമുള്ള ഗുമസ്തന്മാർ അവനവൻെറ വിസർജ്ജനപാത്രം ശുചിയാക്കിയിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ ക്രിസ്ത്യാനിഗുമസ്തൻ പുതിയതായി വന്ന ആളായിരുന്നതിനാൽ അയാളുടെ കിടപ്പുമുറി വെടിപ്പാക്കിയിരുന്നതു് ഞങ്ങൾതന്നെ ആയിരുന്നു. മററുള്ളവരുടെ വിസർജ്ജനപാത്രങ്ങൾ വൃത്തിയാക്കുന്ന ജോലി ഭാര്യ നിർവ്വഹിച്ചിരുന്നെങ്കിലും പഞ്ചമനായിരുന്ന ഒരുവൻ ഉപയോഗിച്ച പാത്രം വെടിപ്പാക്കുന്നതു് അതിരുകടന്നതുതന്നെയെന്നു് എൻെറ ഭാര്യയ്ക്കു തോന്നി; ഞങ്ങൾ തമ്മിൽ പിണക്കവും ആയി. ആ പാത്രം ഞാൻ വൃത്തിയാക്കുന്നതു കണ്ടു നില്ക്കാൻ അവർക്കു കഴിഞ്ഞില്ല. തന്നത്താനേ അതുചെയ്യാൻ ഇഷ്ടവുമില്ലായിരുന്നു. എന്നെ കുററം പറഞ്ഞുകൊണ്ട്, കോപത്താൽ ചുവന്ന കടക്കണ്ണുകളോടെ, കവിൾത്തടങ്ങളിൽക്കൂടി മുത്തുമണികൾ ഒഴുക്കിക്കൊണ്ട്, കൈയിൽ പാത്രവുമായി അവർ കോണിപ്പടി ഇറങ്ങി

വരുന്ന കാഴ്ച ഞാൻ ഇന്നെന്നപോലെ ഓർമ്മിക്കുന്നു. എന്നാൽ, ഞാനോ? ഞാൻ 'ക്രൂരമായ ദയ' യുള്ള ഒരു ഭർത്താവായിരുന്നു. അവരെ പഠിപ്പിക്കാൻ അർഹതയുള്ള ആചാര്യനായി സ്വയം കരുതിക്കൊണ്ട്, ഞാൻ അന്ധപ്രേമത്താൽ അവരെ അലട്ടി.

പാത്രം ചുമന്നുകൊണ്ടു പോകുന്നതുകൊണ്ടുമാത്രം എനിക്ക് ഒട്ടും തൃപ്തിവന്നില്ല. അതു സന്തോഷത്തോടെ ചെയ്യണമെന്ന് ഞാൻ ആഗ്രഹിച്ചു. അതിനാൽ ഞാൻ ഒച്ചയെടുത്ത് ഇങ്ങനെ പറഞ്ഞു: "കേട്ടോ, ഈ അസംബന്ധങ്ങൾ ഒന്നും എന്റെ വീട്ടിൽ നടക്കുകയില്ല."

അമ്പുപോലെ ഈ വാക്കുകൾ തുളച്ചുകയറി. അവർ ഇങ്ങോട്ടും വിളിച്ചുപറഞ്ഞു: 'നിങ്ങളുടെ വീട് നിങ്ങൾക്ക്; ഞാൻ പൊയ്ക്കൊള്ളാം!' ഞാൻ തന്നത്താൻ മറന്നു. എന്നിൽ കാരുണ്യത്തിന്റെ ഉറവു നീരും വററി. ഞാൻ കൈയ്യു കടന്നുപിടിച്ച്, ആ സാധുസ്ത്രീയെ കോണിപ്പടിക്കെതിരെയുള്ള ഗേററിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടു ചെന്നിട്ട്, കതകു തുറന്നു പുറത്തേയ്ക്കു തള്ളാൻ ഭാവിച്ചു. അവരുടെ കവിളുകളിൽക്കൂടി കണ്ണുനീർ ധാരധാരയായി ഒഴുകി; എന്നിട്ട് ഇങ്ങനെ കരഞ്ഞു പറഞ്ഞു: "അങ്ങേയ്ക്കു ലജ്ജയില്ലേ? ഇങ്ങനെ തന്നത്താൻ മറക്കാമോ? ഞാൻ എങ്ങോട്ടു പോകും? എന്നെ താമസിപ്പിക്കാൻ എന്റെ അച്ഛനമ്മമാരോ ബന്ധുക്കളോ ഇവിടെ ഉണ്ടോ? ഞാൻ നിങ്ങളുടെ ഭാര്യയായിപ്പോയതുകൊണ്ട് നിങ്ങളുടെ ഇടിയും തൊഴിയും കൊള്ളണമെന്നോ? ഈശ്വരനെ വിചാരിച്ച് മാന്യമായി പെരുമാറൂ. ഗേററ് അടയ്ക്കൂ. നമ്മൾ ഇങ്ങനെ ലഹളകൂട്ടുന്നതു് വഴിയേപോകുന്നവർ കാണാതിരിക്കട്ടെ."

61 657

ഞാൻ ധൈര്യം നടിച്ചു; എങ്കിലും വാസ്തവത്തിൽ എനിക്കു ലജ്ജ തോന്നി. ഞാൻ കതകടച്ചു. എന്റെ ഭാര്യക്കു് എന്നെ വിട്ടുപിരിയാൻ കഴികയില്ലെങ്കിൽ എനിക്കു് അവരെ പിരിയാനും സാധിക്കയില്ല. ഞങ്ങൾ തമ്മിൽ അനേകം കലഹങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അവയെല്ലാം രഞ്ജിപ്പിലാണു് കലാശിക്കാറുള്ളതു്. നിസ്തുലമായ സഹനശക്തികൊണ്ടു് ഭാര്യയാണു് എപ്പോഴും വിജയിക്കുക.

ഈ സംഭവം നിർവികാരനായി വിവരിക്കാൻ എനിക്കു് ഇന്നു കഴിയും. ഞാൻ ഭാഗ്യത്താൽ കടന്നുപോന്ന ഒരു കാലഘട്ടത്തിൽപ്പെട്ടതാണതു്. ഇന്നു ഞാൻ കാമാന്ധനായ ഒരു പതിയല്ല; പത്നിയുടെ ആചാര്യനുമല്ല. കസ്തൂർബായ്ക്കു വേണമെങ്കിൽ, മുമ്പു ഞാൻ അങ്ങോട്ടു കാണിച്ചതുപോലെയുള്ള രസക്കേടോട്ടുകൂടിയിരിക്കാം. ഞങ്ങൾ പരസ്പരം പരീക്ഷിച്ചറിഞ്ഞ സ്നേഹിതരാണു്. ഒരാളെ മറേറയാളുടെ ഇച്ഛയ്ക്കു വിഷയമായി കരുതുന്നില്ല. എനിക്കു രോഗമായിക്കിടന്നപ്പോഴെല്ലാം നിസ്സ്വാർത്ഥമായി ഒരു പരിചാരികയെപ്പോലെ അവർ എന്നെ ശുശ്രൂഷിച്ചിട്ടുണ്ടു്.

അഭ്യാസം.

1. ദ്രവ്യനാമം എന്നാൽ എന്തു്? പാഠത്തിലെ ആദ്യ ഖണ്ഡികയിൽനിന്നു് നാലു ദ്രവ്യനാമങ്ങളും ഉദ്ധരിക്കുക.
2. "ഗൃഹസ്ഥന്മാരിൽ ഒരാൾ പഞ്ചമജാതിയിൽ ജനിച്ച ഒരു ക്രിസ്ത്യാനിയായിരുന്നു." — ഈ വാക്യത്തിലെ ആഖ്യയും ആഖ്യാതവും തിരിച്ചെഴുതുക.

3. മഹാത്മജിയും ഭാര്യയും തമ്മിൽ കലഹിച്ചതിനു കാരണമെന്തു്?
4. മഹാത്മജിയും ഭാര്യയും തമ്മിലുണ്ടായ കലഹം അവസാനിച്ചതെങ്ങനെ?
5. ഉത്തമരായ ഭാര്യാഭർത്താക്കന്മാർ എങ്ങനെ പെരുമാറണമെന്നാണു് മഹാത്മജിയുടെ അഭിപ്രായം?

പാഠം 2

വേടന്മാർ

ചട്ടററ വിക്രമംകൊണ്ടു പുകഴ്ത്തുന്ന
കാട്ടാളരാജനും കൂട്ടരുമൊക്കവേ
വേട്ടയ്ക്കു കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽപ്പരന്നതും കണ്ടു വൃകോദരൻ.
ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂ കണക്കെ നേത്രങ്ങളു-
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവതംപോലേ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ
കുഞ്ജരന്മാരുടെ കുംഭതടങ്ങളെ
ഭഞ്ജനം ചെയ്തങ്ങതിൽപ്പെട്ട മുത്തുക-
ളഞ്ജസാ കുത്തിത്തുളച്ചുകോർത്തങ്ങനെ
സഞ്ജാതമായുള്ള മാലാകലാപവും
മഞ്ഞക്കുറികളും മായൂരപിഞ്ഛഭാരവും

മഞ്ചാടിമാലയും മാറിൽപ്പലതരം
ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വീര്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം ।

കല്യാണസൌഗന്ധികം] [കുഞ്ചൻനമ്പ്യാർ.

അഭ്യാസം.

1. ചട്ടററ = ദോഷമില്ലാത്ത. വിക്രമം = പരാക്രമം. വൃകോദരൻ = ഭീമസേനൻ. കേശം = തലമുടി. നേത്രങ്ങൾ = കണ്ണുകൾ. ഗുഞ്ജാഫലം = കുന്നിക്കുരു. കുഞ്ജരന്മാർ = ആനകൾ. കുംഭതടം = മസ്തകം. ഭഞ്ജനം = പൊട്ടിക്കൽ. അഞ്ജസാ = വേഗത്തിൽ. സഞ്ജാതം = ഉണ്ടായ. മാലാകലാപം = മാലാസമൂഹം. മായൂരപിഞ്ഛം = മയിൽപ്പീലി. അത്യന്തഘോഷം = വലിയഘോഷം.
2. ആദ്യത്തെ നാലു വരിയിലെ നാമങ്ങളും നാമവിശേഷണങ്ങളും എടുത്തെഴുതുക.
3. ലിംഗവചനങ്ങൾ കുറിക്കുക:—
   കുഞ്ജരന്മാർ, കണ്ഠനാദങ്ങൾ, അഞ്ജനപർവ്വതം, കാട്ടാളരാജൻ.
4. ആദ്യത്തെ നാലുവരിയുടെ അർത്ഥമെഴുതുക.
5. വേടന്മാരുടെ വേഷം സ്വവാക്യങ്ങളിൽ വിവരിക്കുക

പാഠം 3

കൂട്ടജീവിതം

തേനീച്ചയുടെ ജീവിതരീതിയെപ്പററി നിങ്ങൾ എപ്പോഴെങ്കിലും മനസ്സിരുത്തി ആലോചിച്ചിട്ടുണ്ടോ? അവ അവിടവിടെ കൂട്ടംകൂടിയിരിക്കുന്നതു് എല്ലാവരും കണ്ടിരിക്കും; ഉപദ്രവിക്കാൻ ചെല്ലുന്നവരെ കൂട്ടത്തോടെ ചെന്നു കുത്തിയോടിക്കുന്നതും കണ്ടിരിക്കും. പക്ഷേ ജീവിതത്തെ ഇത്ര പൂർണ്ണമായി ചിട്ടപ്പെടുത്തിയിട്ടുള്ള ജീവികൾ ലോകത്തിൽ വേറെ അധികമില്ലെന്നുള്ളതു് എത്രപേർ മനസ്സിലാക്കിയിട്ടുണ്ട്?

തേനീച്ചയുടെ കഥ, കൂട്ടജീവിതത്തെക്കുറിച്ചുള്ള ഏതൊരാലോചനയിലും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്.

എന്തിനാണ് തേനീച്ച ഇങ്ങനെ പററംചേർന്നു ജീവിക്കുന്നതു് ? ഒന്നാമതായി, കൂടുകെട്ടുന്നതിനുള്ള സൗകര്യത്തിനു വേണ്ടിത്തന്നെ. ഇത്ര സൗകര്യവും ഇത്ര രക്ഷയുമുള്ള കൂട്ട് ഒററയ്ക്കു കെട്ടാൻ ഒരു തേനീച്ചയെക്കൊണ്ടും സാധിക്കയില്ല.

രണ്ടാമതായി, ഇങ്ങനെ പററംചേർന്ന് കഴിയുന്നതുകൊണ്ട്, ശത്രുക്കളെ കൂടുതൽ ശക്തിയായി എതിർക്കുവാൻ അതിനു സാധിക്കുന്നു. ഒരു തേനീച്ച ഒററയ്ക്കു് എവിടെയെങ്കിലും കൂടുകെട്ടി തേൻ ശേഖരിച്ച് ഇരിക്കുന്നുവെന്നു വിചാരിക്കുക. ഏതെങ്കിലും ഒരു വേട്ടാളൻ വിചാരിച്ചാൽ മതി, വീട്ടുടമസ്ഥനെ കഴുത്തിനുപിടിച്ചു വെളിയിൽ തള്ളിയതിനുശേഷം, തേൻകുടിച്ച് വീടും തല്ലിപ്പൊളിച്ച്, വന്ന വഴിക്കു

പോവാൻ. ഇപ്പോഴാകട്ടെ, ശത്രുവിനെതിരായി ഒരു പട്ടാളംതന്നെയാണ് ഹുങ്കാരത്തോടുകൂടി അണിനിരക്കുന്നത്. സ്വന്തം ശത്രുക്കളെ മാത്രമല്ല, രാജ്യത്തിൻെറ ശത്രുക്കളെപ്പോലും കുത്തിയോടിക്കുവാൻ തേനീച്ചയുടെ ഒത്തൊരുമയ്ക്കു കഴിഞ്ഞിട്ടുണ്ട്. പണ്ടു മുകിലപ്പട തിരുവിതാംകൂറിനെ ആക്രമിച്ചപ്പോൾ, തേനീച്ചകളാണത്രേ വാസ്തവത്തിൽ അവരെ തോല്പിച്ചോടിച്ചത്. ഇതാണ് കൂട്ടുചേൎന്നു ജീവിച്ചാലത്തെ ഫലം.

കൂട്ടജീവിതത്തിൻെറ ഈ ഗുണം മനസ്സിലാക്കിയ തേനീച്ച അതിൻെറ ജീവിതരീതിതന്നെ കൂട്ടജീവിതത്തിനു പററിയ തരത്തിൽ രൂപവൽക്കരിച്ചിട്ടുണ്ട്.

ഇന്നു നാം അറിയുന്ന തരത്തിലുള്ള തേനീച്ചയുടെ ജീവിതം, കൂട്ടജീവിതത്തിൻെറ ഏററവും പരിപൂൎണ്ണമായ ഒരു മാതൃകയാണ്. ജീവിതത്തെ അവർ അനേകം വകുപ്പുകളായി തിരിച്ചിരിക്കുന്നു. മുട്ടയിടാൻ ഒരു കൂട്ടർ; മുട്ടയിടുന്നവരെ ശുശ്രൂഷിക്കാൻ മറെറാരു സംഘം; വീടു പണിയാൻ വേറൊരു കൂട്ടർ; വീടു നന്നാക്കാൻ ഇനിയൊരു സംഘം; വീടു കാവലിനു പിന്നൊരു കൂട്ടർ; തേനുള്ള സ്ഥലം അന്വേഷിച്ചു കണ്ടുപിടിക്കാൻ ഒരു കൂട്ടർ; തേൻ ശേഖരിക്കാൻ ഒരു കൂട്ടർ. ഓരോ വകുപ്പിലുമുള്ളവരും ജീവൻ കളഞ്ഞും തങ്ങളുടെ ജോലി നടത്തുന്നു. ഇതിൻെറ ഫലമെന്തെന്നോ? എല്ലാ ജോലികളും എല്ലാവരുടെ കാൎയ്യങ്ങളും ഏററവും ഭംഗിയായി നടക്കുന്നു.

തേനീച്ചയെപ്പോലെ കൂട്ടജീവിതത്തിൻെറ സൗകര്യം മനസ്സിലാക്കിയ ജീവികൾ ഒന്നും രണ്ടുമല്ല. കട്ടുറുമ്പു മുതൽ കാട്ടാനവരെ അനേകമനേകം ജീവികൾ കൂട്ടജീവിതം നയിക്കുന്നുണ്ട്. ഇങ്ങനെ ജീവി–

ച്ചിരുന്നില്ലെങ്കിൽ, എത്രയോ ജീവികൾ ഇതിനുമുൻപു തന്നെ ഭൂമുഖത്തുനിന്നും മാഞ്ഞുപോയേനേ! എന്നു തന്നെയല്ല, എത്രയെത്ര ജീവികൾ, കൂട്ടജീവിതം നയിക്കാത്തതുകൊണ്ട്, ഇതിനകം ഭൂമിയിൽനിന്നും മാഞ്ഞു കഴിഞ്ഞിരിക്കുന്നു !

ഇനി മനുഷ്യന്റെ കാര്യം നോക്കാം. പണ്ടുപണ്ട്, വെറും കാട്ടാളനായി പച്ചയിറച്ചിയും തിന്നുനടന്ന കാലത്ത്, മനുഷ്യൻ ഒരു പക്ഷേ ഒററയൊററയായി ജീവിച്ചുകാണുമായിരിക്കാം; എന്നാലും വെറും ഒററയാനായിരുന്നിരിക്കയില്ല, അന്നും അവൻ. കാരണം, എത്ര ഒററയാനായാലും, ഒരു കൂട്ടുകാരിയില്ലാതെ കഴിയുകയില്ലല്ലോ. അവൾ പ്രസവിക്കുന്നു. പ്രസവിച്ചാൽ പിന്നെ കുട്ടിയെ വളർത്തണം. മനുഷ്യക്കുട്ടിക്കു വളരാനാണ് ഏററവും കൂടുതൽ സമയം വേണ്ടതു്. ഒരു പത്തു വയസ്സെങ്കിലും ആകാതെ, മനുഷ്യക്കുട്ടിക്കു തന്നത്താൻ ആഹാരം തേടി സ്വന്തം വയറു നിറയ്ക്കാൻ കഴിയുകയില്ല. അപ്പോൾ കുറഞ്ഞതു പത്തു കൊല്ലത്തേയ്ക്കെങ്കിലും, അതിനു അച്ഛനമ്മമാരുടെ സഹായം വേണ്ടിവരും. അത്രയുംകാലം അച്ഛനമ്മമാർ കുട്ടിയെ വളർത്താനായിട്ടെങ്കിലും കൂട്ടുകാരായി കഴിയേണ്ടി വരുന്നു. അതുകൊണ്ട് ആദ്യത്തെ ആ കാട്ടാളജീവിതത്തിൽപ്പോലും ഒന്നിച്ചുജീവിക്കുന്നതിന്റെ മെച്ചം മനുഷ്യൻ അറിഞ്ഞിരുന്നിരിക്കണം.

കാലം കഴിഞ്ഞതോടുകൂടി, പററം ചേർന്ന് ഇര തേടുന്നതു കുറെക്കൂടി സൗകര്യമാണെന്നു മനുഷ്യൻ കണ്ടിരിക്കണം. ഒരു കാട്ടുപോത്തിനേയോ ഒരു കാണ്ടാമൃഗത്തിനേയോ കണ്ടുമുട്ടിയെന്നു വിചാരിക്കുക. അവയെ കൊല്ലാൻ ഒററയ്ക്കു് അസാദ്ധ്യം തന്നെ.

തോക്കും തോട്ടയും ഒന്നുമില്ലല്ലോ അന്നു്. കൂൎത്ത കല്ലുകൾ കൊണ്ടു വേണം, അല്ലെങ്കിൽ കുന്തങ്ങൾകൊണ്ടു വേണം കൊല്ലാൻ. അതിന്നു പലരും ഒന്നിച്ചുകൂടണം. ഇങ്ങനെയായിരിക്കണം കൂട്ടുചേൎന്നു് ഇര തേടാൻ മനുഷ്യൻ പഠിച്ചതു്.

ഇത്തരത്തിലുള്ള ജീവിതരീതികൊണ്ടു വേറെയും പ്രയോജനങ്ങളുണ്ടു്. കാട്ടാനക്കൂട്ടം ഇളകിവരുന്നുവെന്നു വിചാരിക്കുക. അവയെ വിരട്ടി ഓടിക്കണമെങ്കിലും കൂട്ടുകാർ വേണം. ഇതുപോലെ ശത്രുക്കളെ എതിൎക്കാനും കൂട്ടുജീവിതം അത്യാവശ്യമാണെന്നു് അവൎക്കു് അനുഭവംകൊണ്ടു മനസ്സിലായി.

കാലം പിന്നെയും കഴിഞ്ഞു. ആളുകളുടെ സംഖ്യയും പെരുകിപ്പെരുകി വന്നു. അതിന്റെ ഫലമായി, കാട്ടുജന്തുക്കളുടെ ഇറച്ചിയും കാട്ടുപഴങ്ങളും ആഹാരത്തിന്നു തികയുകയില്ലെന്നു വന്നു. ഭക്ഷിക്കാനുള്ള വക ഏതെങ്കിലും തരത്തിൽ സമ്പാദിച്ചേ പററൂ. ഇതെങ്ങനെ സാധിക്കും? മനുഷ്യൻ ആലോചിച്ചു തുടങ്ങി. ഈ ആലോചനയുടെ ഫലമായിട്ടാണു് കൃഷി കണ്ടുപിടിക്കപ്പെട്ടതു്. നദീതീരങ്ങളിലും വെള്ളപ്പററുള്ള മററു സ്ഥലങ്ങളിലും ആളുകൾ കൃഷി ചെയ്യാൻ തുടങ്ങി. ഇതിന്നിടയ്ക്കു് അവർ കന്നുകാലികളേയും ഇണക്കി വളൎത്താൻ തുടങ്ങിയിരുന്നിരിക്കണം. ഇങ്ങനെ, കൂൎത്ത കല്ലുകളുമായി കാടുകളിൽ അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന കാട്ടാളൻ, വളൎന്നു് വളൎന്നു്, ഭാൎയ്യയും മക്കളും കൂട്ടുകാരും ബന്ധുക്കളും കന്നുകാലികളും കൃഷിസ്ഥലങ്ങളും മററുമുള്ള പരിഷ്കാരിയായിത്തീൎന്നു. അവന്റെ ജീവിതത്തിൽ ഒരു ചിട്ടയും സ്ഥിരതയും ഒക്കെ ഉണ്ടായി. ചുരുക്കിപ്പറഞ്ഞാൽ, അവൻ ഒരു സമുദായജീവിയായി.

മാത്രമല്ല, തേനീച്ചയെപ്പോലെ ജീവിതത്തെ പല തുറകളായി വിഭജിക്കാനും മനുഷ്യൻ പഠിച്ചു.

ആദ്യത്തെ കാട്ടാളനു് ഒരു ജോലി മാത്രമേ ഉണ്ടായിരുന്നുള്ളു. കാണുന്ന ജന്തുക്കളെ കൊന്നുതിന്നുക, അതിൽ ഒരു ഭാഗം കൂട്ടുകാരിക്കോ കുട്ടിക്കോ കൂടി കൊടുക്കുക എന്ന ജോലിമാത്രം. സമുദായജീവിയായതോടുകൂടി അവനും ഓരോ ജോലി ഓരോ കൂട്ടരെ ഏല്പിച്ചു. കാലക്രമത്തിൽ ഈവക ജോലികളിൽ പലതും ഓരോരുത്തരുടെയും പാരമ്പര്യമായിത്തീൎന്നു. ഇങ്ങനെയാണു് കൃഷിക്കാരും ഇടയന്മാരും കച്ചവടക്കാരും ആശാരിമാരും കൊല്ലന്മാരും രാജാക്കന്മാരും മററുമുണ്ടായതു്. ഇതോടുകൂടി ഈ വിവിധവകുപ്പുകാർ തമ്മിൽ, അറിഞ്ഞുകൊണ്ടായാലും അല്ലെങ്കിലും, ഓരോ തരത്തിലുള്ള ബന്ധങ്ങളും ഉണ്ടായിത്തുടങ്ങി. ഈവക ബന്ധങ്ങളെയാണു് 'സാമൂഹ്യബന്ധങ്ങൾ' എന്നു പറയുന്നതു്.

അഭ്യാസം.

1. സംജ്ഞാനാമം, സാമാന്യനാമം, മേയനാമം—ഇവയ്ക്കു് ഈരണ്ടു് ഉദാഹരണങ്ങൾ എഴുതുക.
2. "അവ അവിടവിടെ കൂട്ടംകൂടിയിരിക്കുന്നതു് എല്ലാവരും കണ്ടിരിക്കും"—ഈ വാക്യത്തിലെ കൎത്താവു്, കൎമ്മം, ക്രിയ ഇവ ഏതെന്നു കാണിക്കുക.
3. ഗുണനാമം, മേയനാമം ഇവയുടെ സ്വരൂപം വിവരിച്ചു് ഓരോന്നിനും ഈരണ്ടു് ഉദാഹരണങ്ങൾ എഴുതുക.
4. തേനീച്ചയുടെ കൂട്ടജീവിതം വിവരിക്കുക.
5. മനുഷ്യൻ കൂട്ടജീവിതം തുടങ്ങിയതെങ്ങനെ ?
6. മനുഷ്യസമുദായത്തിൽ 'സാമൂഹ്യബന്ധങ്ങൾ' ഉണ്ടാകാൻ കാരണമെന്തു് ?

പാഠം 4

തിരുവോണം

ചിങ്ങമാസം പിറന്നു! തിരുവിതാംകൂറിലും കൊച്ചിയിലും പുതുവത്സരം ആരംഭിക്കുകയായി. മലയാളികളുടെയെല്ലാം ഹൃദയങ്ങളിൽ ആഹ്ലാദത്തിന്റെ പുളകം വാരിവിതറിക്കൊണ്ടാണ് വർഷം തോറും ഈ ആവണിപ്പിറപ്പ്!

ശരൽക്കാലാഗമം സൂചിപ്പിച്ചുകൊണ്ട് ആകാശത്തിൽ മനോഹരങ്ങളായ വെള്ളിമേഘങ്ങൾ അണിനിരക്കുന്നു. കൊയ്ത്തുകഴിഞ്ഞു് വയലുകളിലെല്ലാം കന്നുകാലികൾ മേഞ്ഞുനടക്കുന്നു. പുത്തരിച്ചോറും ഓണനിലാവും പൂത്തുനില്ക്കുന്ന പ്രകൃതിയും! കുട്ടികളെല്ലാം ആഹ്ലാദിച്ചുല്ലസിച്ചു !—"പൊന്നോണം വന്നുപോയി!"

പല നിറത്തിലും പല തരത്തിലുമുള്ള പൂക്കൾ എവിടെ നോക്കിയാലും കാണാം. അത്തംതൊട്ട് പത്തുദിവസം മുററത്തു കളം മെഴുകി പൂവിടുക എന്നതാണ് ഓണച്ചടങ്ങുകളിൽ പ്രഥമവും പ്രധാനവും. പൂവട്ടികളും കഴുത്തിൽ തൂക്കി പൂതേടി ഇറങ്ങുന്ന പല പ്രായത്തിലുമുള്ള ബാലികാബാലന്മാരുടെ ജാഥ കണ്ണിനാനന്ദം പ്രദാനംചെയ്യുന്ന ഒരു കാഴ്ചയാണ്. നിറഞ്ഞ പൂക്കൂടകളുമായി അവർ വീടുകളിൽ തിരിച്ചെത്തും. പൂവിടുക എന്ന കൃത്യം സ്ത്രീകളാണ് പ്രായേണ നിർവഹിക്കാറുള്ളതു്. തികഞ്ഞ കലാഭംഗിയോടുകൂടിയ പലതരത്തിലുള്ള പുഷ്പചിത്രങ്ങൾ ഓണക്കാലത്തു് വീടുകൾതോറും നടന്നുനോക്കിയാൽ

കാണാം. തൃക്കാക്കരയപ്പനു് എഴുന്നള്ളിയിരിക്കാനുള്ള പുഷ്പാസനം രചിക്കുക എന്നതാണു് ഇതിന്റെ സങ്കല്പം. ദേവനെ മുററത്തു പ്രതിഷ്ഠിച്ചുകഴിഞ്ഞാൽ പ്പിന്നെ പൂവിടുന്ന ചടങ്ങു് നിത്തിവയ്ക്കുകയാണു് പതിവു്.



മൂലത്തുന്നാളാണു് തൃക്കാക്കരയപ്പനെ വയ്ക്കുക. ബ്രാഹ്മണരും അമ്പലവാസികളും അത്തംദിവസം തന്നെ ഈ ചടങ്ങു് നടത്തുമത്രേ. മററു ഹിന്ദുക്ക ളുടെയിടയിൽ "മൂലത്തുന്നാൾ മുടിയണിഞ്ഞു് മുട്ടിയി ന്മേൽ കയററണം" എന്നാണു് പ്രമാണം. ഒരു പലകയിട്ടു് അതിനുമീതെ നാക്കില കിഴക്കോട്ടു നാക്കാക്കിവച്ചു് തൃക്കാക്കരയപ്പനെ വയ്ക്കുകയും

അതിൻെറ തലയിൽ അരിമാവു കലക്കി 'അണിയുക' യും അണിഞ്ഞശേഷം മുടിയിലായി തെച്ചിക്കലയും തുളസിപ്പൂവും കുത്തനെ തറയ്ക്കുകയും ചെയ്യുന്നു. ഓണപ്പൂവ്, തുമ്പപ്പൂവ് മുതലായതു മുടിയിൽ വിതറുകയും പതിവാണു്. മൂലത്തുന്നാൾ അടുത്തടുത്തു് രണ്ടു പലകപ്പുറത്തായി മൂന്നും രണ്ടും തൃക്കാക്കരയപ്പനെയാണു് വയ്ക്കുന്നതു്. പൂരാടത്തുന്നാൾ രണ്ടു സ്ഥലത്തായി ഏഴും, ഉത്രാടത്തുന്നാൾ ഒമ്പതും, തിരുവോണത്തുന്നാൾ മഹാബലിയടക്കം ഇരുപത്തൊന്നും വേണമെന്നുണ്ടു്. തിരുവോണത്തുന്നാൾ പുലരാൻകാലത്താണു് മഹാബലിയെ ഒരു പീഠത്തിന്മേൽ പ്രതിഷ്ഠിക്കുന്നതു്. മെഴുകി വൃത്തിയാക്കിയ മുററത്തു് അരിമാവുകൊണ്ടു് ചതുർദ്ദളമായോ അഷ്ടദളമായോ അണിഞ്ഞതിനു ശേഷമാണു് പീഠങ്ങൾ നിരത്തുന്നതു്.

തൃക്കാക്കരയപ്പനെ വച്ചുകഴിഞ്ഞാൽ ദിവസം മൂന്നുനേരവും—രാവിലേയും ഉച്ചയ്ക്കും രാത്രിയും—പൂജിക്കണമെന്നുണ്ടു്. വീട്ടിലെ പ്രായംചെന്ന പുരുഷന്മാരാരെങ്കിലും ആയിരിക്കും പൂജ നടത്തുക. സാധാരണ ദിവസങ്ങളിൽ പഴവും ശക്കരയും നിവേദിക്കും. തിരുവോണത്തുന്നാൾ വിശേഷവിധിയായി 'പൂവട'യും പാൽപ്പായസവും നിവേദ്യത്തിനൊരുക്കാറുണ്ടു്. തൃക്കാക്കര അപ്പനെ വയ്ക്കുമ്പോഴും പൂജ നടത്തുമ്പോഴും എല്ലാം "പൂവേപോൽ, പൂവേപോൽ, പൂവേ!" എന്നു ഉച്ചത്തിൽ വിളിക്കുകയും എല്ലാവരും ചേർന്നു് ആർക്കുകയും ചെയ്യുന്നുണ്ടു്. ഇതിനു് "പൂവിളിക്കുക" എന്നു പറയുന്നു. സന്തോഷാധിക്യംകൊണ്ടുള്ള മംഗളാശംസാത്ഥകമായ ആർപ്പുവിളി എന്നേ ഇതിനു് അത്ഥം കല്പിക്കേണ്ടതുള്ളു. ഓണം കഴിഞ്ഞാലും തൃക്കാക്കരയപ്പനെ പെട്ടെന്നു് എടുത്തു

മാററുകയില്ല. പൂരുരുട്ടാതി കഴിഞ്ഞു് നല്ലദിവസം നോക്കി വേണം ഈ കൃത്യം നിർവഹിക്കുവാൻ. ഓണംകഴിഞ്ഞാൽപ്പിന്നെ പൂജയും നിവേദ്യവും പ്രധാനമല്ല. എങ്കിലും ദിവസത്തിലൊരുനേരം പഴമോ മററോ നിവേദിക്കാതിരിക്കരുതെന്നാണു് നിശ്ചയം.

ഓണം വരുന്നതിൻെറ ഒരു ലക്ഷണം വില്ലുകൊട്ടലാണു്. തൃക്കാക്കരയപ്പനെ വയ്ക്കുന്നസമയത്തു് വില്ലു കൊട്ടണമെന്നുണ്ടു്. തൃക്കാക്കര ക്ഷേത്രത്തിൽ ഉത്സവകാലത്തു് ഉപയോഗിക്കുന്ന വാദ്യങ്ങളുടെ കൂട്ടത്തിൽ. വില്ലുകൊട്ടൽ പ്രധാനപ്പെട്ട ഒന്നായിരുന്നുവത്രേ. തൃക്കാക്കരയപ്പനു് ഇഷ്ടമുള്ള ഒരു വാദ്യവിശേഷം എന്നനിലയ്ക്കാകണം വില്ലുകൊട്ടൽ ഓണച്ചടങ്ങുകളിലൊന്നായി സ്വീകരിച്ചതു്.

"കാണം വിററും ഓണമുണ്ണണം" എന്നാണു ചൊല്ലു്. ഓണനാളിൽ എത്ര പാവപ്പെട്ടവൻെറ കുടിലിലും ഒരു ചെറിയ സദ്യയെങ്കിലും വട്ടംകൂട്ടിയിരിക്കും. ഓണസ്സദ്യ ഒഴിച്ചുകൂടാത്ത ഒരത്യാവശ്യമായി ഓരോ മലയാളിയും വിശ്വസിക്കുന്നു. വിഭവസമൃദ്ധമായ ഒരു സദ്യയൊരുക്കുക എന്നല്ലാതെ അതിനെപ്പററി പ്രത്യേകമായി ഒന്നും പറയാനില്ല.

"ഓണപ്പുടവ കൊടുക്കുക" എന്നൊരു കാര്യമുള്ളതു് വലിയവർ മറന്നാലും കുട്ടികൾ മറക്കുകയില്ല. തറവാട്ടിലെ തലമൂത്ത കാരണവർ വീട്ടിലെല്ലാവർക്കും ഓണപ്പുടവ സമ്മാനിക്കുന്നു. കൊച്ചുകുട്ടിമുതൽ എല്ലാവരും ഓണക്കോടിയുമുടുത്തു് ആഹ്ലാദിച്ചു നടക്കും.

ഓണക്കോടിയുമുടുത്തു്, ഓണസ്സദ്യയുമുണ്ടു്, വീട്ടിൽ അടങ്ങിപ്പാർക്കുകയല്ല മലയാളികൾ ചെയ്തു വരാറുള്ളതു്. പലതരം കായികവിനോദങ്ങളിൽ പ്രായത്തിനും അഭിരുചിക്കുമനുസരിച്ച് അവർ ഏർപ്പെടുന്നു. സ്ത്രീകൾക്കു കൈകൊട്ടിക്കളിയാണു് പ്രധാനം. ഉച്ചഭക്ഷണം കഴിഞ്ഞാൽ ഏതെങ്കിലും വലിയ വീട്ടിൽ എല്ലാവരും ഒത്തുചേരുന്നു. പിന്നെ പാട്ടും കളിയും തകർക്കുകയായി.

ആൺകുട്ടികൾക്കു് പന്തുകളിയും ആട്ടക്കളവു മാണു് പ്രധാനം. കുറച്ചു മുതിർന്ന കുട്ടികൾ 'കയ്യാങ്കളി'ക്കും ഇറങ്ങാറില്ലെന്നില്ല. 'ഓണത്തല്ല്' പ്രസിദ്ധ മാണല്ലോ. വൃദ്ധന്മാരും ആരോഗ്യം കുറഞ്ഞവരും പകിട, കമ്പിത്തായം, ചതുരംഗം എന്നീ കളികളിൽ ഏർപ്പെടുന്നു.

മലനാട്ടിൽ കുടിൽതൊട്ടു കൊട്ടാരംവരെ ആഘോഷിച്ചുവരുന്ന ഈ ദേശീയമഹോത്സവത്തിന്റെ ആഗമം എന്താണു്? വാമനാവതാരവുമായിട്ടാണു് തിരുവോണത്തിനു് ബന്ധം പറഞ്ഞുവരുന്നതു്. മഹാബലിയെന്ന അസുരചക്രവർത്തിയുടെ കഥ എല്ലാവരും കേട്ടിരിക്കും. അദ്ദേഹം മൂന്നുലോകവും പിടിച്ചടക്കി. പ്രജാക്ഷേമതല്പരനായ ആ മഹാശക്തന്റെ ഭരണകാലത്തു് ലോകത്തിലെങ്ങും സുഖവും സമൃദ്ധിയും കളിയാടിയിരുന്നു. പക്ഷേ ദേവന്മാരെ അദ്ദേഹം വകവച്ചിരുന്നില്ല. അതിനാൽ അവരുടെ നേതാവായ മഹാവിഷ്ണു വാമനനായി അവതരിച്ചു് ദാനശീലനായ മഹാബലിയോടു മൂന്നടി ഭൂമി യാചിച്ചു. അതു് അളന്നെടുത്തുകൊൾവാൻ ദൈത്യാധിരാജൻ അനുവദിക്കുകയും ചെയ്തു. വാമനൻ വളർന്നു് മൂന്നടിയായി

മൂന്നു ലോകവും അളന്നെടുക്കുകയും മഹാബലിയെ പാതാളത്തിലേയ്ക്കു് ചവിട്ടിത്താഴ്ത്തുകയും ചെയ്തു. പ്രജകളെ സ്നേഹിക്കുകയും പ്രജകളാൽ സ്നേഹിക്കപ്പെടുകയും ചെയ്തിരുന്ന ആ അസുരചക്രവർത്തിക്കു് ഒരു വരം മഹാവിഷ്ണു ദാനം ചെയ്തു. കൊല്ലത്തിലൊരിക്കൽ തൻെറ പ്രജകളെ വന്നുകണ്ടുപോകാൻ സമ്മതിക്കുക എന്നതായിരുന്നു അതു്. ആ ദിവസത്തെയാണത്രേ ഇന്നും കേരളീയർ തിരുവോണമായി കൊണ്ടാടിവരുന്നതു്. മലയാളികളാകമാനം വിശ്വസിച്ചുവരുന്ന ഈ ഐതിഹ്യം ഓണപ്പാട്ടിലും കാണുന്നുണ്ടു്. ഭാഗവതത്തിലും ഈ കഥയുണ്ടു്. മൂന്നു ലോകവും അടക്കിവാണിരുന്ന മഹാബലി രാജ്യം കാണാൻവരുന്ന ദിവസം കേരളത്തിൽമാത്രം ആഘോഷിച്ചുവരുന്നതെന്താണു്? സ്വാഭാവികമായും നമ്മൾ ഇങ്ങനെയൊരു ചോദ്യം ചോദിച്ചുപോകുന്നു. മേൽ പ്രസ്താവിച്ച ഐതിഹ്യം പലർക്കും അവിശ്വാസ്യമായിതോന്നുന്നതും അതുകൊണ്ടാണു്. ശ്രാവണ മഹോത്സവം വടക്കേ ഇൻഡ്യയിലും ചിലേടങ്ങളിൽ കൊണ്ടാടുന്നുണ്ടു്. പക്ഷേ മലയാളത്തിലെ ഓണ മഹോത്സവത്തിനും മററുഭാഗങ്ങളിലെ ശ്രാവണ മഹോത്സവത്തിനും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. അതിനാൽ മലയാളത്തിൽമാത്രം ഇന്നു നടപ്പുള്ള ഒരു നാട്ടുവിശേഷമാണു് തിരുവോണം എന്നു കരുതേണ്ടിയിരിക്കുന്നു. ആദ്യകാലങ്ങളിൽ കേരളത്തിൽ മാത്രമല്ല, ദ്രാവിഡദേശങ്ങളിലാകമാനം ആഘോഷിച്ചിരുന്നവത്രേ ഈ പുണ്യദിനം.

വിഷ്ണുവിനേയോ വാമനനേയോ അല്ല, നമ്മൾ പ്രതിഷ്ഠിച്ചു പൂജിക്കുന്നതു്. മഹാബലിയുടേയും അസുരന്മാരുടെ ഇഷ്ടദേവനായ മഹാദേവൻെറയും

വിഗ്രഹങ്ങളാണല്ലോ മണ്ണുകൊണ്ടുണ്ടാക്കിവച്ച് നാം ആരാധിക്കുന്നതു്. മഹാദേവനായി പൂജിക്കപ്പെടുന്ന തൃക്കാക്കരയപ്പൻ തൃക്കാക്കര ക്ഷേത്രത്തിലെ പ്രധാന മൂത്തിയാണു്. ഈ മഹാദേവനാണു് തിരുവോണ ദിവസം മഹാബലിയുടെ ഇടത്തുഭാഗത്തു് പ്രത്യേക പീഠത്തിന്മേൽ സപരിവാരം പ്രത്യക്ഷപ്പെടുന്നതു്. തൃക്കാക്കര ക്ഷേത്രത്തിൽ 28 ദിവസം നീണ്ടുനില്ക്കുന്ന ഉത്സവത്തിന്റെ ആറാട്ട് തിരുവോണദിവസമാണു് മുൻകാലത്തു് കൊണ്ടാടിവന്നിരുന്നതു്. ചേരമാൻ പെരുമാൾ രാജ്യം ഭാഗിച്ചുകൊടുത്ത കൂട്ടത്തിൽ യഥാക്രമം ഭാഗംകിട്ടിയ ഏറനാട്ട പെരുമ്പടപ്പു സ്വരൂപക്കാർ (സാമൂതിരിയും കൊച്ചിരാജാവും) തിരുവോണത്തിനു തൃക്കാക്കരയെഴുന്നള്ളുവാൻ പുറപ്പെടുന്നതിന്റെ ചടങ്ങായിട്ടാണു് ഇന്നും "അത്തച്ചമയം" നടത്തിവരുന്നതു്. സർവ്വാഭരണഭൂഷിതന്മാരും സപരിവാരന്മാരുമായി പല്ലക്കിൽ കയറി പട്ടണപ്രദക്ഷിണം നടത്തുകയോ സ്വന്തം ക്ഷേത്രത്തിൽ പോയി ദർശനം ചെയ്യുകയോ ആയിരിക്കുന്നു, ഇപ്പോഴത്തെ നടപടി. അതെന്തായാലും തിരുവോണവും തൃക്കാക്കരത്തേവരും തമ്മിൽ എന്തോ പ്രത്യേക ബന്ധമുണ്ടെന്നുള്ളതു് തക്കമററ ഒരു സംഗതിയാണു്. പെരുമാളുടെ നിശ്ചയമനുസരിച്ച് എല്ലാ മലയാളികളും തിരുവോണദിവസം തൃക്കാക്കരയെത്തി തൊഴുതിരുന്നു പഴയകാലത്തു്. ഇന്നു് തൃക്കാക്കരദേവനെ വീട്ടിൽതന്നെ പ്രതിഷ്ഠിച്ച് പൂജിക്കുന്നു എന്നേ വ്യത്യാസമുള്ളു.

മലയാളദേശത്തു് സാർവ്വത്രികമായി ആഘോഷിച്ചു വരുന്ന ഒരു വിശേഷദിവസമാണു് തിരുവോണം എന്നു് പറഞ്ഞുകഴിഞ്ഞു. "ഓണം കേറാമൂല" എന്നു പറഞ്ഞാൽ നികൃഷ്ടമായി ഗണി

ച്ചുവരുന്ന ഒരു സ്ഥലമാണ്. ഇതിൽനിന്നുതന്നെ ഈ ഉത്സവദിവസത്തിന്റെ പ്രാധാന്യം സ്പഷ്ടമാണ്. സുഖത്തോടും സമൃദ്ധിയോടുംകൂടി രാജ്യം ഭരിച്ചിരുന്ന മഹാബലിയുടെ കാലത്ത് പ്രജകൾക്ക് എന്നും ഓണമായിരുന്നു. ഇന്ന് പട്ടിണിയും പരിവട്ടവുമാണെങ്കിലും, ആ പഴയ ഭരണകർത്താവ് നാടുകാണാൻ വരുന്നദിവസം അദ്ദേഹത്തിന്റെ മനസ്സിൽ അസംതൃപ്തി തോന്നാത്തവിധത്തിൽ നാം സന്തോഷം പ്രകടിപ്പിച്ച് ഉത്സവം ആഘോഷിക്കുന്നു. സുഖസമൃദ്ധമായ ഒരു ഭൂതകാലത്തിന്റെ സ്മരണയ്ക്കായി, അല്ലെങ്കിൽ മാതൃകാപരമായ ഒരു നല്ല ഭാവിയെ ലക്ഷ്യമാക്കിക്കൊണ്ട്, കൊല്ലംതോറും കൊണ്ടാടി വരുന്ന ഒരു മഹോത്സവമായി തിരുവോണത്തെ നമുക്ക് കണക്കാക്കാം.

അഭ്യാസം.

1. താഴെ കാണിക്കുന്ന ക്രിയകളിൽനിന്നുണ്ടാകുന്ന ക്രിയാനാമം എഴുതുക:—

   പിറക്കുക, നടക്കുക, വിളിക്കുക, കുളിക്കുക, നിശ്ചയിക്കുക.

2. മേലെഴുതിയ ക്രിയകളുടെ മൂന്നു കാലത്തിലുമുള്ള രൂപങ്ങളും കാണിക്കുക.

3. സർവ്വനാമങ്ങൾക്ക് പ്രഥമപുരുഷൻ, മദ്ധ്യമപുരുഷൻ, ഉത്തമപുരുഷൻ എന്നു വിഭാഗങ്ങളുണ്ടെന്നു പഠിച്ചുവല്ലോ. അവൻ, അവൾ, അതു് മുതലായവ പ്രഥമപുരുഷ സർവ്വനാമങ്ങളാണെന്നും ഗ്രഹിച്ചു. അവയുടെ ബഹുവചനം എഴുതാമോ?

4. ഓണം പിറക്കുന്ന കാലത്തെക്കുറിച്ചു് ഒരു ഖണ്ഡിക എഴുതുക.
5. തൃക്കാക്കരയപ്പനെ വച്ചുകഴിഞ്ഞതിനുശേഷമുള്ള ചടങ്ങുകൾ എന്തെല്ലാം ?
6. ഓണക്കാലത്തെ വിനോദങ്ങൾ വിവരിക്കുക.
7. 'ഓണ'ത്തിന്റെ ആഗമം എന്തു് ?

പാഠം 5

സ്നേഹഗീത

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.
സ്നേഹംതാൻ ശക്തി ജഗത്തിൽ—സ്വയം
സ്നേഹംതാനാനന്ദമാർക്കും,
സ്നേഹം താൻ ജീവിതം ശ്രീമൻ,—സ്നേഹ-
വ്യാഹതി തന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ—സ്വർഗ്ഗ-
ഗേഹം പണിയും പടുത്വം.
അമ്മതൻ നെഞ്ചു ഞരമ്പിൽ—തങ്ങി-
ച്ചെമ്മേ ചെഞ്ചോരയെത്തന്നെ
അമ്മിഞ്ഞത്തൂവമൃതാക്കും—മൈത്രി
നമ്മോടതോതുന്നു രാജൻ !

—കുമാരനാശാൻ

അഭ്യാസം.

1. ഉദിക്കുന്നു = ജനിക്കുന്നു. വൃദ്ധി = വളർച്ച.
   ജഗത്തു് = ലോകം. സ്വയം = തന്നത്താൻ.
   ശ്രീമൻ = അല്ലയോ ശ്രീമാനേ! വ്യാഹതി = നാശം.
   സ്വർഗ്ഗഗേഹം = സ്വർഗ്ഗമാകുന്ന ഗൃഹം.
   പടുത്വം = സാമർത്ഥ്യം. ചെമ്മേ = ഭംഗിയിൽ.
   തൂവമൃതു് = നല്ല അമൃതു്. മൈത്രി = സ്നേഹം.
   രാജൻ! = അല്ലയോ രാജാവേ!
2. സ്നേഹം, ലോകം, പടുത്വം, ചോര, മൈത്രി—ഇവ ഏതെല്ലാം നാമവിഭാഗത്തിൽപ്പെടുന്നു?
3. പദങ്ങൾ കൂട്ടിച്ചേർക്കാൻ നാം പഠിച്ചുകഴിഞ്ഞു. ഇനി പിരിച്ചെഴുതാൻ പഠിക്കാം. 'സ്നേഹത്തിൽനിന്നുദിക്കുന്നു' എന്നതു് എങ്ങനെ പിരിച്ചെഴുതാം?

   'സ്നേഹത്തിൽനിന്നു് + ഉദിക്കുന്നു.'

   ഇങ്ങനെ താഴെക്കാട്ടുന്ന പദങ്ങൾ പിരിച്ചെഴുതുക:—
   ആനന്ദമാക്കും, ചെഞ്ചോര, അമ്മിഞ്ഞത്തൂവമൃതു്.
4. സ്നേഹത്തിന്റെ മാഹാത്മ്യം സ്വന്തം വാക്യത്തിൽ വിവരിക്കുക.

പാഠം 6

ആരോഗ്യത്തിനുള്ള ആറു മാർഗ്ഗങ്ങൾ

വളരെക്കാലം ജീവിച്ചിരിക്കുക, വാർദ്ധക്യത്തിൻെറ പീഡ ഇല്ലാതെയിരിക്കുക — അതൊരു വലിയ നേട്ടംതന്നെയാണ്. മഹത്തായ ഒരു യന്ത്രമാണ് നമ്മുടെ ദേഹം. വിവേകപൂർവ്വം സംരക്ഷിച്ചുവന്നാൽ എത്ര കാലമെങ്കിലും അതിനെ ഉപയോഗപ്പെടുത്താം. മോട്ടാർകാറുകളെ എന്നപോലെ ഇടയ്ക്കിടെ അതിനേയും പരിശോധിക്കണം. കേടുവല്ലതുമുണ്ടോ എന്നു നോക്കണം. കാണുന്നതു് അപ്പപ്പോൾ തീർക്കുകയും വേണം. ആരോഗ്യത്തെ വളർത്തുന്നതിനു ചില മാർഗ്ഗങ്ങളുണ്ടു്.

1. നിഷ്കളങ്കവും ഉന്മേഷസമ്പൂർണ്ണവുമായ മനസ്സാണ് ആരോഗ്യത്തിനു് ആദ്യമായി ആവശ്യമായിട്ടുള്ളതു്.

ഏതു പരിതഃസ്ഥിതിയിലും ശുഭപ്രതീക്ഷ കൈവിടാത്ത മനുഷ്യനു് ആരോഗ്യം സംരക്ഷിക്കുന്നതിനു് അത്ര പ്രയാസമില്ല. രോഗബാധിതനായി കിടക്കുവാനിടവന്നാൽക്കൂടി മനസ്സിനുണ്ടാകുന്ന ഉന്മേഷം രോഗശാന്തിക്കു് ഫലപ്രദമായ ഔഷധമായിത്തീരും.

ബ്രസ്സലിലെ ഒരു രാജാവു് രോഗിയായി ചികിത്സാർത്ഥം തൻെറ രാജ്യംവിട്ടു് യൂറോപ്പിൽ പാർത്തുവരികയായിരുന്നു. അദ്ദേഹത്തിൻെറ പുത്രിയാണ്

പിതാവിനുവേണ്ടി രാജ്യഭരണം നടത്തിയിരുന്നതു്. അടിമവ്യപാരം തൻെറ രാജ്യത്തിലില്ലാതാക്കണമെന്ന മോഹം രാജാവിനുണ്ടായിരുന്നു. അതിനായി അദ്ദേഹം അത്യദ്ധ്വാനം ചെയ്തിരുന്നു. അതു സാധിക്കുന്നതിനുമുമ്പാണു് അദ്ദേഹം രോഗബാധിതനായതും ചികിത്സിക്കാൻവേണ്ടി യൂറോപ്പിലേയ്ക്കു പോയതും. രോഗശയ്യയിൽ കിടക്കുമ്പോൾ ഒരു ദിവസം പുത്രിയിൽനിന്നു് രാജാവിനു് ഒരു കമ്പി കിട്ടി. അടിമവ്യാപാരം നിർത്തിക്കൊണ്ടുള്ള നിയമം പാസ്സാക്കിയിരിക്കുന്നു എന്നറിയിക്കുന്ന കമ്പിയായിരുന്നു അതു്. താൻ എത്രയോ കാലമായി ആഗ്രഹിച്ചിരുന്ന ഒരു മഹാകാര്യം സാധിച്ചുവെന്നു കേട്ടപ്പോൾ രാജാവിനുണ്ടായ സന്തോഷത്തിനു് അതിരില്ലായിരുന്നു. ആ വർത്തമാനം അറിഞ്ഞു് രണ്ടു ദിവസത്തിനുള്ളിൽ അദ്ദേഹത്തിൻെറ രോഗം നിശ്ശേഷം സുഖപ്പെട്ടു. മനസ്സിലുണ്ടായ ആഹ്ലാദം വരുത്തിത്തീർത്ത മാററമാണു് അതു്. അതുകൊണ്ടാണു് ആരോഗ്യം അത്ര ക്ഷീണത്തിൽ വീണ്ടെടുക്കാൻ രാജാവിനു സാധിച്ചതെന്നു് ഡാക്ടർമാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

രോഗത്തെ തടുക്കുന്നതിനും ഭേദപ്പെടുത്തുന്നതിനും മനസ്സിനുള്ള കഴിവു് അളവററതാണു്. രോഗത്തെ തടുക്കുന്നതിനു് ഏററവും നല്ല മാർഗ്ഗം, 'ഞാൻ അരോഗദൃഢഗാത്രനാണു്'' എന്നു മനസ്സുകൊണ്ടു വിചാരിക്കയാണെന്നു വിൻസ്റ്റൺ ചർച്ചിൽ ഒരവസരത്തിൽ പറഞ്ഞതു് സ്മരണീയമാണു്.

ആസ്പത്രിയിൽ കിടക്കുന്ന രോഗികളുടെ സ്ഥിതി അന്വേഷിച്ചാൽ അവരിൽ വലിയൊരു വിഭാഗത്തിൻെറ ദീനത്തിനുള്ള കാരണം മനസ്സിൻെറ

അസ്വസ്ഥതയിൽനിന്നുണ്ടായതാണെന്ന് അറിയാൻ സാധിക്കും. ഏകദേശം അമ്പതു ശതമാനം രോഗികൾ അങ്ങനെയുള്ളവരായിരിക്കുമെന്നാണ് ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നത്. ആസ്പത്രിക്കു പുറത്തുള്ള രോഗികളുടെ സ്ഥിതിയും അതുപോലെ തന്നെ. മനസ്സിലെ വിചാരങ്ങളും വികാരങ്ങളും ശരീരത്തിൻെറ ആരോഗ്യത്തെ നിയന്ത്രിക്കുന്നതാണെന്ന് വൈദ്യശാസ്ത്രം സമ്മതിച്ചിരിക്കുന്നു. രോഗിക്കു മരുന്നു കൊടുക്കുന്നതിനോടൊപ്പം രോഗിയുടെ മനസ്സിനെ വേണ്ടുംവിധം നിയന്ത്രിക്കാനുള്ള ശ്രമവും ചെയ്യേണ്ടതാണെന്ന് നവീന വൈദ്യശാസ്ത്രം നിർദ്ദേശിക്കുന്നത് അതുകൊണ്ടാണ്. "അവസരം കിട്ടുമ്പോഴെല്ലാം ചിരിക്കുവിൻ, ആരോഗ്യത്തിനുള്ള നല്ല മരുന്ന് അതാണ്" എന്ന് ഒരു ശാസ്ത്രജ്ഞൻ ഉപദേശിച്ചതും ആ കാരണത്താലാണ്.

നമ്മുടെ ഭവനം ഭംഗിയാക്കിവയ്ക്കാൻ നാമെത്ര ശ്രദ്ധിക്കേണ്ടതുണ്ട്! കട്ടിലും കിടക്കയും മെത്തയും കസാലയും ചിത്രവും പുഷ്പവും എല്ലാം അതാതിൻെറ സ്ഥാനത്ത് തരംപോലെ വച്ചിരിക്കണം. എന്നാൽ മാത്രമേ ഭവനത്തിനു ഭംഗിയുണ്ടാവൂ. മനസ്സിനു ഭംഗി ഉണ്ടാക്കാനും അതുപോലെ ചിലതെല്ലാം ആവശ്യമാണ്. ദയയും ദാക്ഷിണ്യവും ക്ഷമയും സഹിഷ്ണുതയും അനുകമ്പയും ശുഭപ്രതീക്ഷയും മനസ്സിൻെറ ഭംഗിക്ക് ആവശ്യമാണ്. ആ വിധത്തിലുള്ള ഗുണങ്ങളെക്കൊണ്ട് അലങ്കരിച്ച മനസ്സ് ആരോഗ്യത്തിൻെറ ആത്മബന്ധുവാണ്. ആരോഗ്യത്തിൻെറ അടിസ്ഥാനം മനസ്സിൻെറ ഉന്മേഷമാണ്. ദേഹത്തിനു ആരോഗ്യമുണ്ടാകണമെങ്കിൽ മനസ്സിന് ആരോഗ്യമുണ്ടായിരിക്കണം.

2. ജീവിതത്തിന് ഒരുദ്ദേശ്യം വളർത്തിവരണം. നല്ലതായ വല്ല കാര്യങ്ങളിലും താൽപ്പര്യമുണ്ടായിരിക്കണം. അതാണ് ആരോഗ്യത്തിനുള്ള മറെറാരു മാർഗ്ഗം.

ഉദ്ദേശ്യം വളർത്തിവന്നാൽ മാത്രം പോരാ. അതു സാധിക്കുന്നതിനുള്ള മാർഗ്ഗവും മനസ്സിൽ ആലോചിച്ചുറയ്ക്കണം. അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യുകയും വേണം. വിജ്ഞാനപ്രദമായ ഒരു ഗ്രന്ഥം നിർമ്മിക്കലായിരിക്കാം ഒരാളുടെ ഉദ്ദേശ്യം. പലവിധം ഫലവൃക്ഷങ്ങൾ നട്ടുണ്ടാക്കി നല്ലൊരു കൃഷിസ്ഥലമുണ്ടാക്കാനായിരിക്കാം മറെറാരാൾ ഇഷ്ടപ്പെടുന്നത്. അവശരും അംഗഹീനരുമായ അനാഥർക്ക് ഒരു പാർപ്പിടം സ്ഥാപിക്കാനായിരിക്കാം മൂന്നാമതൊരാൾ ആഗ്രഹിക്കുന്നത്. ഉദ്ദേശ്യം എന്തുതന്നെയായാലും സ്ഥിരോത്സാഹത്തോടെ, പ്രതിബന്ധങ്ങളെ വകവയ്ക്കാതെ, അതിനായുള്ള പരിശ്രമം ഉന്മേഷമുണ്ടാക്കും; അതു് ആരോഗ്യത്തിന് ഒരു വളമായിത്തീരും.

3. ആരോഗ്യം പുലർത്തുന്നതിന് വ്യായാമം അത്യാവശ്യമാണ്. പ്രായത്തിനും വാസനയ്ക്കും അനുസരിച്ച് വല്ല വ്യായാമവും ചെയ്യുന്നതു് ദിനചര്യയുടെ ഒരു പ്രധാന ഭാഗമായിരിക്കണം. തൻെറ സമയത്തിൽ ഓരോ നിമിഷവും സൂക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിൽ മഹാത്മാഗാന്ധി വളരെ ശ്രദ്ധിച്ചിരുന്നു. വ്യായാമത്തിനും അദ്ദേഹം ഒരു ക്ലിപ്തസമയം നിശ്ചയിച്ചിരുന്നു. കുറെ ദൂരം നടക്കലാണ് അദ്ദേഹം ചെയ്തിരുന്നതു്. അതു് ഒരിക്കലും തെററിക്കുകയില്ല. അത്യദ്ധ്വാനം ചെയ്തിരുന്ന മഹാത്മജിയുടെ ആരോഗ്യം

അന്ത്യകാലംവരെ സംരക്ഷിക്കാൻ സാധിച്ചതിനുള്ള ഒരു കാരണം അതാണ്.

പണ്ഡിത ജവഹർലാൽ നെഹ്റു ദിവസേന പതിനെട്ടു മണിക്കൂറിലധികം ജോലിചെയ്യുന്നുണ്ട്. ഇത്ര വളരെ ജോലി എടുത്തിട്ടും ഒരു നിത്യയുവാവിനെപ്പോലെ തൻെറ ആരോഗ്യം വളർത്തിക്കൊണ്ടു വരുന്നതിന്ന് അദ്ദേഹത്തിനു സാധിക്കുന്നതു ദിനം തോറും തെററാതെ കാലത്തു് അദ്ദേഹമെടുക്കുന്ന വ്യായാമമാണ്. തലകീഴായി കുറെനേരം നിൽക്കുന്നതാണത്രേ അദ്ദേഹം ചെയ്തുവരാറുള്ള ഒരു വ്യായാമമുറ. അതു് എത്ര ഫലപ്രദമാകുന്നുണ്ടെന്ന് അദ്ദേഹത്തിൻെറ ആരോഗ്യം വെളിപ്പെടുത്തുന്നുണ്ട്.

വിവേകത്തോടും സ്ഥിരോത്സാഹത്തോടും കൂടി ചെയ്യുന്ന വ്യായാമപരിശീലനം ആരോഗ്യം വളർത്തുവാൻ മാത്രമല്ല, അത്ഭുതകരമായ ദേഹബലമുണ്ടാക്കുന്നതിനുകൂടി എത്രമാത്രം സഹായിക്കുന്നതാണെന്ന് ചില മഹാശക്തന്മാരുടെ നേട്ടങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

4. പോഷകപദാൎത്ഥങ്ങളടങ്ങിയ മിതഭക്ഷണം ആരോഗ്യത്തെ വളർത്തുന്നതിനുള്ള മറെറാരു മാർഗ്ഗമാണ്. നാം കഴിക്കുന്ന ഭക്ഷണത്തിലെ പോഷകാംശങ്ങൾ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ നമ്മുടെ ദേഹത്തിലെ ഒരംശമായിത്തീരുന്നു. ഭക്ഷണം കഴിക്കുന്നതു വിശപ്പടക്കാൻ മാത്രമല്ല. തക്കതായ ഭക്ഷണം ദേഹത്തിൻെറ ആരോഗ്യവും സൗന്ദര്യവും അധികമാക്കും; യൗവനം നിലനിർത്തും;മനസ്സിന്ന് ഉന്മേഷവും ഉത്സാഹവുമുണ്ടാക്കും. നമ്മുടെ പല്ലും കണ്ണും തൊലിയും നഖവും എല്ലും ഞരമ്പും രോമവും നിറവും എല്ലാം

നന്നാക്കുന്നതിനും ചീത്തയാക്കുന്നതിനും ഭക്ഷണത്തിനു സാധിക്കും. എല്ലാ അവയവങ്ങളേയും പോഷിപ്പിക്കുന്നതിനോ ക്ഷയിപ്പിക്കുന്നതിനോ ആവശ്യമായ പദാർത്ഥങ്ങളെയും വഹിച്ചുകൊണ്ട് രക്തം ദേഹം മുഴുവനും സഞ്ചരിക്കുന്നു.

അവശ്യം ആവശ്യമായ പോഷകപദാർത്ഥങ്ങളുടെ കുറവ് ഭൂരിഭാഗം ജനങ്ങളുടെ ഭക്ഷണസാധനങ്ങളിലും കാണാം. വയറുനിറയെ കഴിച്ചതുകൊണ്ടു മാത്രം കാര്യമില്ല. കഴിക്കുന്ന സാധനങ്ങളിൽ പോഷകപദാർത്ഥങ്ങളുണ്ടോ എന്നാണു നോക്കേണ്ടത്. നിങ്ങൾ ഭക്ഷിക്കുന്ന ഓരോ സാധനവും ഒന്നുകിൽ നിങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കും; അല്ലെങ്കിൽ ക്ഷയിപ്പിക്കും.

പ്രോട്ടീൻ, കാർബോ ഹൈഡ്രേററ്, കൊഴുപ്പ്, വിററമിൻ, ലോഹങ്ങൾ ഇവയെല്ലാം ദേഹത്തിൻെറ വളർച്ചയ്ക്ക് ആവശ്യമാണ്. പ്രോട്ടീൻ ദേഹത്തിൻെറ കേടുപാടുകൾ തീർക്കുന്നു. കൊഴുപ്പും കാർബോ ഹൈഡ്രേററും പ്രവൃത്തിയെടുക്കുന്നതിനുള്ള ശക്തിയുണ്ടാക്കുന്നു. വിററമിൻ നമ്മുടെ തൊലി നന്നാക്കുകയും നേത്രങ്ങൾക്കു പ്രഭ കൂട്ടുകയും രോഗങ്ങളോടെതിർക്കുന്നതിനുള്ള ശക്തി ഉണ്ടാക്കുകയും ചെയ്യുന്നു. വിററമിൻ 'ഡി' പല്ലിനും എല്ലിനും ബലം കൂട്ടുന്നു. കാത്സിയം നാഡിയും ഞരമ്പും വേണ്ടപോലെ പ്രവർത്തിക്കുന്നതിനു സഹായിക്കുന്നു. രക്തത്തിൽക്കൂടി പ്രാണവായു മിതമായി പോകുന്നതിന് ഇരുമ്പ് ആവശ്യമാണ്. ഇങ്ങനെ ദേഹത്തിൻെറ ബലവും ആരോഗ്യവും വളർത്തിക്കൊണ്ടുവരുന്നതിന് പല പോഷകപദാർത്ഥങ്ങളും ആവശ്യമാകുന്നു. ആ പദാ

ത്ഥങ്ങൾ ആവശ്യമായ തോതിൽ ദേഹത്തിലെത്തി ച്ചേരത്തക്കവണ്ണം ഭക്ഷണം നിയന്ത്രിക്കണം. പാല്, കോഴിമുട്ട, പച്ചക്കറി, പഴങ്ങൾ, ധാന്യങ്ങൾ ഇവ യെല്ലാം മാതൃകാഭക്ഷണത്തിൻെറ അംശങ്ങളാണ്. ഭക്ഷണം വേണ്ടപോലെ നിയന്ത്രിച്ചാൽ ആരോഗ്യം നല്ലപോലെ വളർത്തിക്കൊണ്ടുവരാം.

5. ആരോഗ്യം നിലനിർത്തുന്നതിന്നു മതിയായ വിശ്രമവും ആവശ്യമാണ്. എന്തു വ്യായാമമുണ്ടാ യാലും, ഭക്ഷണം എത്രതന്നെ നിയന്ത്രിച്ചാലും, ശരി യായ വിശ്രമമില്ലെങ്കിൽ ആരോഗ്യം അധഃപതിക്കും. വിശ്രമമില്ലാത്ത ജീവിതം പ്രായമാകുന്നതിനുമുമ്പ് വാർദ്ധക്യത്തെ വലിച്ചിടും. ഏതു പ്രായത്തിലും ആ പ്രായത്തിനു പററിയ തരത്തിലുള്ള വിശ്രമം ആവശ്യ മാണ്. വിജയപൂർവ്വമായ ജീവിതത്തിൻെറ രഹസ്യം വിവേകപൂർവ്വമായ വിശ്രമമാണെന്ന് അനു ഭവംകൊണ്ടറിയാൻ കഴിയും.

6. ആരോഗ്യത്തിന്ന് അവസാനമായി ആവശ്യ മായിട്ടുള്ളതു് നിത്യജീവിതം ക്രമപ്പെടുത്തുകയാണ്. നമ്മുടെ തൊഴിലിനും ഉദ്യോഗത്തിനും അനുസരിച്ച് നമ്മുടെ നിത്യജീവിതം ക്രമപ്പെടുത്താൻ സാധിക്കും. ഇന്നസമയത്തു ഭക്ഷണം, ഇന്നസമയത്ത് വിശ്രമം, ഇന്നസമയത്തു വ്യായാമം, ഇന്നസമയത്ത് ഇന്ന ജോലി ചെയ്യുക എന്നിങ്ങനെ ചില നിശ്ചയങ്ങളുണ്ടാക്കി യാൽ അതു നമുക്കും മററുള്ളവക്കും സൗകര്യമായിത്തീരു മെന്നു മാത്രമല്ല, നമ്മുടെ ആരോഗ്യത്തിന്നു ഗുണകരവു മായിരിക്കും. ഒരു നിശ്ചിതസമയത്തു ഭക്ഷണം കഴി ക്കുക പതിവാണെങ്കിൽ ആ സമയത്തു വിശപ്പുണ്ടാ കാതിരിക്കില്ല. ഇന്നസമയത്താണു നിദ്രയെന്നു തീർച്ച

പ്പെട്ടുത്തിയാൽ അതും ആ സമയത്തു തനിയേ എത്തിക്കൊള്ളും. ഒന്നിനും ഒരു നിശ്ചിതസമയമില്ലാതെ, തോന്നുമ്പോൾ ഉണ്ണുകയും തോന്നുമ്പോൾ ഉറങ്ങുകയും തോന്നുമ്പോൾ പ്രവൃത്തിയെടുക്കുകയും ചെയ്യുന്ന ഒരാളുടെ ആരോഗ്യം എപ്പോഴെന്നറിയാത്ത തകർന്നുപോകും. ഗാന്ധിജിക്കു മററു പല കാര്യങ്ങളിലുമെന്നപോലെ തൻെറ നിത്യകർമ്മങ്ങളെ വേണ്ടപോലെ നിയന്ത്രിക്കുന്നതിലും വലിയ നിർബ്ബന്ധമായിരുന്നു. യന്ത്രം തിരിയുംപോലെയാണു് അദ്ദേഹത്തിൻെറ ദിനചര്യ.

കൊല്ലങ്ങൾ എണ്ണിയിട്ടല്ല, വയസ്സു തിട്ടപ്പെടുത്തേണ്ടതു്. മനസ്സിൻെറ സ്ഥിതി നോക്കിയിട്ടാണു് ആരോഗ്യം നിർണ്ണയിക്കേണ്ടതു്.

അഭ്യാസം.

1. അതു്, ഇതു്, ഏതു്—ഈ പ്രഥമപുരുഷ സർവ്വനാമങ്ങളുടെ ബഹുവചനം എഴുതാമോ? രണ്ടുരൂപം ഉണ്ടു്, ഇവയ്ക്കു്—അതുകൾ, ഇതുകൾ, ഏതുകൾ എന്നൊരു വക. അവ, ഇവ, ഏവ എന്നു മറെറാരു വകയും.
2. 'നീ' എന്ന മദ്ധ്യമപുരുഷസർവ്വനാമത്തിൻെറ ബഹുവചനം എന്തു്?
3. 'അദ്ദേഹം അത്യദ്ധ്വാനം ചെയ്തിരുന്നു' എന്ന വാക്യത്തിലെ കർത്താവു്, കർമ്മം, ക്രിയ ഇവ ചൂണ്ടിക്കാണിക്കുക.
4. ബ്രസ്സലിലെ രാജാവിൻെറ ആരോഗ്യം വീണ്ടെടുത്തതെങ്ങനെ?
5. ആരോഗ്യത്തിനുള്ള ആറു മാർഗ്ഗങ്ങളേവ?
6. ആരോഗ്യത്തിനുള്ള ആറു മാർഗ്ഗങ്ങളിൽ ഓരോന്നിനെക്കുറിച്ചും ഓരോ ഖണ്ഡിക എഴുതുക.

പാഠം 7

മാളവിക

"മാളവികാഗ്നിമിത്രം" എന്നു പേരുള്ള നാടകത്തെക്കുറിച്ച് നിങ്ങളിൽ പലരും കേട്ടിരിക്കും. മഹാകവി കാളിദാസനാണ് ആ നാടകമെഴുതിയതെന്നു പറയുമ്പോൾ തീർച്ചയായും ആ നാടകത്തിൽ നിങ്ങൾക്ക് താൽപര്യം വർദ്ധിക്കുവാനേ ന്യായമുള്ളൂ. കാളിദാസനെക്കുറിച്ച് കേൾക്കുകയെങ്കിലും ചെയ്യാത്തവരായി നിങ്ങളിലാരുംതന്നെ ഉണ്ടാവുകയില്ല. മഹാനായ അദ്ദേഹമെഴുതിയ മേൽപ്പറഞ്ഞ നാടകത്തിലെ കഥ കേട്ടുകൊള്ളൂ:

വളരെ വളരെ പുരാതനകാലത്തു നടന്ന കഥയാണ്. ബൃഹദ്രഥൻ എന്ന മൗര്യരാജാവാണ് അക്കാലത്ത് മഗധരാജ്യം വാണിരുന്നത്. അദ്ദേഹത്തിന്റെ സേനാപതിയായിരുന്ന പുഷ്പമിത്രൻ വലിയ അധികാര ദുർമ്മോഹിയായിരുന്നു. ബൃഹദ്രഥനെ സ്ഥാനഭ്രഷ്ടനാക്കുകയും സ്വന്തം പുത്രനായ അഗ്നിമിത്രനെ രാജാവാക്കി വാഴിക്കുകയും ചെയ്തു അദ്ദേഹം.

അഗ്നിമിത്രൻ വിദിശാനഗരത്തിലിരുന്ന് രാജ്യഭാരം ചെയ്തു. വിദിശാനഗരത്തിന്റെ തെക്കേ അതിർത്തി നർമ്മദാ നദിയായിരുന്നു. വീരസേനനെന്ന സേനാനായകനെയാണ് അവിടെ ദുർഗ്ഗപാലനായി നിയമിച്ചിരുന്നത്. ഈ വീരസേനൻ അഗ്നിമിത്രന്റെ പട്ടമഹിഷിയായ ധാരിണീദേവിയുടെ ഒരകന്ന സഹോദരനായിരുന്നു.

നർമ്മദയുടെ തെക്കുവശത്ത് വിദർഭരാജ്യമാണുള്ളത്. യജ്ഞസേനൻ എന്ന രാജാവായിരുന്നു അന്ന് വിദർഭേശ്വരൻ. അദ്ദേഹത്തിൻെറ ഇളയച്ഛൻെറ മകനായിട്ട് മാധവസേനൻ എന്നൊരാളുണ്ടായിരുന്നു. യജ്ഞസേനനും മാധവസേനനും ശത്രുക്കളായിരുന്നു. എപ്പോഴും അവർ തമ്മിൽ കലഹിച്ചുകൊണ്ടിരുന്നു.

മാധവസേനൻ ഒരു നയം ആലോചിച്ചു കണ്ടുപിടിച്ചു. അദ്ദേഹത്തിന് മാളവിക എന്ന പേരായി അതിസുന്ദരിയായ ഒരനുജത്തിയുണ്ടായിരുന്നു. അവളെ അഗ്നിമിത്രനു വിവാഹം ചെയ്തുകൊടുത്ത് മഗധരാജ്യവുമായി സഖ്യം നേടാമെന്നാശിച്ചു. അതനുസരിച്ച് ബുദ്ധിമാനായ മാധവസേനൻ മന്ത്രിയായ സുമതിയോടൊന്നിച്ച് മാളവികയേയുംകൊണ്ട് വിദിശക്കു പുറപ്പെട്ടു. ഈ വിവരം രഹസ്യമായറിഞ്ഞു് യജ്ഞസേനൻ അവരെ വഴിക്കുവച്ച് തട്ടത്തു തോല്പിച്ചു. മാധവസേനനെ തടവിലാക്കുകയും ചെയ്തു.

മാളവികയുടെ സ്ഥിതി എന്തായി ? മാധവസേനൻ കാരാഗൃഹത്തിലായെങ്കിലും മന്ത്രി സുമതി വിവേകശാലിയായിരുന്നതുകൊണ്ട് രാജകുമാരിക്ക് അപായമൊന്നുംകൂടാതെ രക്ഷപ്പെടാൻ കഴിഞ്ഞു. അദ്ദേഹം സഹോദരിയായ പണ്ഡിതകൗശികിയെ മാത്രം തുണകൂട്ടി മാളവികയേയുംകൊണ്ട് ഒളിച്ചോടിക്കളഞ്ഞു. വിദിശക്കു പോകുന്ന ഒരു കച്ചവടസംഘത്തിൽ ചേർന്ന് അവർ യാത്രചെയ്തു. വിന്ധ്യാടവിയിൽ രാത്രി കഴിച്ചുകൂട്ടേണ്ടിവന്ന അവരെ കാട്ടാളന്മാർ ആക്രമിച്ചു. യുദ്ധത്തിൽ സുമതി മരിച്ചുപോയി. സഹോദരിയായ കൗശികി കൊള്ളക്കാരിൽനിന്ന്

ഒരുവിധം രക്ഷപ്പെട്ടു. എങ്കിലും വൈരാഗ്യംവന്ന അവൾ കാഷായവസ്ത്രം ധരിച്ച് പരിവ്രാജികയായി ത്തീരുകയാണുണ്ടായത്. അവൾ നടന്നുനടന്ന് വിദിശാരാജ്യത്തെത്തുകയും ധാരിണിയുടെ ആശ്രയ ത്തിൽ പാർത്തുതുടങ്ങുകയും ചെയ്തു.

കഥാനായികയായ മാളവികയെപ്പററി എന്ന റിയാൻ വീണ്ടും നാം ഉൽക്കണ്ഠിതരാകുന്നു. അവൾ കൊള്ളക്കാരുടെ കൈയിൽത്തന്നെ അകപ്പെട്ടു. രൂപ ലാവണ്യം തികഞ്ഞ ഒരു തരുണിയായതിനാൽ നല്ല വില കിട്ടുമെന്ന് കരുതി, അവർ അവളെ അടിമ–

യാക്കി വിററു. അഗ്നിമിത്രന്റെ ദുർഗ്ഗപാലനായ വീരസേനനായിരുന്നു അവളെ വാങ്ങിയതു്. നൃത്തം പഠിപ്പിക്കാൻ കൊള്ളാവുന്നവളെന്നു തോന്നിയതിനാൽ മാളവികയെ വീരസേനൻ ധാരിണിക്കു സമ്മാനിച്ചു. ധാരിണീദേവിക്കു് സന്തോഷമായി. നൃത്തവിദ്യയിൽ അതിചതുരനായ ഗണദാസൻ എന്നു നട്ടുവന്റെ കീഴിൽ ദേവി അവളെ ആട്ടം അഭ്യസിപ്പിച്ചു. ഒരു സംവത്സരത്തിനുള്ളിൽ മാളവിക ആ കലയിൽ സവിശേഷമായ സാമർത്ഥ്യം നേടി. അരമനയിൽത്തന്നെ ഉണ്ടായിരുന്ന കൗശികിയും മാളവികയും അന്യോന്യം കണ്ടറിഞ്ഞുവെങ്കിലും പരിചയം ഭാവിച്ചില്ല. സത്യം മററുള്ളവരിൽ നിന്നു് മറച്ചുപിടിക്കാനാണു് അവർ ഇഷ്ടപ്പെട്ടതു്.

മാധവസേനൻ തനിക്കൊരു വധുവിനെയും കൊണ്ടു് പുറപ്പെട്ടിട്ടുള്ള വിവരം അഗ്നിമിത്രൻ അറിഞ്ഞിരുന്നു. അതിനാൽ മാധവസേനനെ യജ്ഞസേനൻ ബന്ധിച്ചതു് അദ്ദേഹം സഹിച്ചില്ല. മാധവസേനനെ ബന്ധനവിമുക്തനാക്കുവാൻ അഗ്നിമിത്രൻ യജ്ഞസേനനോടു് ആവശ്യപ്പെട്ടു. യജ്ഞസേനൻ ആ നിർദ്ദേശം അനുസരിച്ചില്ല. യുദ്ധംകൂടാതെ കഴിയുകയില്ലെന്നു നിലയായി. അധികം താമസിയാതെ അഗ്നിമിത്രൻ വീരസേനന്റെ കീഴിൽ ദണ്ഡചക്രം എന്ന തന്റെ പ്രസിദ്ധമായ സൈന്യത്തെ വിദർഭത്തിലേയ്ക്കയച്ചു. വരദാനദിയുടെ തീരത്തുവച്ചുണ്ടായ ഘോരയുദ്ധത്തിൽ യജ്ഞസേനൻ പരാജിതനായി. പക്ഷേ അഗ്നിമിത്രൻ രാജ്യം സ്വന്തമാക്കിയില്ല. രാജ്യം പകുത്തു് യജ്ഞസേനനും മാധവസേനനും തന്നെ നൽകി.

സന്തുഷ്ടനായ മാധവസേനൻ ഉപകാരസ്മരണ ക്കായി അഗ്നിമിത്രന് നിരവധി സമ്മാനങ്ങൾ കൊടു ത്തയച്ചു. അക്കൂട്ടത്തിൽ രണ്ടു പാട്ടുകാരികളുമുണ്ടാ യിരുന്നു. അവർ അരമനയിൽ വന്ന ഉടനെ തങ്ങ ളുടെ സ്വാമിനിയെ തിരിച്ചറിഞ്ഞു് അവളുടെ വാസ്തവം വെളിവാക്കി. തുടർന്നു് കൗശികിയും മുന്നോട്ടു വന്നു. അവിടെ എത്തിച്ചേരുന്നതുവരെ യുണ്ടായ സംഭവങ്ങളെല്ലാം അഗ്നിമിത്രനെയും ധാരിണിയെയും അവൾ പറഞ്ഞുകേൾപ്പിച്ചു.

യാദൃച്ഛികമായി മാളവികയുടെ ഒരു ചിത്രം കണ്ടു്, അവളിൽ അനുരാഗിയായിത്തീർന്നിരുന്ന അഗ്നിമിത്രൻെറ ഹൃദയത്തിൽ പുതിയ വാർത്തകൾ ആനന്ദം ജനിപ്പിച്ചു. ഒരു കൊല്ലം താൻ ദാസിയായി കൂടെ പാർപ്പിച്ചതു് ഒരു രാജകന്യകയെയാണല്ലോ എന്നോർത്തു് ദേവി പശ്ചാത്തപിച്ചു. അനുജത്തിയെ കണ്ടുകിട്ടിയെന്നറിഞ്ഞതോടെ, മാധവസേനനും സന്തോഷമായി. ഭർത്തൃഭക്തയും ഉദാരശീലയുമായ ധാരിണീദേവിതന്നെ ഒട്ടും ഈർഷ്യതോന്നാതെ മാളവികയെ അഗ്നിമിത്രന് കന്യകാദാനം ചെയ്തു. എല്ലാം മംഗളമായ പര്യവസാനത്തിലെത്തി. ഇതാണു് മാളവികാഗ്നിമിത്രത്തിൽ പ്രതിപാദിതമായ കഥ.

അഭ്യാസം.

1. 'നിങ്ങൾ' എന്ന അർത്ഥത്തിൽ താങ്കൾ, ഭവാൻ, അങ്ങു്, അവിടന്നു്—ഇവ പദങ്ങൾകൂടി ഉപയോഗിക്കും. 'താങ്കൾ' എന്നതു സമന്മാരെക്കുറിച്ചാണു് പ്രയോഗിക്കുക. മററു മൂന്നു പദങ്ങളും ബഹുമാനസൂചകമായി പ്രയോഗിക്കുന്നവയാണു്.

2. നീ, നിങ്ങൾ, താങ്കൾ, ഭവാൻ, അങ്ങു്, അവിടന്നു്— ഈ പദങ്ങൾ ഉപയോഗിച്ചു് ഓരോ വാക്യം എഴുതുക.
3. ചില സ്ഥലങ്ങളിൽ 'നീ' എന്ന അർത്ഥത്തിൽ 'താൻ' എന്നും പ്രയോഗിക്കും. "താൻ പുസ്തകം വായിച്ചുവോ?"
4. 'ഭവാൻ' എന്ന ശബ്ദം പുല്ലിംഗമാണു്. 'ഭവതി' എന്നാണു് സ്ത്രീലിംഗം. 'ഭവതി' എന്ന പദം ചേർത്തു് ഒരു വാക്യമുണ്ടാക്കുക.
5. 'മാളവികാഗ്നിമിത്രം' ആരെഴുതിയ നാടകമാണു്? നാടകത്തിനു് ആ പേർ വരാൻ കാരണമെന്തു്?
6. മാളവികയുടെ കഥ ചുരുക്കി എഴുതുക.

പാഠം 8

പ്രഭാതഗീതം

(1)

അല്ലിന്റെയന്തിമയാമത്തെ ഘോഷിച്ചു
കല്ലോലമാലിതൻ മന്ദ്രതൂര്യം;
രാത്രിതൻ പോക്കെത്രത്തോളമായെന്നതു
പാർത്തറിയുന്നതിനെന്നപോലെ
നൽച്ചെന്തലപ്പാവുള്ളതല പൊക്കി നി-
ന്നുച്ചത്തിൽക്കൂകിനാർ കുക്കുടങ്ങൾ.

(2)

ചിക്കെന്നുണർന്നെഴന്നേററുഷസ്സെന്നവൾ
ശുക്രനാം കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമനാദമാം കങ്കണ-
ക്വാണമോടംബരശാലയിങ്കൽ
ഇന്നലെ രാവുപയോഗിച്ച പൂക്കളാ-
കുന്നതാരങ്ങളടിച്ചു വാരി
താവൽക്കസ്തൂരിച്ചാറാക്കിയ വാർതിങ്കൾ-
ത്തുവെള്ളിക്കിണ്ണവും ദൂരേ മാററി,
വെൺകുളിർ നീരാൽത്തളിച്ചു പുരോഭുവി
കുങ്കുമലേപവുമാചരിച്ചാൾ.
ആ വേലക്കാരിതൻ നിശ്വാസംപോലവേ
പൂവിൻമണവുമായ് വീശി തെന്നൽ.
ബ്രഹ്മാണ്ഡഹർമ്മ്യത്തിൻ മേൽത്തട്ടും കീഴ്ത്തട്ടും
നിർമ്മലമായി വിളങ്ങി മേന്മേൽ.

—വള്ളത്തോൾ.

അഭ്യാസം

1. പ്രഭാതഗീതം = പ്രഭാതത്തെക്കുറിച്ചുള്ള പാട്ട്. അല്ല് = രാത്രി. അന്തിമയാമം = അവസാനത്തെ യാമം. യാമം = ഏഴരനാഴിക. കല്ലോലമാലി = സമുദ്രം. മന്ദ്രഡുണ്ഡും = മുഴങ്ങുന്ന പെരുമ്പറ. കുക്കുടങ്ങൾ = കോഴികൾ. ചിക്കെന്ന് = പെട്ടെന്ന്. നാനാവിഹംഗമനാദം = പലതരത്തിലുള്ള പക്ഷികളുടെ ശബ്ദം. കങ്കണക്വാണം = വളകളുടെ ശബ്ദം. അംബരശാല = ആകാശശാല. താരങ്ങൾ = നക്ഷത്രങ്ങൾ. താവൽ = അത്രമാത്രം. വാർതിങ്കൾ = ഭംഗിയുള്ള ചന്ദ്രൻ. പുരോഭുവി = മുൻഭാഗത്ത്.

കുങ്കുമലേപം = കുങ്കുമംപൂശൽ. തെന്നൽ = ഇളങ്കാററ്. ബ്രഹ്മാണ്ഡഹർമ്മ്യം = പ്രപഞ്ചമാകുന്ന മാളിക.

2. പിരിച്ചെഴുതുക:—
   മേന്മേൽ, വെള്ളിക്കിണ്ണം, ഏന്തിയെത്തി, മേൽത്തട്ട്.

3. ഓരോ പര്യായപദം എഴുതുക:—
   കോഴി, പക്ഷി, നക്ഷത്രം, കാററ്.

4. ആദ്യത്തെ രണ്ടു വരിയിലെ കർത്താവ്, കർമ്മം, ക്രിയ ഇവ ചൂണ്ടിക്കാണിക്കുക.

5. ആദ്യത്തെ ആറു വരിയുടെ അർത്ഥമെഴുതുക.

6. പ്രഭാതവർണ്ണന സ്വന്തം വാക്യത്തിലെഴുതുക.

പാഠം 9

കൊച്ചിത്തുറമുഖം

ഷൊർണ്ണൂർ,
3-2-1958.

പ്രിയപ്പെട്ട ചേച്ചീ,

എഴുത്തു കിട്ടി; വളരെ സന്തോഷമായി. എത്ര എഴുത്തയച്ചിട്ടുവേണം ഒരു മറുപടി കിട്ടാൻ? കാളേജിലെ വിശേഷങ്ങൾ എന്തെല്ലാമാണ്? സ്കൂളിൽ നിന്ന് ഒരു വിനോദയാത്ര പോവുകയുണ്ടായി. ഞാനും പോയി. എന്തെല്ലാം കണ്ടുപഠിക്കാനുണ്ടെന്നോ? ചേച്ചിക്ക് ഈവകയൊന്നും ഇഷ്ടമല്ലെന്നല്ലേ ഭാവം! ഷൊർണ്ണൂർനിന്നു തീവണ്ടിയിലാണ് പോയത്.

"ഹാർബർ ടെർമിനസ്സിൽ" ഇറങ്ങി. വെല്ലിംഗ്ടൺ ദ്വീപിലാണ് ഈ സ്റ്റേഷൻ. വെല്ലിംഗ്ടൺ ദ്വീപ് എങ്ങനെ ഉണ്ടായതാണെന്ന് ചേച്ചിക്ക് അറിയാമോ? കൊച്ചിക്കായലിലെ മണ്ണുകോരിയിട്ട് നിർമ്മിച്ചതാണ്. പ്രത്യേകം നിർമ്മിതമായ ഒരു മണ്ണുമാന്തിക്കപ്പൽ കായലിലെ മണ്ണു കോരി അഴിമുഖത്ത് ഒരിടത്തു കൊണ്ടുപോയി നിക്ഷേപിച്ചു. ഇതുകൊണ്ട് രണ്ടു ഗുണമുണ്ടായി. വലിയ കപ്പലുകൾക്കുകൂടി കടന്നുനിൽക്കത്തക്കവണ്ണം കായലിന് ആഴംകൂടി; തുറമുഖത്തിൻെറ ആവശ്യങ്ങൾക്ക് കെട്ടിടം പണിയാൻ സൗകര്യമുള്ള ഒരു സ്ഥലവുമുണ്ടായി. ആ കെട്ടിടങ്ങൾ കാണാൻ അധികൃതന്മാരിൽനിന്ന് നേരത്തേ അനുവാദം വാങ്ങണം. ഞങ്ങളുടെ ഹെഡ്മാസ്റ്റർ അതു വാങ്ങിയിരുന്നു.

തുറമുഖത്തിൻെറ മനോഹരമായ 'പ്രതിരൂപമാതൃക' കാണാനാണ് ഞങ്ങൾ ആദ്യം പോയതു. ഓരോ ഭാഗവും വേറെ എടുക്കാം, വയ്ക്കാം; അങ്ങനെ തുറമുഖത്തിനെക്കുറിച്ച് വിശദമായി മനസ്സിലാക്കാം; അത്തരത്തിലാണ് മാതൃകയുടെ പണി. തുറമുഖം ഇല്ലാതിരുന്ന കാലത്തെ സ്ഥിതി നമുക്ക് അതിൽനിന്നറിയാം; ദ്വീപ് ഉണ്ടാക്കിയതെങ്ങനെയെന്നറിയാം; എല്ലാമറിയാം. അവർ കാണിച്ചുതരികയല്ലാതെ, നമ്മെ തൊടാൻ സമ്മതിക്കില്ല. അതുപോലൊന്നുണ്ടാക്കാൻ എനിക്കൊരു മോഹം, അതു കണ്ടപ്പോൾ.

പിന്നെ, കപ്പൽ വന്നു നിൽക്കുന്ന സ്ഥലത്തേക്കു പോയി. കപ്പലിൻെറ പേരും, 'വീട്ടുപേരും' (അവിടെയായിരിക്കും കപ്പൽ രജിസ്റ്റർ ചെയ്തിരിക്കുക) അതിൻെറ പാർശ്വങ്ങളിൽ എഴുതിയിട്ടുണ്ടാവും—

ഗ്ലാസ്ഗോ, ലിവർ പൂൾ, പനാമ അങ്ങനെ. അതൊക്കെ വായിച്ചപ്പോൾ ഈ വിശാലമായ ലോകവുമായി കൂടുതൽ പരിചയപ്പെട്ടപോലെ തോന്നി.



കപ്പലിൽനിന്നു ചരക്കുകളിറക്കുന്നതു കണ്ടു. റെയിൽപ്പാളങ്ങളിന്മേലൂടെ കപ്പലിന്നടുത്തേയ്ക്കു നീക്കാവുന്ന "ക്രെയിനു"കളാണ് അതിനുപയോഗിക്കുന്നത്. കൊടിമരംപോലെ പൊക്കമുള്ളവയാണ് ക്രെയിനുകൾ, അതിൻെറ അററത്ത് ഒരു കൈയുണ്ട്; അതിൽനിന്ന് അററത്ത് കൊളുത്തുള്ള ഒരു ഇരുമ്പുചങ്ങല തൂങ്ങിക്കിടപ്പുണ്ടാകും. കപ്പലിലെ ചരക്കുകെട്ടിന്മേൽ കൊളുത്ത് പിടിപ്പിച്ചാൽ, ഒരു ചൂളം കേൾക്കും; അപ്പോൾ ഒരു കപ്പിയുടെ സഹായത്തോടെ ഈ ചങ്ങല മേലോട്ടുയരും; ക്രെയിൻ കരയിലേയ്ക്ക് തിരിയും; ചങ്ങല വീണ്ടും താണ് അററത്തുള്ള ചരക്കുകെട്ട് വണ്ടിയിൽ ഇറക്കും. ആനകളേയും മററും കപ്പലിലേയ്ക്കു കയററുന്നതും ഇറക്കുന്നതുംകൂടി ഇങ്ങനെ

യാണ്. ഒരിടത്തല്ലെങ്കിൽ മററൊരിടത്ത് ഈ പ്രവൃത്തി സദാ നടക്കുന്നുണ്ടായിരിക്കും.

യൂറോപ്പിലേയ്ക്കു നാളികേരച്ചാക്കുകൾ കയററുമതി ചെയ്യുന്നതു കണ്ടു, മററൊരിടത്ത്. കപ്പിത്താൻെറ സമ്മതത്തോടുകൂടി ഞങ്ങൾ കപ്പലിൽ കയറി. അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ച് ഞങ്ങൾ രണ്ടു സംഘമായി തിരിഞ്ഞു. തന്മൂലം കൂടുതൽ സൗകര്യമുണ്ടായി. ഞങ്ങൾ മര്യാദയോടുകൂടി പെരുമാറുമെന്ന് അദ്ദേഹം ആദ്യമേ ആശ പ്രകടിപ്പിച്ചു. കപ്പലിൻെറ എഞ്ചിനും മററെല്ലാ ഭാഗങ്ങളും ഞങ്ങൾ നടന്നുകണ്ടു. കയററിറക്കുമതിച്ചരക്കുകൾ വയ്ക്കുന്ന സ്ഥലത്തുകൂടെ, നന്നേ മനസ്സിരുത്തേണ്ടിവന്നു, നടന്നു കാണുവാൻ: കപ്പലിലെ സ്റ്റോറിലുള്ള, ചരക്കുകളിലെഴുതിയിരിക്കുന്ന പേർ വായിക്കാൻ എനിക്ക് വളരെ രസം തോന്നി. എന്താണ് വരുന്നത്, എവിടുന്നാണ് വരുന്നത് എന്നറിയാമല്ലോ. അതെല്ലാം വായിച്ചപ്പോൾ ഭൂമിശാസ്ത്രത്തെപ്പററി കുറേക്കൂടി യഥാർത്ഥമായ ഒരു ബോധം എനിക്കുണ്ടായി.

വിമാനത്താവളത്തിലേയ്ക്കാണ് പിന്നെപ്പോയത്, വിമാനം വന്നിറങ്ങുന്നതും പോകുന്നതും കാണാൻ. ഒരെണ്ണം അപ്പോൾ വന്നിറങ്ങുന്ന സമയമായിരുന്നു. വളരെപ്പേർ അതു കാണാൻ അവിടെ കൂടിയിരുന്നു. വെള്ളിപോലെ തിളക്കമുണ്ട് വിമാനത്തിന്. അതൊന്നു തൊട്ടുനോക്കാൻ ഞങ്ങളെ അനുവദിച്ചില്ല.

എനിക്ക് വല്ലാത്ത ദാഹമുണ്ടായിരുന്നു. പലരും വളരെ ക്ഷീണിച്ചിരുന്നു. ഒരു മരത്തിൻെറ തണലിൽ, പുല്ലിലിരുന്ന് ഞങ്ങൾ കുറേ പഴവും മധുര

നാരങ്ങയും സോഡയുമെല്ലാം കഴിച്ചതിൽപ്പിന്നീടേ പുറപ്പെട്ടുള്ളു. സമയമുണ്ടായിരുന്നെങ്കിൽ അവിടത്തെ നാവികസങ്കേതവുംകൂടി കാണാമായിരുന്നു.

ഒടുവിൽ കണ്ടതു് ഒരു വക്ക്ഷാപ്പാണ്—തുറമുഖത്തിനും കപ്പലിനും ആവശ്യമായ എല്ലാത്തരം കേടുപോക്കലും ചെയ്യുന്ന ഒരു വക്ക്ഷാപ്പ്. എനിക്ക് യന്ത്രപ്പണികൾ വളരെ ഇഷ്ടമാണ്. അതും നോക്കി മണിക്കൂറുകളെത്ര വേണമെങ്കിലും കഴിക്കാം. പക്ഷേ സമയമുണ്ടായിരുന്നില്ല. സാധിച്ചെങ്കിൽ എഞ്ചിനീയറിങ്ങിന് പോകണമെന്നു തീരുമാനിച്ചു, ഞാനതു കണ്ടപ്പോൾ.

കൂട്ടത്തിലെഴുതാൻ സമയമില്ല. ഒഴിവുകാലത്ത് ചേച്ചി അമ്മായിയേയും കൂട്ടിവരൂ. അപ്പോൾ പറയാം വിസ്തരിച്ച്. കാളേജിൽനിന്ന് വിനോദയാത്ര പോകുന്നുണ്ടെങ്കിൽ ചേച്ചിയും പോകൂ കൂടെ. പുതിയതായി പലതും പഠിക്കാം. നമ്മൾ ഒന്നു വലുതായി എന്നു തോന്നും.

എന്റെ സ്വന്തം അനിയൻ,
വാസു.

അഭ്യാസം.

1. 'ഞാനും പോയി' എന്ന വാക്യത്തിലെ 'ഞാൻ' ഏതു പുരുഷനിലെ സർവ്വനാമമാണു്? ഉത്തമപുരുഷൻ ഏകവചനമാണെന്നു പഠിച്ചിട്ടുണ്ടല്ലോ. ആ പദത്തിനു് സ്ത്രീപുരുഷവ്യത്യാസമില്ല. സ്ത്രീയും പുരുഷനും പറയും 'ഞാൻ' എന്നു്. അതിന്റെ ബഹുവചനമെന്തു്? 'ഞങ്ങൾ' എന്നാണു് ഒരു ബഹു

വചനം. മറെറാന്നു് 'നമ്മൾ' എന്നും. ഇവയ്ക്കു തമ്മിൽ അർത്ഥവ്യത്യാസമുണ്ടോ? ഉണ്ടു്. ഒരു സംഭാഷണവേളയിൽ 'ഞങ്ങൾ' എന്നു പറഞ്ഞാൽ വക്താവും അയാളുടെ കൂടെയുള്ളവരും മാത്രമേ ഉൾപ്പെടൂ. 'നമ്മൾ' ആണെങ്കിൽ വക്താവും ശ്രോതാവും ചേർന്ന സംഘം എന്നാണർത്ഥം. ഞാനും നീയും അഥവാ ഞങ്ങളും നിങ്ങളും എന്നു സാരം. 'ഞങ്ങൾ', 'നമ്മൾ' ഈ പദങ്ങൾ ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

2. "തുറമുഖത്തിന്റെ മനോഹരമായ ലഘുമാതൃക കാണാനാണു് ഞങ്ങൾ ആദ്യം പോയതു്." ഈ വാക്യത്തിലെ 'ഞങ്ങൾ' എന്ന പദംമാററി 'നമ്മൾ' പ്രയോഗിക്കുക. അപ്പോൾ അർത്ഥത്തിനു വരുന്ന മാററം എന്തു്?

3. 'നമ്മൾ' എന്ന അർത്ഥത്തിൽ 'നാം' എന്നും പ്രയോഗിക്കും. 'നമ്മൾ എല്ലാവരും മനുഷ്യരാണു്'; 'നാമെല്ലാവരും മനുഷ്യരാണു്'. 'നാം' ചേർത്തു വേറൊരു വാക്യം എഴുതുക.

4. നിങ്ങളുടെ നാട്ടിനടുത്തുള്ള തീവണ്ടിയാപ്പീസിനെപ്പററി ഒരു എഴുത്തു് ചങ്ങാതിക്കെഴുതുക.

5. കൊച്ചിത്തുറമുഖത്തിൽ കാണാനുള്ള വിശേഷങ്ങൾ എന്തെല്ലാം?

6. കൊച്ചിത്തുറമുഖം രൂപപ്പെടുത്തിയതെങ്ങനെ?

പാഠം 10

കൃഷ്ണപ്പരുന്ത്

യാത്ര പുറപ്പെട്ടമ്പോൾ ശകുനം നോക്കി ഇറങ്ങുന്നവൎക്ക് കൃഷ്ണപ്പരുന്ത് വലിയ ഒരനുഗ്രഹമാണല്ലോ. വീട്ടിന്റ മുകളിലോ, അടുത്ത കുളത്തിനരികിലോ, പാടത്തിന്റമീതെയോ, സദാ പറന്നുകൊണ്ടിരിക്കുന്ന കൃഷ്ണപ്പരുന്തിനെ കാണുവാനെന്താണ് പ്രയാസം? ഈ പക്ഷിതന്നെയാണ് ഭക്തന്മാരുടെ ഗരുഡൻ.

ഞാൻ ഒരിക്കൽ യാത്രക്കിറങ്ങിയപ്പോൾ കാരണവർ ഗരുഡനെ കാണിച്ചുതന്ന് ധൈൎയ്യമായി പൊയ്ക്കൊൾവാൻ പറഞ്ഞു. പാടത്തുകൂടെ റോഡിലേയ്ക്കു കയറുമ്പോൾ ഈ പരുന്തിനെ ഞാൻ കുറച്ചൊന്നു സൂക്ഷിച്ചുനോക്കി. മൂപ്പർ കൂടക്കൂടെ നെൽക്കതിർ നിറഞ്ഞുനില്ക്കുന്ന പാടത്തിന്റ തൊട്ടു മീതേ പറന്ന്, കാലുകൾകൊണ്ട് എന്തോ പിടിച്ചു തിന്നുകയാണ്. പുല്ലോന്തുകളാണ് ഇര എന്ന് ഉടനെ മനസ്സിലായെങ്കിലും, പക്ഷിയുടെ വിദ്യ പുതിയതായി തോന്നി. പത്തിരുപതടി ഉയരത്തിൽനിന്ന് ചിറകടിക്കാതെ ഗരുഡൻ നെല്ലിന്റനേരേ ചരിഞ്ഞു പറന്നു. കതിരുകൾ, പറക്കുമ്പോൾത്തന്നെ, വിരലുകൾകൊണ്ടു പിടിച്ചു. പറക്കുന്ന വേഗംകൊണ്ടു കതിരുകൾ വിരലുകൾക്കിടയിലൂടെ ഊരിപ്പോവുകയും ചെയ്തു. പക്ഷി പൊന്തുന്ന സമയത്ത് കാലിൽ വലിയൊരു പുല്ലോന്തുമാത്രം തങ്ങി. ഇതിനെ ഒരു നിമിഷത്തിൽ കൊക്കിലേയ്ക്കെത്തിച്ചു വിഴുങ്ങിയശേഷം പിന്നെയും നെല്ലിലേയ്ക്കുതന്നെ പറന്നു. ഇതു വളരെ രസകരമായ ഒരു കാഴ്ചയായിരുന്നതിനാൽ ഞാൻ വേറെ ഒന്നും

ആലോചിക്കാതെ കുറെ നേരം നോക്കിനിന്നുപോയി. എന്തിനേറെപ്പറയുന്നു; ഉത്തമശകുനമായ ഗരുഡനെ കാണുക കാരണം ബസ്സുതെററി; യാത്ര മുടങ്ങി.

പുതുമഴയ്ക്കുശേഷം പാടങ്ങളുടെ വരമ്പുകളെല്ലാം ചത്ത ഞണ്ടുകളുടെ തോട്ടുകൾകൊണ്ടു നിറഞ്ഞുകാണാറില്ലേ? ഇതിനു കാരണം പ്രധാനമായി ഗരുഡൻതന്നെയാണ്. പാടത്തു വെള്ളം നിറയുവാൻ തുടങ്ങിയാലുടനെ, ഞണ്ടുകൾ ആയിരക്കണക്കിൽ പുറത്തിറങ്ങി നടക്കുവാൻ തുടങ്ങും. ഗരുഡൻെറ നല്ല കാലം! യാതൊരു പ്രയാസവും കൂടാതെ യഥേഷ്ടം തിന്നാൻ കഴിയുന്ന കാലമാണത്. പാടത്തിനുമീതേ പറന്ന് പെട്ടെന്നൊരു ചരിച്ചിൽ; കാലുകൾ താഴ്ത്തി ഒരു റാഞ്ചൽ—ഇതിനിടയ്ക്ക് ഒരു ഞണ്ടു കാലുകളിൽ. ഞണ്ടിനെ, പറക്കുമ്പോൾത്തന്നെ തിന്നാൻ പരുന്തിനു വയ്യാത്തതിനാൽ അതിനെയുംകൊണ്ടു വരമ്പിൽ വന്നിരിക്കും. വന്നിരുന്ന ഉടനെ ഞണ്ടിനെ മലത്തിയിട്ട്, കൊക്കുകൊണ്ട് വളരെ എളുപ്പത്തിൽ അതിൻെറ അടിവയർ കൊത്തിക്കീറി, അകത്തുള്ള മാംസം എടുത്തു വിഴുങ്ങും. ഇതു കഴിഞ്ഞാലുടനെ വീണ്ടും വേട്ട തുടങ്ങുകയായി. ഒരു മണിക്കൂറിനുള്ളിൽ മുപ്പതോ അതിലധികമോ ഞണ്ടുകളെ ഈവിധം തിന്നുതീക്കുവാൻ ഗരുഡനു യാതൊരു പ്രയാസവുമില്ല.

ഗരുഡൻെറ ആഹാരം മേൽപ്പറഞ്ഞ പുല്ലോന്ത്, ഞണ്ട്, ഇവയ്ക്കു പുറമേ പാമ്പ്, മീൻ, പക്ഷിക്കുഞ്ഞുങ്ങൾ എന്നിവയാണ്. മീനിനോടും ഞണ്ടിനോടും പ്രത്യേക പ്രതിപത്തിയുള്ളതിനാൽ ജലാശയങ്ങൾക്കരികെയാണ് ഗരുഡൻെറ താവളം.

കടൽക്കരയിൽ മുക്കുവന്മാരുടെ ഗ്രാമങ്ങളിലും മീൻപിടിത്തം നടക്കുന്ന എല്ലാ സ്ഥലങ്ങളിലും അനവധി ഗരുഡന്മാർ ചെന്നുചേരുന്നത് നാം കാണാറുണ്ടല്ലോ. മണ്ണിൽനിന്ന് പാററകൾ പൊടിയു മ്പോൾ ഗരുഡന് ആഹാരം അവയാണ്. മഴ ക്കാലത്ത് കന്നുപൂട്ടുന്ന സമയത്തും, വേനൽക്കാലത്ത് മീൻപിടിക്കുന്ന സമയത്തും, മുപ്പതും നാല്പതും ഗരുഡ

ന്മാർ ഒന്നായിച്ചേർന്ന് ചുററും പറക്കുന്നതും ആഹാരം തട്ടിയെടുക്കുന്നതും കാണാം. കടലോരത്ത് തിരമാല കൾക്കു മീതേ വല്ല ചെറുജന്തുക്കളും ചത്തു പാറുന്നതു കണ്ടാൽ, നിർഭയം അവയെ റാഞ്ചിയെടുക്കുന്നതിന് ഗരുഡനു പ്രത്യേക സാമർത്ഥ്യമുണ്ട്. ചെറിയ ജാതി പാമ്പുകളെ വളരെ പഥ്യമായതിനാൽ ഈ പക്ഷി

പാമ്പുകളുടെ എണ്ണത്തെ ചുരുക്കുന്നതിനു കുറഞ്ഞൊരു സഹായം ചെയ്യുന്നുണ്ട്.

ഗരുഡനെ കണ്ടാലറിയാത്തവർ മലയാളക്കരയിൽ ഉണ്ടാവുമെന്നു തോന്നുന്നില്ല. അതിൻെറ നിറങ്ങൾ ആരെയും ആകർഷിക്കും. തലയും കഴുത്തും മാറിടവും ഒഴിയെ മററു ഭാഗങ്ങളെല്ലാം നല്ല കാവിനിറമാണ്; തലയും കഴുത്തും മാറും തുവെള്ളയും. ഗരുഡനെ മററു യാതൊരു ജാതി പക്ഷിയുമാണെന്നു തെററിദ്ധരിക്കാൻ വയ്യ. എങ്കിലും അതിൻെറ ജീവിതത്തിലെ ആദ്യത്തെ മൂന്നു നാലു മാസങ്ങളിൽ തവിട്ടുനിറമായ ദേഹത്തിലെങ്ങും വെള്ളനിറമില്ല. അതിനാൽ ഗരുഡൻെറ കുഞ്ഞിനെ ചേരപ്പരുന്താണെന്നു് ഒററ നോക്കിനു് വിചാരിക്കുവാനിടയുണ്ട്. എന്നാൽ ഗരുഡൻെറ വാലു് നല്ല വിശറിപോലെയുള്ളതാണെന്നും ചേരപ്പരുന്തിൻെറ വാലിൽ നിന്നു 'v' എന്ന അടയാളം ആരോ വെട്ടിയെടുത്തപോലിരിക്കുമെന്നും ഓർമ്മ വച്ചാൽ ഈ തെററിദ്ധാരണയ്ക്കു് ഇട വരികയില്ല.

ഗരുഡൻ കൂട്ടകെട്ടിത്തുടങ്ങുന്നതു് ഉദ്ദേശം നവംബർ ഡിസംബർ മാസങ്ങളിലാണ്. ഉണക്കച്ചുള്ളികൾ ശേഖരിച്ച് ഉയന്ന മരങ്ങളുടെ കൊമ്പുകളിൽ കൂട്ടുണ്ടാക്കുന്നു. ഗരുഡനും ചേരപ്പരുന്തും നമ്മുടെ നാട്ടിൽ ആല്, മ വ്, പുളി, തെങ്ങ്, കരിമ്പന എന്നീ മരങ്ങളിലാണ് സാധാരണയായി കൂട്ടുകെട്ടുക. ഗരുഡൻ കൊല്ലത്തിലൊരിക്കലേ മുട്ടയിടുകയുള്ളു. രണ്ടു മുട്ടകളാണ് സാധാരണ ഉണ്ടാവുക. ഗരുഡൻെറ കൂട്ടുകൾ കണ്ടെത്തിയാൽക്കൂടി അവയിൽ എത്ര മുട്ടയുണ്ടെന്നു് പരിശോധിക്കാൻ പോകരുതേ! തല നല്ല ഇരുമ്പുകൊണ്ടു പൊതിഞ്ഞിട്ടു വേണം ഗരുഡൻെറ

ക്കുള്ള മരത്തിൽ കയറാൻ. ഗരുഡനും നാളികേര മിടാൻ കയറുന്നവരുമായുള്ള യുദ്ധം ഞാൻ നരലഞ്ചു തവണ കണ്ടിട്ടുണ്ട്. എല്ലാ പ്രാവശ്യവും ഗരുഡൻ തന്നെയാണ് ജയിച്ചതു്. ഇരുപതുമുപ്പതടി ദൂരത്തു നിന്ന് അമ്പുപോലെ വന്നു തലയ്ക്കു കൊട്ടുന്ന ഗരുഡനെ പേടിക്കാതെ, മരത്തിൽ കയറാൻ കഴിയുന്ന ധീര ന്മാരോ പൊട്ടന്മാരോ ഉണ്ടാവില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ചേരപ്പരുന്തിനെ ഇത്ര പേടി ക്കേണ്ടതില്ല. പലപ്പോഴും യാതൊരുപദ്രവവും അനു ഭവിക്കാതെ ചേരപ്പരുന്തിൻെറ കൂടിനടുത്തേയ്ക്കു ചെല്ലാൻ സാധിക്കും. എന്നാൽ ഗരുഡൻ മാത്രം തൻെറ കൂടിനരികെ മനുഷ്യനോ മററു വലിയ പക്ഷി കളോ അടുക്കുവാൻ സമ്മതിക്കുകയില്ല.

ഗരുഡൻെറ കുഞ്ഞുങ്ങൾ കൂടുവിടുന്നതുവരെ അവയ്ക്കു് പ്രധാനാഹാരം തവളക്കുഞ്ഞുങ്ങളാണ്. കൂടു വിട്ടിറങ്ങുന്നതു്, മഴ തുടങ്ങി പാടത്തു കനംപൂട്ടുന്ന സമയത്തായതിനാൽ ആ സമയം മുതൽ ഒന്നൊന്നര മാസക്കാലത്തേയ്ക്കു ഞണ്ടുകളാണ് ആഹാരം. ഗരു ഡൻെറ കൂട് വളരെ വൃത്തികെട്ടതാണ്. കുഞ്ഞു ങ്ങൾക്കു ഭക്ഷിക്കാൻ കൊണ്ടുവരുന്ന തവളകളുടേയും പാമ്പുകളുടേയും അവശിഷ്ടങ്ങൾ കൂട്ടിൽത്തന്നെ ചീഞ്ഞു കിടക്കുന്നതിനാൽ ദുർഗ്ഗന്ധം എത്രയെന്നു പറഞ്ഞുകൂടാ. മാത്രമല്ല, കോഴിക്കോട്ടങ്ങാടിയിലെ അലുവാ ഷാപ്പുകളിലുംകൂടി ഉണ്ടാവാത്തത്ര ഈച്ചകൾ പകൽ മുഴുവനും ഗരുഡൻെറ കൂട്ടിലുണ്ടാകും.

എങ്കിലും അത്ഭുതം നോക്കുക. തവളകളേയും പാമ്പിനേയും ഞണ്ടിനേയും തിന്നു കഴിഞ്ഞുകൂടുന്ന ഈ ഗരുഡനെ—നമ്മുടെ കോഴിക്കുഞ്ഞുങ്ങളെ മോഷ്ടി കുവാൻ തരം നോക്കി നടക്കുന്ന ഈ പക്ഷിയെയാണ്

വിഷ്ണുവിൻെറ വാഹനമായി കല്പിച്ചിട്ടുള്ളതു്. മഹാവിഷ്ണു ഒരിക്കൽ ഗരുഡൻെറ വേഗംകണ്ടു് അതിശയിച്ചു് തൻെറ പീതാംബരം പക്ഷിക്കു സമ്മാനിച്ചു എന്നും, ആ പീതാംബരം തലയിലും കഴുത്തിലും ധരിച്ചു നടക്കുന്നതിനാലാണു് ആ ഭാഗങ്ങൾ വെള്ളയായിക്കാണുന്നതെന്നുമാണു് വടക്കേ ഇൻഡ്യാക്കാരുടെ സങ്കല്പം. അതെന്തോ? ഇന്നും ഗരുഡൻ കൂടെക്കൂടെ 'കൃഷ്ണാ' എന്ന ശബ്ദം ഉച്ചരിക്കാൻ ശ്രമിക്കുന്നുണ്ടു്. പക്ഷേ തൊണ്ടയ്ക്കു് എന്തോ കേടുള്ളതിനാൽ ആ ശബ്ദം അസുഖമായ 'കീയാ' എന്നായിത്തീരുന്നുവെന്നേയുള്ളു. നല്ല ഭക്തന്മാർക്കു മാത്രമേ, പക്ഷി 'കൃഷ്ണ'നാമം ചൊല്ലുകയാണെന്നു മനസ്സിലാവുകയുള്ളു.

ഗരുഡൻെറ വംശത്തിൽപ്പെട്ട പക്ഷികൾക്കെല്ലാം ഒരു രാജത്വമുണ്ടു്. അവയുടെ ഗാംഭീര്യവും ഭംഗിയും ധൈര്യവും പേരെടുത്തവയാണു്. അതിനാലായിരിക്കാം ഗരുഡൻെറ ബന്ധുക്കളായ പക്ഷികളെ റോമാക്കാരും അമേരിക്കക്കാരും തങ്ങളുടെ രാഷ്ട്രീയ ചിഹ്നങ്ങളായി കൊണ്ടാടിവരുന്നതു്. നമ്മുടെ നാട്ടിൽ ഇനിയും ഒരു പക്ഷിയെ ചിഹ്നമായി തിരഞ്ഞെടുത്തിട്ടില്ല. അങ്ങനെ എടുക്കുന്നതായാൽ മയിലും ഗരുഡനും തിരഞ്ഞെടുപ്പിനു നിൽക്കുമായിരിക്കാം. പക്ഷേ, എൻെറ വോട്ടു് ഗരുഡനുതന്നെയാണെന്നുള്ളതിനു സംശയമില്ല. എൻെറ മാത്രമല്ല. ഒരുപക്ഷേ മഹാകവി വള്ളത്തോളിൻെറയും വോട്ടു് ഗരുഡനായിരിക്കും. 'കൃഷ്ണപ്പരുന്തിനോടു്' എന്ന കവിതയിൽ മഹാകവി ഗരുഡനു നൽകിയ ബഹുമതിയെ കവിഞ്ഞു് വല്ലതും ആ പക്ഷിക്കു നൽകാൻ ഏതു പക്ഷിപ്രിയനും സാദ്ധ്യമല്ലതന്നെ!

അഭ്യാസം

1. "ഞാൻ ഒരിക്കൽ യാത്രയ്ക്കിറങ്ങി" ഈ വാക്യത്തിലെ 'ഞാൻ' എന്നതിനു പകരം 'ഞങ്ങൾ' എന്നോ 'നമ്മൾ' എന്നോ പ്രയോഗിക്കുക.

2. 'നാം' എന്ന പദം മറ്റൊരർത്ഥത്തിലും ഉപയോഗിക്കാറുണ്ട്. "നാം ഒരിക്കൽ യാത്രയ്ക്കിറങ്ങി" എന്ന് ഒരു വ്യക്തിമാത്രം സംസാരിക്കുമ്പോഴും പറയാം. രാജാക്കന്മാർ, മതാദ്ധ്യക്ഷന്മാർ, പ്രഭുക്കന്മാർ മുതലായ മഹാന്മാരാണ് അങ്ങനെ സംസാരിക്കുക. അപ്പോൾ ആ 'നാം' പൂജകബഹുവചനമാകുന്നു.

3. പൂജകബഹുവചനമായ 'നാം' ഉപയോഗിച്ച് ഒരു വാക്യം എഴുതുക.

4. കുഞ്ഞിപ്പരുന്തിന്റെ ആഹാരസമ്പാദനം എങ്ങനെ?

5. കുഞ്ഞിപ്പരുന്തിന്റെ രൂപം വിവരിക്കുക.

6. കുഞ്ഞിപ്പരുന്തിന്റെ കുടുംബജീവിതത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

പാഠം 11

ദശരഥന്റെ പാരവശ്യം

മന്ത്രിപ്രവരവാക്യം കേട്ട രാഘവനും
മന്ദേതരമവൻ തന്നോടു കൂടവേ,
സൗമിത്രിയോടും കരേറി രഥോപരി
പ്രേമവിവശനാം താതൻ മരുവിടും
മന്ദിരേ ചെന്നു പിതാവിൻ പദദ്വയം
വന്ദിച്ചുവീണു നമസ്കരിച്ചീടിനാൻ.
രാമനെച്ചെന്നെടുത്താലിംഗനം ചെയ്‌വാൻ
ഭൂമിപനാശു സമുത്ഥായ സംഭ്രമാൽ
ബാഹുക്കൾ നീട്ടിയ നേരത്തു ദുഃഖേന
മോഹിച്ചു ഭൂമിയിൽ വീണിതു ഭൂപനും.
"രാമരാമേ"തി പറഞ്ഞു മോഹിച്ചോരു
ഭൂമിപനെക്കണ്ടു വേഗേന രാഘവൻ
താതനെച്ചെന്നെടുത്താശ്ലേഷവും ചെയ്തു
സാദരം തന്റെ മടിയിൽ കിടത്തിനാൻ.
നാരീജനങ്ങളതു കണ്ടനന്തര-
മാരൂഢ ശോകാൽ വിലാപം തുടങ്ങിനാർ.
രോദനം കേട്ടു വസിഷ്ഠ മുനീന്ദ്രനും
ഖേദേന മന്ദിരം പുക്കിതു സത്വരം.

അദ്ധ്യാത്മരാമായണം] [എഴുത്തച്ഛൻ.

അഭ്യാസം

1. മന്ത്രിപ്രവരൻ = മന്ത്രിശ്രേഷ്ഠൻ. മന്ദിരേ = വീട്ടിൽ. രാമരാമേതി = രാമരാമ എന്ന്. ആരൂഢശോകാൽ = വർദ്ധിച്ച ദുഃഖംകൊണ്ട്. ഖേദേന = ദുഃഖത്തോടുകൂടി. സമുത്ഥായ = എഴുന്നേറ്റ്. രഥോപരി = രഥത്തിൽ.
2. ദശരഥന്റെ പാരവശ്യം സ്വന്തം വാക്യത്തിലെഴുതുക.
3. 'മോഹിച്ചു ഭൂമിയിൽ വീണിതു ഭൂപനും.' ഈ വാക്യത്തിലെ ആഖ്യയും ആഖ്യാതവും എഴുതുക.
4. 'നാരീജനങ്ങളതു കണ്ടനന്തരം
ആരൂഢശോകാൽ വിലാപം തുടങ്ങിനാർ'

   ഈ വരികളുടെ അർത്ഥമെഴുതേണ്ടതെങ്ങനെ? പദ്യങ്ങളുടെ അർത്ഥമെഴുതുമ്പോൾ ആ വരികളിലുള്ള പദങ്ങളിൽ ഒന്നുപോലും വിട്ടുകളയരുത്. മേൽ ഉദ്ധരിച്ച വരികളെ നമുക്ക് ഇങ്ങനെ വിവരിക്കാം: "അതു കണ്ടപ്പോൾ സ്ത്രീകൾ വർദ്ധിച്ച ദുഃഖംകൊണ്ട് വിലപിച്ചുതുടങ്ങി."

   ഇങ്ങനെ പദ്യത്തിന്റെ അർത്ഥം ഗദ്യത്തിലെഴുതുന്നതിന് "പരാവർത്തനം" എന്നു പറയുന്നു. പാഠത്തിലെ ആദ്യത്തെ ആറു വരികൾ പരാവർത്തനം ചെയ്യുക.
5. രാജാവ്, ലക്ഷ്മണൻ, കൈകകൾ, സ്ത്രീ ഈ പദങ്ങൾക്ക് ഓരോ പര്യായമെഴുതുക.

പാഠം 12

പ്രകൃതി ഒരു മഹാഗ്രന്ഥം

പ്രിയപ്പെട്ട ഇന്ദിരേ,

നീയും ഞാനും ഒന്നിച്ചായിരുന്ന അവസരങ്ങളിൽ പല വിഷയങ്ങളെക്കുറിച്ചും നീ എന്നോടു നേരിട്ടു ചോദ്യങ്ങൾ ചോദിക്കാറും, ഞാനവയെല്ലാം മറുപടി നൽകാറുമുണ്ടല്ലോ. ഇപ്പോൾ നീ മസൂറിയിലും ഞാൻ അലഹാബാദിലും ആയതുകൊണ്ടു് നമുക്ക് അഭിമുഖമായിരുന്ന് സംസാരിക്കാൻ കഴിവില്ല. ഇൻഡ്യയെക്കുറിച്ചും മററു രാജ്യങ്ങളെക്കുറിച്ചും കൂടക്കൂടെ നിനക്കു കത്തെഴുതാമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ആംഗലചരിത്രത്തെയും ഇൻഡ്യാചരിത്രത്തെയുംപററി നീ കുറച്ചൊക്കെ ഗ്രഹിച്ചിരിക്കും. ഇംഗ്ലണ്ടു് ചെറിയ ഒരു ദ്വീപാണ്; ഇൻഡ്യ വലിയൊരു രാജ്യമാണെങ്കിലും, ഭൂഗോളത്തിലെ ചെറിയൊരു ഭാഗം മാത്രമാണതു്. നമ്മുടേതായ ഈ ലോകത്തിൻെറ ചരിത്രം വല്ലതും കുറെയൊക്കെ അറിയണമെന്നുണ്ടെങ്കിൽ സർവ്വ രാജ്യങ്ങളെയും സർവ്വ രാജ്യനിവാസികളെയും കുറിച്ചുള്ള പരിചയം അത്യന്താപേക്ഷിതമാണ്. നമ്മുടെ നാട്ടിനെപ്പററി മാത്രം അറിഞ്ഞാൽ പോരാ.

കത്തുകൾവഴിയായി വളരെയൊന്നും നിന്നെ ധരിപ്പിക്കാൻ എനിക്കു കഴിവില്ലല്ലോ എന്നതാണ് എൻെറ ചിന്ത. പക്ഷേ കത്തുകൾവഴി കിട്ടുന്ന ആ അല്പസംഗതികൾ നിൻെറ ശ്രദ്ധയെ ആകർഷിക്കുമെന്നും മററു രാജ്യങ്ങളെയും അവിടത്തെ നിവാസി

കളായ സഹോദരീസഹോദരന്മാരെയും കുറിച്ച് ചിന്തിക്കാൻ നിന്നെ പ്രേരിപ്പിക്കുമെന്നുമാണ് എൻെറ പ്രതീക്ഷ. നിനക്കു പ്രായമാകുമ്പോൾ ലോകത്തെയും ലോകരെയും കുറിച്ചെഴുതപ്പെട്ടിട്ടുള്ള വലിയ വലിയ ഗ്രന്ഥങ്ങൾ, നീ വായിച്ചിരിക്കാവുന്ന കഥകളെക്കാളും ആഖ്യായികകളെക്കാളും കൂടുതൽ ശ്രദ്ധിച്ചു പാരായണം ചെയ്യുമെന്നും ഞാൻ കരുതുന്നു.

നമ്മുടെ ഈ ഭൂമിക്ക് അനേകലക്ഷം കൊല്ലം പഴക്കമുണ്ടെന്ന് നിനക്കു തീർച്ചയായും മനസ്സിലായിരിക്കും. വളരെക്കാലം ഈ ഭൂമിയിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരുന്നില്ല. മനുഷ്യർ പ്രത്യക്ഷരാകുന്നതിനുമുമ്പ് ഈ ഭൂമിയിൽ പക്ഷിമൃഗാദി ജന്തുക്കളാണുണ്ടായിരുന്നത്. അവയ്ക്കുമുമ്പ് ജീവജാലങ്ങളേ ഇവിടെ ഉണ്ടായിരുന്നില്ല. മനുഷ്യരാലും പക്ഷിമൃഗാദി ജന്തുക്കളാലും സമ്പൂർണ്ണമായ ഇന്നത്തെ ലോകത്തിൻെറ സ്ഥിതി, ഇതൊന്നുമില്ലാത്ത കാലത്തെ സ്ഥിതിയുമായി താരതമ്യപ്പെടുത്താൻ തന്നെ വിഷമമാണ്. ഈവക സംഗതികളെക്കുറിച്ച് പഠിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുള്ള ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്, ഭൂമിയുടെ ദുസ്സഹമായ ചൂടുനിമിത്തം അതിൽ ജീവജാലങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ലെന്നാണ്. അവർ എഴുതിയിട്ടുള്ള പുസ്തകങ്ങൾ വായിക്കുകയും മൃഗങ്ങളുടെ ജീർണ്ണാവശിഷ്ടങ്ങളും പാറകളും പരിശോധിക്കുകയും ചെയ്യുന്നപക്ഷം, ശാസ്ത്രജ്ഞന്മാർ പറയുന്നത് ശരിയെന്ന് നമുക്ക് തോന്നാതിരിക്കുകയില്ല.

പുസ്തകങ്ങളിലുള്ള ചരിത്രമാണ് നീ വായിക്കുന്നത്. എന്നാൽ മനുഷ്യരില്ലാതിരുന്ന കാലത്ത്

നിശ്ചയമായും ഗ്രന്ഥങ്ങളുണ്ടാകാൻ നിവ്വാഹമി ല്ലല്ലോ. അപ്പോൾപ്പിന്നെ എങ്ങനെയാണ് ആ കാല ത്തുള്ള സംഭവങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് നാം ഗ്രഹിക്കുക? എന്നാലും, എല്ലാം സങ്കല്പത്തിന്നു വിട്ടുകൊടുത്തുകൊണ്ട് നാം സ്വസ്ഥരായിരുന്നുകൂടാ. സങ്കല്പിച്ചുകൊണ്ടിരിക്കുമ്പോൾ, യക്ഷികഥകൾ കേൾക്കുമ്പോളുണ്ടാകുന്നപോലുള്ള ഒരനുഭൂതി നമുക്കു ണ്ടാകും. പക്ഷേ, അതു് യുക്തിക്കും അനുഭവത്തിനും ഗോചരമായ വിഷയംപോലെ യഥാത്ഥമായിരിക്കുക യില്ല. ആദിമകാലങ്ങളെക്കുറിച്ച് ചരിത്രഗ്രന്ഥ ങ്ങളില്ലെങ്കിലും ചരിത്രഗ്രന്ഥങ്ങളിൽ നിന്നെന്ന പോലെ വിസ്തരിച്ച് കാര്യം ഗ്രഹിക്കാനുതകുന്ന ചില വസ്തുക്കൾ നമുക്ക് ലഭിച്ചിട്ടുണ്ടു്. പാറകളും മലകളും കടലുകളും നക്ഷത്രങ്ങളും നദികളും മരുഭൂമി കളും പുരാതന മൃഗാവശിഷ്ടങ്ങളും നമുക്കു കിട്ടിയിരി ക്കുന്നു. ഇവയും ഇവയെപ്പോലുള്ള മററു വസ്തുക്കളു മാണ് ലോകത്തിൻെറ ആദിമചരിത്രഗ്രന്ഥങ്ങൾ. മററുള്ളവരെഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ വായിച്ച് അവ യിലെ ഉള്ളടക്കം ഗ്രഹിക്കുകയല്ല, പ്രകൃതിയുടെ മഹാ ഗ്രന്ഥത്തെ സമാശ്രയിച്ച് യാഥാത്ഥ്യം മനസ്സിലാക്കു കയാണ് ശരിയായ മാർഗ്ഗം. പാറകളിൽനിന്നും പവ്വതങ്ങളിൽനിന്നും കഥകൾ വായിച്ചറിയുന്നതു് എങ്ങനെയെന്ന് നിനക്ക് വേഗം മനസ്സിലാകുമെ ന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. എത്ര ആനന്ദപ്രദ മായിരിക്കും അതെന്ന് ഒന്നാലോചിച്ചു നോക്കൂ. പവ്വതപാർശ്വത്തിലോ നിരത്തിലോ കിടക്കുന്ന ഓരോ ചെറിയ കല്ലും പ്രകൃതിഗ്രന്ഥത്തിലെ ഓരോ ചെറിയ ഏടാണ്. എങ്ങനെയാണ് ആ ഏട്ടുകൾ വായിക്കേ ണ്ടതെന്നറിഞ്ഞാൽ നിനക്കതിൽനിന്നു് ചിലതു്

ഗ്രഹിക്കാനും സാധിക്കും. ഹിന്ദിയോ, ഇംഗ്ലീഷോ ഉർദ്ദുവോ വായിക്കണമെങ്കിൽ ആ ഭാഷയിലുള്ള അക്ഷരമാല പഠിച്ചേ കഴിയൂ. അതുപോലെതന്നെ പർവ്വതങ്ങളുടേയും പാറകളുടേയും ഗ്രന്ഥത്തിലുള്ള കഥകൾ വായിച്ചറിയണമെങ്കിൽ പ്രകൃതിയുടെ അക്ഷരമാല പരിചയിച്ചല്ലാതെ തരമില്ല. എങ്ങനെയാണ് വായിക്കേണ്ടതെന്ന് ഇപ്പോൾത്തന്നെ കുറച്ചറിയാൻ നിനക്ക് സാധിക്കും. മിനുത്തുരുണ്ട ഒരു വെള്ളാരങ്കല്ല് നീ കാണുന്നുവെന്നു വിചാരിക്കുക. അതിനും നിന്നോട്ട് ചിലതു് പറയാനുണ്ടാകയില്ലേ? ആ വെള്ളാരങ്കല്ല് മൊട്ടും മുരടും മുക്കും മൂലയും പോയി, ഉരുണ്ട് മിനുസമായിത്തീർന്നതെങ്ങനെയാണ്? നീയൊരു പാറ തല്ലിപ്പൊട്ടിച്ച് ചെറുകഷണങ്ങളാക്കി നോക്കുക. ഓരോ കഷണത്തിനും മുക്കും മൂലയും ഉണ്ടായിരിക്കും; പരുപരുപ്പും കാണും. അതു് വർത്തുളമായിരിക്കയില്ല. വെള്ളാരങ്കല്ല് എങ്ങനെയാണ് ഉരുണ്ട മിനുസമായിത്തീർന്നതു്? കണ്ണും കാതും കൊടുത്താൽ ആ കല്ല് അതിൻെറ കഥ നിന്നോടു പറയും. പണ്ട്—വളരെക്കാലം മുമ്പ്—അതൊരു പാറക്കഷണമായിരുന്നു. അന്ന് അതിന്ന് മുക്കും മൂലയും മൊട്ടും മുരടുമൊക്കെ ഉണ്ടായിരുന്നു. ഏതോ പർവ്വതത്തിലാണ് അതു് കിടന്നിരുന്നതു്. മഴക്കാലം ആരംഭിച്ചു. ശക്തിയായി മഴപെയ്ത് വെള്ളം ഊക്കോടെ ഒലിക്കാനും, പാറക്കഷണം അതിൽപ്പെട്ട് ഉരുളാനും തുടങ്ങി. പിന്നീട് അതു് അരുവിയിലെത്തി; അവിടെനിന്ന് ആററിലേയ്ക്കു്; ആററിൽ നിന്നു മറെറാരു വലിയ നദിയിലേയ്ക്കു്. ഈ ഉരുണ്ടുകൊണ്ടുള്ള നീങ്ങലിൽ അതിൻെറ മുക്കും മൂലയും മൊട്ടും മുരടും തേഞ്ഞുമാഞ്ഞുപോയി. അതിന്ന്

ഉരുണ്ട വടിവും മിനുമിനുപ്പും സിദ്ധിച്ചു. അങ്ങനെയാണ് അതു് നീ ഒടുവിൽ കണ്ട സ്ഥിതിയിലെത്തിയതു്. പിന്നെയും അതു യാത്ര തുടൎന്നുപോകുന്നപക്ഷം തേഞ്ഞുതേഞ്ഞു്, ഒടുവിൽ ഒരു മണൽത്തരിയായി മാറി, മററു മണൽത്തരികളുമായിച്ചേരുകയും ചെയ്യും. അങ്ങനെ അതു് സമുദ്രതീരത്തിൽ, സ്വസഹോദരന്മാരുമൊന്നിച്ചുചേൎന്നു്, ചെറിയ കുട്ടികൾക്കു് ക്രീഡാരംഗമായും മൺമാളികയായും ഭവിക്കും.

ഒരു ചെറിയ വെള്ളാരങ്കല്ലിനു് ഇത്രത്തോളമൊക്കെ പറയാൻ കഴിയുമെങ്കിൽ, അനേകം കല്ലുകൾക്കും പൎവ്വതങ്ങൾക്കും നമ്മുടെ ചുററുമുള്ള വസ്തുക്കൾക്കും എത്രമാത്രം കഥകളാണു് പറയാനുണ്ടാവുക!

എന്നു് അച്ഛൻ,

ജവഹർലാൽ നെഹ്റു.

അഭ്യാസം.

1. "മാനുകൾ വളരെ വേഗത്തിൽ ഓടുന്നു."—ഈ വാക്യത്തിൽ 'മാനുകൾ' കൎത്താവും 'ഓടുന്നു' ക്രിയയും 'വേഗത്തിൽ' ക്രിയാവിശേഷണവുമാകുന്നു. ഇതെല്ലാം നേരത്തേ പഠിച്ചതാണു്. എന്നാൽ, 'വളരെ' എന്ന പദം എന്തിനു പ്രയോഗിച്ചിരിക്കുന്നു? ഇക്കാൎയ്യം അറിഞ്ഞിരിക്കേണ്ടതാണു്. എത്ര വേഗത്തിലാണു് മാനുകൾ ഓടിയതെന്നുള്ള വസ്തുത വെളിപ്പെടുത്തുന്നു, 'വളരെ' എന്ന പദം. അതുകൊണ്ടു് അതു വിശേഷണത്തിൻെറ വിശേഷണമാണു്. വിശേഷണത്തിനു 'ഭേദകം' എന്നും പേരുണ്ടു്. അതിനാൽ 'വളരെ' ഭേദകവിശേഷണം ആകുന്നു.

2. ഭേദകവിശേഷണം ചൂണ്ടിക്കാണിക്കുക:—

(i) രാധ ഏററവും ഭംഗിയായി ചിത്രം വരയ്ക്കുന്നു.

(ii) കുട്ടികൾ വളരെ ഉച്ചത്തിൽ പാഠം വായിക്കണം.

(iii) കാളിദാസന്റെ ഏററവും നല്ല കൃതിയാകുന്നു ശാകുന്തളം.

3. "വാല്മീകി നിർമ്മിച്ച കാവ്യമാകുന്നു ലോകപ്രസിദ്ധമായ രാമായണം" ഈ വാക്യത്തിലെ നാമവിശേഷണങ്ങൾ ചൂണ്ടിക്കാണിക്കുക.

4. മനുഷ്യർ പ്രത്യക്ഷരാകുന്നതിനു മുമ്പുള്ള ഭൂമിയുടെ സ്ഥിതി എന്തായിരുന്നു?

5. ലോകത്തിന്റെ ആദിമചരിത്രഗ്രന്ഥങ്ങൾ ഏവ?

6. പ്രകൃതിമഹാഗ്രന്ഥത്തിൽനിന്നു നമുക്കു് എന്തെല്ലാം പഠിക്കാം?

പാഠം 13

സംഘമിത്ര

അശോക ചക്രവർത്തി അവസാനമായി നടത്തിയതു് കലിംഗയുദ്ധമാണു്. അതിഭയങ്കരമായ ആ യുദ്ധത്തിൽ ചത്തൊടുങ്ങിയ ജനങ്ങൾക്കു കയ്യും കണക്കുമില്ല. യുദ്ധത്തിനു പുറപ്പെടുകയേ വേണ്ടിയിരുന്നില്ല എന്നുപോലും അശോകനു തോന്നിപ്പോയി.

യുദ്ധത്തിനു പുറപ്പെട്ടപ്പോൾ മകളായ സംഘമിത്രയും അച്ഛനോടുകൂടിയുണ്ടായിരുന്നു. സ്ത്രീകളുടെ ഒരു സൈന്യം തന്നെ ചക്രവർത്തിയെ അനുഗമിച്ചിരുന്നതുകൊണ്ടു് പുത്രിയുടെ സന്നിധാനം അവൾക്കോ പിതാവിനോ യാതൊരു അസൗകര്യത്തിനും കാരണ-

മായിത്തീൎന്നില്ല. ഒരു ലക്ഷം കാലാൾപ്പട, അൻപതിനായിരം കുതിരപ്പട, പതിനായിരം ആനപ്പട ഇങ്ങനെ വൻപിച്ച സൈന്യത്തോടുകൂടിയായിരുന്നു ചക്രവൎത്തിയുടെ പുറപ്പാട്. ശത്രുരാജ്യത്തെയും രാജ്യനിവാസികളെയും ഭസ്മീകരിച്ചുകൊണ്ടാണ് സൈന്യം പുരോഗമിച്ചതു്. ഒരു വീടോ ജീവനോടുകൂടിയ ഒരു മനുഷ്യനോ ആ വഴിക്കൊന്നും അവശേഷിച്ചില്ല. പരമാൎത്ഥം പറഞ്ഞാൽ, ഭൂമിയിൽ നരകം സൃഷ്ടിക്കുന്ന ഒരു ജൈത്രയാത്രയായിരുന്നു അതു്.

യുദ്ധത്തിൻെറ അവസാനം കണ്ടു തുടങ്ങി. കലിംഗന്മാർ അത്ഭുതകരമായ ധീരതയോടുകൂടി യുദ്ധം ചെയ്തു. അശോകചക്രവൎത്തിയുടെ കൂടെ പുറപ്പെട്ട വലിയ സൈന്യവും പിന്നീടു ശേഖരിച്ച പുത്തൻ പട്ടാളവും ഒട്ടുമുക്കാലും ചത്തൊടുങ്ങി. കലിംഗന്മാരും വല്ലാതെ ക്ഷീണിച്ചു. അവരുടെ നഷ്ടവും കണക്കററതായിരുന്നു. ഒടുവിൽ ഇരുകൂട്ടരും രണ്ടും കല്പിച്ച് അവസാനസമരത്തിനു് ഒരുങ്ങി പുറപ്പെട്ടിരിക്കയാണ്.

സൂൎയ്യൻ അസ്തമിച്ചു. ഭൂമിയിൽ നടക്കുന്ന കൂട്ടക്കൊല കാണുന്നതിലുള്ള വൈമനസ്യം കൊണ്ടോ എന്നു തോന്നുമാറു്, ചന്ദ്രൻ കൂടക്കൂടെ മേഘങ്ങളുടെ ഇടക്കു മറയുന്നുണ്ട്. സംഘമിത്ര ഒററക്കു കൂടാരത്തിൽ ചിന്താമഗ്നയായി ഇരിക്കുന്നു. മുഖം വല്ലാതെ വാടിയിട്ടുണ്ട്. ഏതോ ദുഃഖാത്മകമായ ചിന്ത അവളുടെ മനസ്സിനെ അത്യധികം പീഡിപ്പിക്കുന്നുണ്ടെന്നു് പ്രഥമദൃഷ്ടിയിൽത്തന്നെ മനസ്സിലാക്കാം. സഹോദരനായ മഹേന്ദ്രൻ പെട്ടെന്നു കടന്നുവന്നതുകണ്ടു് ജിജ്ഞാസയോടുകൂടി അവൾ അവൻെറ മുഖത്തേക്കു് ഉററുനോക്കി.

"സഹോദരീ, വ്യസനിക്കരുത്" മഹേന്ദ്രൻ പറഞ്ഞു തുടങ്ങി: "ചന്ദ്രസേനൻ മുറിവേററു പോക്കളത്തിൽ വീണു കിടക്കുകയാണ്. മനസ്സിനെ ധൈര്യപ്പെടുത്തി എന്റെ കൂടെ വരിക. വേണ്ടപോലെ ശുശ്രൂഷിച്ചാൽ ഒരു പക്ഷേ ചന്ദ്രസേനൻ ജീവിച്ചേയ്ക്കും".

സംഘമിത്ര പ്രതീക്ഷിച്ചിരുന്ന ആപത്തു് വന്നു ചേരുകതന്നെ ചെയ്തു. അവൾ കരയുകയോ ബഹളം കൂട്ടുകയോ ചെയ്തില്ല. സ്വയം നിയന്ത്രിച്ച്, ധൈര്യം അവലംബിച്ച്, സഹോദരനോടുകൂടി അവൾ പടക്കളത്തിലേയ്ക്കു പുറപ്പെട്ടു. ചത്തും ചാകാതെയും പകുതി ചത്തും കിടക്കുന്ന ആയിരക്കണക്കിനുള്ള മനുഷ്യശരീരങ്ങൾക്കിടയിൽക്കൂടി അവൾ വളരെനേരം നടന്നു. ഒടുവിൽ, ഒരു ചെറിയ കുന്നിന്റെ ചരുവിൽ. യുദ്ധം അപ്പോഴും നടന്നുകൊണ്ടിരുന്ന പോക്കളത്തിന്റെ ഒരു ഭാഗത്തു്, ചന്ദ്രസേനൻ വീണു കിടക്കുന്നതു് അവർ കണ്ടെത്തി. കഷ്ടം! ആ സഹോദരർ അവിടെ എത്തുന്നതിനു് അല്പം മുൻപു് ആ വീരയോദ്ധാവിന്റെ ആത്മാവു് ഇഹലോകത്തോടു യാത്ര പറഞ്ഞുകഴിഞ്ഞിരുന്നു.

താൻ പ്രാണനെപ്പോലെ സ്നേഹിച്ചിരുന്ന ആ കാമുകന്റെ ജഡത്തിന്മേൽ സംഘമിത്ര മോഹാലസ്യപ്പെട്ടു വീണു. വളരെ നേരം കഴിഞ്ഞതിനുശേഷമാണു് അവൾക്കു സ്വബോധം വീണ്ടുകിട്ടിയതു്. കണ്ണുനീർ വററുന്നതുവരെ അവൾ കരഞ്ഞു. സഹോദരിയെ അവിടെനിന്നു കൂടാരത്തിലേയ്ക്കു കൂട്ടികൊണ്ടു പോകാൻ മഹേന്ദ്രനു് വളരെ പ്രയാസപ്പെടേണ്ടി വന്നു.

സൈനികമായ സകല ബഹുമതികളോടും കൂടി അശോകചക്രവർത്തിയുടെ സാന്നിദ്ധ്യത്തിലാണ് ചന്ദ്രസേനൻെറ ശവസംസ്കാരം നിർവ്വഹിക്കപ്പെട്ടതു്. അന്ത്യഘട്ടത്തിൽ, സംഘമിത്ര കാമുകൻെറ ഭൗതികാവശിഷ്ടങ്ങളോടു യാത്രപറഞ്ഞ രംഗം അത്യന്തം ദയനീയവും ഏററവും ഹൃദയസ്പൃക്കുമായിരുന്നു. അശ്രുധാരകൊണ്ടു് അവളുടെ മാറിടം മുഴുവൻ നനഞ്ഞിരുന്നു. പെട്ടെന്നു് അവളുടെ ഭാവം മാറിയതുപോലെ തോന്നി; കണ്ണുകൾ ജ്വലിക്കുന്നതുപോലെ കാണപ്പെട്ടു. നീണ്ടുനിവർന്നുനിന്നുകൊണ്ടു്, ഗദ്ഗദത്തോടുകൂടിയാണെങ്കിലും ദൃഢസ്വരത്തിൽ ആ രാജപുത്രി പ്രസ്താവിച്ചു:—

"പ്രതാപശാലിയായ അശോകചക്രവർത്തിക്കു് വിനീതമായ നമസ്ക്കാരം!"

അസാധാരണമായ ഈ വാക്കുകൾ ശ്രോതാക്കളെ സ്തബ്ധരാക്കി; ചക്രവർത്തി അത്ഭുതപ്പെട്ടു. സംഘമിത്ര എന്താണു പറയാൻ പോകുന്നതെന്നു കേൾക്കുന്നതിനുവേണ്ടി എല്ലാവരും ചെവിയോർത്തുനിന്നു. അവൾ തുടർന്നു:

"മഹാനായ ചക്രവർത്തീ! ഇതാ, കലിംഗരാജ്യവും അങ്ങയ്ക്കധീനമായിരിക്കുന്നു. ഇപ്പോൾ അവിടന്നു് സമുദ്രം തൊട്ടു സമുദ്രംവരെയുള്ള അതിവിസ്തൃതമായ ഒരു സാമ്രാജ്യത്തിൻെറ അധീശനായിത്തീർന്നിരിക്കുന്നു. മാത്രമല്ല, ലോകത്തിലെ നരകങ്ങൾക്കുകൂടി അങ്ങു ചക്രവർത്തി ആയിരിക്കുന്നു. പാടലീപുത്രം മുതൽ കലിംഗംവരെ ഇപ്പോൾ പുതുതായി സൃഷ്ടിക്കപ്പെട്ട ഭയങ്കര നരകങ്ങൾക്കെല്ലാം അധീശനായ അവിടത്തേയ്ക്കു് ഇതാ, വീണ്ടും എൻെറ നമസ്ക്കാരം

അങ്ങേയ്ക്കു് ഈ വലിപ്പവും പ്രതാപവും സമ്പാദിച്ചു തരുന്നതിനു വേണ്ടിയാണു്, രാജ്യസ്നേഹിയായ ഈ ധീരയോദ്ധാവു് ആത്മാർപ്പണം ചെയ്തതു്. ഈ ശുദ്ധാത്മാവിനു് എന്റെ നേരെ തോന്നിയ ദിവ്യ പ്രേമത്തെ അങ്ങു് ഈ നരകം നിർമ്മിക്കുന്നതിനു വേണ്ടി ഉപയോഗപ്പെടുത്തി. അങ്ങു സൂക്ഷിച്ചു നോക്കുക. ആ ചിതയിൽ കിടന്നു ദഹിക്കുന്നതു് ഒരു യുവാവിന്റെ മൃതശരീരമല്ല, അവിടത്തെ പ്രിയ പുത്രിയുടെ ആത്മാവാണു്.

ഇത്രയും പറഞ്ഞുകൊണ്ടു്, അവൾ അശോകന്റെ കാൽക്കൽ വീണു. അദ്ദേഹത്തിന്റെ കാലടികൾ അവളുടെ കണ്ണുനീരുകൊണ്ടു നനഞ്ഞു. തോഴിമാരെക്കൊണ്ടു് എടുപ്പിച്ചാണു് സംഘമിത്രയെ അവിടെനിന്നു മാററിയതു്. ആ രാജപുത്രി ഒട്ടു മുക്കാലും ഒരു ഭ്രാന്തത്തിയെപ്പോലെ ആയിക്കഴിഞ്ഞിരുന്നു. വളരെ ദിവസത്തെ സശ്രദ്ധമായ ശുശ്രൂഷ വേണ്ടിവന്നു അവൾ പൂർവ്വസ്ഥിതിയെ പ്രാപിക്കാൻ.

പ്രണയത്തിൽനിന്നു് ഉടലെടുത്ത ഈ നിസ്സാര സംഭവം ഇൻഡ്യാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തന്നെ സൃഷ്ടിച്ചു. മാത്രമല്ല, അശോക ചക്രവർത്തിയെ ലോകത്തിലെ മഹാന്മാരിൽ ഒരാളാക്കി ത്തീർക്കുകപോലും ചെയ്തു. അച്ഛനും മകനും ബുദ്ധന്റെ അഹിംസാവ്രതത്തിൽ വിശ്വസിച്ചു് യുദ്ധങ്ങളിൽ നിന്നെല്ലാം വിരമിച്ചു. ബുദ്ധമതപ്രചാരത്തിലായി. പിന്നീടു് അവരുടെ ശ്രമം. രോഗികളെയും ദുഃഖിതന്മാരെയും അവരുടെ ക്ലേശങ്ങളിൽനിന്നു കരകയററുന്നതിനുവേണ്ടി അശോകചക്രവർത്തി പലതും പ്രവർത്തിച്ചിട്ടുണ്ടു്. ഇതിനെസംബന്ധിച്ച അശോകന്റെ

ശിലാശാസനങ്ങൾ ഇൻഡ്യാചരിത്രത്തിലെ അതിപ്രധാനങ്ങളായ പ്രമാണങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു.

സംഘമിത്രയും കാലാന്തരത്തിൽ ഒരു ബുദ്ധസന്യാസിനിയായിത്തീൎന്നു. ഈ സഹോദരീസഹോദരന്മാർ പിന്നീട് ബുദ്ധമതം പ്രചരിപ്പിക്കുന്നതിനുവേണ്ടി പല ദിക്കുകളിലും സഞ്ചരിക്കുകയുണ്ടായി. സിലോണിലെത്തി അവിടെ ബുദ്ധമതം സ്ഥാപിച്ചതായി പറയപ്പെടുന്ന ബുദ്ധഭിക്ഷുക്കൾ മഹേന്ദ്രനും സംഘമിത്രയുമല്ലാതെ മറ്റാരുമല്ല. 'സംഘമിത്ര' എന്നതു് ബുദ്ധമതചരിത്രത്തിൽ അതിപ്രാധാന്യം അർഹിക്കുന്ന ഒരു പുണ്യനാമമായിത്തീൎന്നിട്ടുണ്ട്.

അഭ്യാസം

1. "യുദ്ധത്തിന്റെ അവസാനം കണ്ടുതുടങ്ങി."—ഈ വാക്യത്തിലെ പ്രധാന ക്രിയ ഏതു്? നിസ്സംശയം നിങ്ങൾ പറയും 'തുടങ്ങി' എന്നു്. ശരിയാണുതു്. അപ്പോൾ 'കണ്ടു' എന്ന പദമോ? അതു 'തുടങ്ങി' എന്നതിന്റെ വിശേഷണമാണു്. ക്രിയാവിശേഷണം നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. എന്നാൽ, 'കണ്ടു' എന്ന പദം 'വേഗത്തിൽ' മുതലായവപോലെയുള്ള ക്രിയാവിശേഷണമല്ല. അതു കേൾക്കുമ്പോൾ ഒരു പ്രവൃത്തിയുടെ തോന്നലാണല്ലോ നമുക്കുണ്ടാകുന്നതു്. അതിനാൽ 'കണ്ടു' ഒരു ക്രിയയാണു്; പ്രധാന ക്രിയയല്ലെന്നു മാത്രം. അപ്പോൾ രണ്ടു ക്രിയയുണ്ടു്, ഈ വാക്യത്തിൽ; പ്രധാന ക്രിയയും അപ്രധാനക്രിയയും. പ്രധാനക്രിയയ്ക്കു 'മുററുവിന' എന്നും അപ്രധാന ക്രിയയ്ക്കു 'പറവിന' എന്നും ആണു് വ്യാകരണത്തിൽ പേർ. മുററിയവിന—പൂൎണ്ണമായ ക്രിയ=മുററുവിന; പററിയവിന—വേറൊന്നിനെ ആശ്രയിച്ചു നില്ക്കുന്ന ക്രിയ=പററുവിന എന്നു വാക്കിനൎത്ഥം.

2. "ചന്ദ്രസേനൻ മുറിവേററു വീണു", "മഹേന്ദ്രൻ പറഞ്ഞുതുടങ്ങി."—ഈ വാക്യങ്ങളിലെ മുററു വിനയും പാററുവിനയും ചൂണ്ടിക്കാണിക്കുക.
3. കലിംഗയുദ്ധത്തിന്റെ ഭയങ്കരത സ്വന്തം വാക്യത്തിൽ വർണ്ണിക്കുക.
4. ചന്ദ്രസേനന്റെ നിര്യാണത്താൽ 'സംഘമിത്ര'യ്ക്കുണ്ടായ ദുഃഖം വിവരിക്കുക.
5. ചന്ദ്രസേനന്റെ ശവസംസ്കാരം കണ്ടുനിന്ന സംഘമിത്ര പിതാവിനോടു പറഞ്ഞതെന്തു്?
6. 'സംഘമിത്ര'യുടെ വാക്കുകൾ അശോകനിൽ വരുത്തിയ മാററം എന്തായിരുന്നു?

പാഠം 14

ചന്തുവും കണ്ടർമേനോനും

ആയതുകേട്ടപ്പോൾ കണ്ടർമേനോൻ
കച്ചയുംകെട്ടിച്ചമഞ്ഞൊരുങ്ങി
ഉറുമി പരിചയെടുത്തുകൊണ്ടു്
പടകാളിമുററത്തു ചാടിവീണു.
കൂടെയും ചാടീതു കുഞ്ഞിച്ചന്തു
ഇരുവരുമായങ്ങു നേരിട്ടിതു.
അങ്കംപറന്നങ്ങു വെട്ടുന്നേരം
വാടിമയങ്ങുന്നു കണ്ടർമേനോൻ.
ആ തക്കം കണ്ടുടൻ കുഞ്ഞിച്ചന്തു
ഈററപ്പുലിപോലെ എതിർക്കുന്നുണ്ടു്.

പോത്തും കലയും ചെറുകൊംവല്ലും
മാനത്തു വലിയിടിവെട്ടുംപോലെ
ബാലിസുഗ്രീവന്മാർ യുദ്ധംപോലെ
ആളെവിവരിച്ചറിഞ്ഞുകൂടാ.
ആ തക്കംകണ്ടുടൻ ചന്തുതാനും
പൂഴിപ്പോരങ്കം പിടിച്ചു ചന്തു.
പരിചക്കൊപ്പരയിൽ മണ്ണുകോരി
കണ്ടർമേനോന്റെ മുഖത്തെറിഞ്ഞു.
പകിരിതിരിഞ്ഞാങ്ങു വെട്ടി ചന്തു
തച്ചോളി ഓതിരം വെട്ടുവെട്ടി
ഒമ്പതുമുറിയായി വീണുമേനോൻ.

(വടക്കൻപാട്ട്

അഭ്യാസം.

1. ഉറുമി = ഒരുതരം വാൾ. അങ്കംവെട്ടുക = യുദ്ധം ചെയ്യുക. ജുഴററപ്പുലി = ഒപാറകിടക്കുന്ന പുലി. പൂഴിപ്പോരങ്കം = പൂഴിവാരി ശത്രുവിൻെറ മുഖത്തെറിഞ്ഞുകൊണ്ടുള്ള യുദ്ധം. ഓതിരം = ഒരു പ്രത്യേകതരം അടവ്.
2. ആദ്യത്തെ നാലുവരിയിലെ പററുവിനകൾ എടുത്തു കാണിക്കുക.
3. "പടകാളിമുററുള്ളു ചാടിവീണു."—എന്ന വാക്യത്തിലെ 'വീണു' മുററുവിനയും 'ചാടി' പററുവിനയുമാണ്. പററുവിന വിശേഷിപ്പിക്കുന്നതു് ഒരു ക്രിയയേയോ ഒരു നാമത്തേയോ ആകാം. ക്രിയയുടെ വിശേഷണമായ പററുവിന 'വിനയെച്ച'വും നാമത്തിൻെറ വിശേഷണമായ പററുവിന 'പേരെച്ച'വുമാകുന്നു. വിനയുടെ എച്ചം—ക്രിയയുടെ വിശേ

ഷണം=വിനയെച്ചം, പേരിന്റെ എച്ചം—നാമത്തിന്റെ വിശേഷണം=പേരെച്ചം എന്ന് വിനയെച്ച പേരെച്ചങ്ങൾക്ക് അർത്ഥയോജന. 'ചാടി വീണു,' 'ചമഞ്ഞൊരുങ്ങി', 'കോരിയെറിഞ്ഞു' എന്നിവയിലെ വിനയെച്ചം ചൂണ്ടിക്കാണിക്കുക.

4. "അങ്കത്തിന് ഒരുങ്ങിയ കണ്ടർമേനോൻ" എന്നതിലെ 'ഒരുങ്ങിയ' എന്ന പദം കണ്ടർമേനോന്റെ വിശേഷണമായ പറ്റുവിനയാകുന്നു. അതിന്റെ പേരെന്ത്?

5. പറ്റുവിന എടുത്തു കാണിക്കുക:—
   (i) ഞാൻ വായിച്ച പുസ്തകം രാമായണം ആകുന്നു.
   (ii) അച്ഛൻ വാങ്ങിച്ച പശു കറുത്തതാണ്
   (iii) എന്റെ ജ്യേഷ്ഠനാണ് രാമൻ കണ്ട മനുഷ്യൻ.

6 ചന്തുവും കണ്ടർമേനോനും തമ്മിലുണ്ടായ അങ്കം വിവരിക്കുക.

പാഠം 15

മഹാത്മാ ഗാന്ധി

നമുക്കെല്ലാം സുപരിചിതമായ ഒരു ദിനമാണ് 1947 ആഗസ്റ്റ് 15-ാംതീയതി. അന്നാണ് നമ്മുടെ മാതൃഭൂമിയായ ഇൻഡ്യ സ്വാതന്ത്ര്യമായത്. അതിനുമുമ്പ്, ഏതാണ്ട് ഒന്നര നൂററാണ്ടോളം കാലം, ഇൻഡ്യ ഒരു അടിമരാഷ്ട്രമായിരുന്നു. അന്ന് ഈ നാട്ടുകാരായ നമുക്ക് നമ്മുടെ കാര്യങ്ങൾ നോക്കാനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. നമ്മളെ ഭരിച്ചിരുന്നത് ബ്രിട്ടീഷുകാരായിരുന്നു. അവർ പറയുന്നതെല്ലാം

അനുസരിക്കാൻ നമ്മൾ നിർബ്ബന്ധരായിരുന്നു. അനുസരിക്കാത്തവരെ അവർ കഠിനമായി ശിക്ഷിച്ചുപോന്നു. അനേകംപേരെ നിർദ്ദയം കൊല്ലുകയും ചെയ്തു. എന്നാൽ ഇന്നത്തെ അവസ്ഥ അങ്ങനെയല്ല. ഇന്ന് നമ്മുടെ രാഷ്ട്രത്തെ ഭരിക്കുന്നതു് നമ്മുടെ നാട്ടുകാർ തന്നെയാണ്. ഭരിക്കാനായി അവരെ തിരഞ്ഞെടുക്കുന്നതു് ഇവിടത്തെ ജനങ്ങളുമാണ്. അങ്ങനെ, നമ്മളെല്ലാം ഇന്ന് സ്വതന്ത്രരാണ്. ഈ സ്വാതന്ത്ര്യം നമ്മൾ സമ്പാദിച്ചതു് വളരെക്കാലം സമരം ചെയ്തിട്ടാണ്. ആ സമരത്തെ നയിക്കാൻ അനേകം നേതാക്കന്മാരുണ്ടായിരുന്നു. അവരിൽ ഏററവും ശ്രേഷ്ഠനായ നേതാവാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി.

മുകളിൽ സമരത്തെപ്പററി പറഞ്ഞുവല്ലോ. സമരമെന്നു കേൾക്കുമ്പോൾ, സാധാരണ രീതിയിലുള്ള യുദ്ധമാണെന്ന് നിങ്ങൾ ധരിക്കരുതു്. ആയുധങ്ങളെടുക്കാതെയുള്ള സമരമായിരുന്നു അതു. അതിൽ അശേഷം അക്രമം ഇല്ലായിരുന്നു. അതുകൊണ്ടു് അക്രമരഹിതമായ സമരം എന്നാണ് അതു് അറിയപ്പെടുന്നതു്. സാധാരണ യുദ്ധങ്ങളിൽ ശത്രുക്കളെ കൊല്ലുകയും ഉപദ്രവിക്കയും ചെയ്യാറുണ്ടല്ലോ. എന്നാൽ, നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ അങ്ങനെയൊന്നും ചെയ്യാൻ നമ്മൾ ആഗ്രഹിച്ചില്ല. അതിനുപകരം ശത്രുക്കളെപ്പോലും സ്നേഹത്തോടുകൂടി നോക്കാനാണ് നമ്മൾ ശീലിച്ചതു്. ഈ സമരസമ്പ്രദായം അവതരിപ്പിച്ചതു് മഹാത്മാ ഗാന്ധിയാണ്. മററുള്ള മനുഷ്യരെയെല്ലാം ഒരുപോലെ സ്നേഹിക്കാൻ കഴിയുന്ന ഒരു വലിയ ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു.

ഗാന്ധിജിയുടെ മുഴുവൻപേര് മോഹനദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്നു. 1869-ലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിൻെറ അമ്മ ഒരു വലിയ ഭക്തയായിരുന്നു. അമ്മയുടെ ഭക്തി മുഴുവൻ ബാല്യത്തിൽത്തന്നെ മകനിലേക്കും പകർന്നു. ഭാരതീയരുടെ പുരാണങ്ങൾ ഭക്തിയോടുകൂടി പാരായണം ചെയ്യുന്നതു് അദ്ദേഹത്തിനു വളരെ ഇഷ്ടമുള്ള ഒരു കാര്യമായിരുന്നു. രാമായണകഥ അറിഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹം വലിയ ശ്രീരാമഭക്തനായിത്തീർന്നു. "രഘുപതിരാഘവ രാജാറാം" എന്നാരംഭിക്കുന്ന പ്രാർത്ഥനാഗാനം പ്രാണശ്വാസംപോലെ അദ്ദേഹത്തിൻെറ ഒരു ഭാഗമായിത്തീർന്നതു് നിങ്ങൾക്കറിയാമല്ലോ. പുരാണങ്ങളിൽ, ഒരു മനുഷ്യനെന്ന രീതിയിൽ അദ്ദേഹത്തെ ഏററവുമധികം ആകർഷിച്ചതു് ഹരിശ്ചന്ദ്രനായിരുന്നു. സത്യത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ രാജർഷിയെപ്പോലെ ജീവിക്കണമെന്ന അഭിനിവേശം ഗാന്ധിജിക്കുമുണ്ടായി. അതുകൊണ്ടു് താനൊരിക്കലും കള്ളം പറയുകയില്ലെന്നു് അദ്ദേഹം പ്രതിജ്ഞചെയ്തു. ഇതു് എത്രമാത്രം പ്രയാസമുള്ള കാര്യമാണെന്നു് നിങ്ങൾക്കറിയാമല്ലോ. ദിവസംതോറും എത്രമാത്രം കള്ളങ്ങളാണു് നമ്മൾ പറയുന്നതു്! പക്ഷേ, ഗാന്ധിജി കള്ളം പറയാതെ തന്നെ ജീവിച്ചു. എന്തെല്ലാം ആപത്തു സംഭവിച്ചാലും ഗാന്ധിജി എപ്പോഴും സത്യത്തിൽത്തന്നെ ഉറച്ചുനിന്നിരുന്നു. ഇക്കാരണംകൊണ്ടാണു് തൻെറ ജീവിതം "സത്യാന്വേഷണപരീക്ഷണ"മാണെന്നു് അദ്ദേഹം പറഞ്ഞതു്. ഒടുവിൽ "സത്യമാണു് ദൈവം" എന്നുകൂടി അദ്ദേഹം പറഞ്ഞു. അപ്പോൾ ദൈവത്തെ ആരാധിക്കുന്നവർ

യഥാൎത്ഥത്തിൽ സത്യത്തെയാണെല്ലോ ആരാധിക്കു ന്നതു്. ആ സ്ഥിതിക്കു്, കള്ളം പറയുന്നയാളുകൾ ദൈവത്തോടു് തെററു പ്രവൎത്തിക്കുകയാണു ചെയ്യു ന്നതു്.

പതിമൂന്നു വയസ്സുള്ളപ്പോൾ അച്ഛനമ്മമാർ ഗാന്ധിജിയുടെ കല്യാണം നടത്തി. നിങ്ങൾക്കു് ഇതൊരു അത്ഭുതമായി തോന്നാം. എന്നാൽ അക്കാ ലത്തു് ഇതൊരു സാധാരണ സംഭവം മാത്രമായിരുന്നു. ശിശുവിവാഹം ഇൻഡ്യയിൽ വളരെക്കാലം നില നിന്നുപോന്ന അനാചാരങ്ങളിൽ ഒന്നായിരുന്നു. അദ്ദേ ഹത്തിൻെറ ഭാൎയ്യ നിങ്ങൾക്കു് സുപരിചിതയായ കസ്തൂർബാ ആയിരുന്നു. വിവാഹത്തിനുശേഷവും ഗാന്ധിജിയുടെ വിദ്യാഭ്യാസം തുടൎന്നു, പതിനെട്ടാ മത്തെ വയസ്സിൽ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. അതിനുശേഷം ഉപരിപഠനത്തിനുവേണ്ടി മാതാ പിതാക്കന്മാർ അദ്ദേഹത്തെ ഇംഗ്ലണ്ടിലേയ്ക്കയച്ചു. ഇംഗ്ലണ്ടിൽ പോകുന്ന സമയത്തു് അമ്മ അദ്ദേഹത്തെ അരികിൽ വിളിച്ചു. എന്നിട്ടു് കുലാചാരങ്ങൾക്കു് വിരുദ്ധമായി യാതൊന്നും പ്രവൎത്തിക്കരുതെന്നു് ഉപ ദേശിച്ചു. അതിനുശേഷം ആ നല്ല അമ്മ അദ്ദേ ഹത്തെ അനുഗ്രഹിച്ചു യാത്രയാക്കി. ഇംഗ്ലണ്ടിൽ താമസിച്ച മൂന്നു വർഷവും അദ്ദേഹം അമ്മയുടെ വാക്കുകൾ അനുസരിക്കാൻ പരമാവധി ശ്രദ്ധവച്ചു. രണ്ടുമൂന്നു സന്ദർഭങ്ങളിൽ അദ്ദേഹം തെററു ചെയ്തു പോയിട്ടുണ്ടു്. എന്നാൽ അതെല്ലാം തെററാണെന്നു് അദ്ദേഹം മനസ്സിലാക്കുകയും പശ്ചാത്താപത്തോടു കൂടി തിരുത്തുകയും ചെയ്തു.

ഇംഗ്ലണ്ടിൽ പഠിക്കുന്ന കാലത്തു് അദ്ദേഹം ഇംഗ്ലീഷ് ഭാഷയിൽ വേണ്ടത്ര പരിജ്ഞാനം സമ്പാ

ദിക്കാൻ വളരെ ശ്രമിച്ചു. പിൽക്കാലത്ത് മാതൃഭാഷപോലെതന്നെ ഇംഗ്ലീഷും കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞതിൻെറ കാരണം ഇതാണ്. മറെറാരു കാര്യംകൂടി ഈയവസരത്തിൽ അദ്ദേഹത്തിൻെറ ജീവിതത്തിൽ സ്വാധീനം ചെലുത്തി. അത് ബൈബിൾ പാരായണമായിരുന്നു. തന്നെപ്പോലെ മററുള്ളവരെയും സ്നേഹിച്ച ക്രിസ്തുഭഗവാൻെറ ധീരവും പാവനവുമായ ചരിതം അദ്ദേഹത്തെ വല്ലാതായി ആകർഷിച്ചു. ക്രിസ്തുവിനെപ്പോലെ ത്യാഗനിർഭരമായ ജീവിതം നയിക്കാൻ അദ്ദേഹവും ആഗ്രഹിച്ചു. പിന്നീട്, ലളിതമായ ജീവിതം നയിച്ചപ്പോഴും അക്രമരഹിതമായ മാർഗ്ഗം ഉപദേശിച്ചപ്പോഴും അദ്ദേഹം ക്രിസ്തുവിൻെറ ഉപദേശങ്ങൾ പ്രയോഗത്തിൽ വരുത്തുകയായിരുന്നു ചെയ്തത്. ചില പാശ്ചാത്യഗ്രന്ഥകാരന്മാർ "പൗരസ്ത്യദേശത്തിലെ ക്രിസ്തു" എന്ന് അദ്ദേഹത്തെ വിളിക്കുകപോലും ചെയ്തു.

വിദ്യാഭ്യാസം പൂർത്തിയാക്കി ഇൻഡ്യയിൽ മടങ്ങിയെത്തിയപ്പോൾ ആദ്യമായി അദ്ദേഹം അറിഞ്ഞതു് അമ്മയുടെ ചരമവൃത്താന്തമായിരുന്നു. എന്തൊരു ഹൃദയഭേദകമായ വാർത്തയായിരുന്നു അതു്! അദ്ദേഹം വളരെ ദുഃഖിച്ചു. പക്ഷെ, ദുഃഖത്തിൽത്തന്നെ മുഴുകി അലസനായിരുന്നില്ല. അമ്മയുടെ ഉപദേശങ്ങളെല്ലാം ജീവിതത്തിൽ പാലിക്കുന്നതാണെന്നു വിചാരിച്ചുകൊണ്ട്, അദ്ദേഹം വക്കീൽപ്പണിയിൽ പ്രവേശിച്ചു. പക്ഷെ, അദ്ദേഹം അതിനു പററിയ ആളായിരുന്നില്ല. ഒരു വക്കീലായി വിജയിക്കണമെങ്കിൽ, ചിലപ്പോഴെല്ലാം കള്ളം പറയണമല്ലോ. മാത്രമല്ല, നിയമങ്ങൾ ഉദ്ധരിച്ച് ഭയങ്കരമായ തെററുകളെ നീതീകരിക്കാനുള്ള

മനസ്സും ഉണ്ടായിരിക്കണം. ഗാന്ധിജിയാണെങ്കിൽ, കള്ളം പറയുകയില്ല; തെററിനു കൂട്ടുനില്ക്കുകയുമില്ല. അതുകൊണ്ടു് വളരെ വേഗം ആ തൊഴിലിനോടു യാത്രപറഞ്ഞു.

അടുത്തതായി നമ്മൾ ഗാന്ധിജിയെ കാണുന്നതു് ദക്ഷിണാഫ്രിക്കയിലാണു്. അവിടെവച്ചാണു് സാധാരണക്കാരുടെ നിലയിൽനിന്നു് ഒരു മഹാൻെറ അവസ്ഥയിലേയ്ക്കു് അദ്ദേഹത്തിൻെറ ജീവിതം ഉയരുന്നതു്. അന്നു് ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനം അതിൻെറ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുകയായിരുന്നു. അവിടെയുള്ള വെള്ളക്കാർ കറുത്ത തൊലിക്കാരായ ഇൻഡ്യാക്കാരെ കേവലം അടിമകളായി കരുതിപ്പോന്നു. ആ കരുതലിനനുസരിച്ച് ക്രൂരമായി അവരോടു പെരുമാറിയും പോന്നു. ആ പെരുമാററങ്ങൾ ഗാന്ധിജി നേരിട്ടു കണ്ടു. കാണുക മാത്രമല്ല, സ്വയം അനുഭവിക്കുകയും ചെയ്തു. ഈ കടുത്ത അനീതിയെ എതിർക്കേണ്ടതു് തൻെറ കടമയാണെന്നു് അദ്ദേഹം വിശ്വസിച്ചു. ഇൻഡ്യയിലേയ്ക്കു് മടങ്ങിയെത്തിയ ഉടനെ, നീചമായ ഈ ആചാരങ്ങളെ അപലപിച്ചുകൊണ്ടു് അദ്ദേഹം ഒരു ലഘുലേഖ പ്രസിദ്ധംചെയ്തു. അതുകൊണ്ടു വലിയ പ്രയോജനമില്ലെന്നു് അദ്ദേഹം കണ്ടു. വീണ്ടും ദക്ഷിണാഫ്രിക്കയിലേയ്ക്കു് അദ്ദേഹം കപ്പൽ കയറി. അവിടെച്ചെന്നു് കപ്പലിറങ്ങിയപ്പോൾ അസുഖകരമായ അനുഭവങ്ങളാണു് അദ്ദേഹത്തിനു് സ്വാഗതം നൽകിയതു്. വെള്ളക്കാർ കൂട്ടമായി അദ്ദേഹത്തെ വളഞ്ഞു. അവർ കൂകിവിളിക്കയും അശ്ലീലങ്ങൾ പറയുകയും ചെയ്തു. അതിനിടയിൽ ഒരാൾ ക്രൂരമാംവിധം അദ്ദേഹത്തെ അടിച്ചു. അതോടുകൂടി ആൾ

ക്കൂട്ടം അദ്ദേഹത്തെ ലക്ഷ്യമാക്കി തുരുതുരാ കല്ലുകളെ റിഞ്ഞു. എന്നാൽ ഭാഗ്യവശാൽ, നല്ലവനായ ഒരു വെള്ളക്കാരൻ ആ മനുഷ്യച്ചെന്നായ്ക്കൾക്കിടയിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. ഈ സംഭവം ഗാന്ധി ജിയുടെ ജീവിതത്തിലെ ഒരു പ്രധാനപ്പെട്ട അദ്ധ്യായ മായിരുന്നു. അദ്ദേഹം കൂടുതൽ ഉന്മേഷവാനായി; ധീരനായി; ഏതു് എതിർപ്പിനെയും നേരിടാൻ തയാ റെടുത്തു. പക്ഷേ, തന്നെ കല്ലെറിഞ്ഞു കൊല്ലാൻ ശ്രമിച്ച ആ ദുഷ്ടന്മാരോട്ട് എങ്ങനെ പെരുമാറണം? ശത്രുക്കളെയും സ്നേഹിക്കണമെന്നു് പ്രതിജ്ഞ ചെയ്തി രിക്കുന്ന അദ്ദേഹത്തിനു് ഇതൊരു പ്രശ്നമായി തോന്നിയില്ല. പോലീസുകാർ അക്രമികളെ തേടി പ്പിടിച്ചു്, നടപടിയെടുക്കാൻ തുടങ്ങിയപ്പോൾ, അദ്ദേഹം അവർക്കു് മാപ്പുനൽകിയിരിക്കുന്നതായി പ്രഖ്യാപിക്കുകയും അവരെ ദയാപൂർവ്വം വിട്ടയയ്ക്കാൻ സർക്കാരിനോട്ട് അപേക്ഷിക്കുകയും ചെയ്തു. അങ്ങനെ, സ്നേഹംകൊണ്ട് ദ്വേഷത്തെ ജയിക്കാനുള്ള അദ്ദേഹ ത്തിന്റെ കർമ്മപദ്ധതി അവിടെവച്ചു് ഉൽഘാടനം ചെയ്യപ്പെട്ടു.

അതിനുശേഷം ദക്ഷിണാഫ്രിക്കയിലെ ഇൻഡ്യാ ക്കാരെ അദ്ദേഹം സംഘടിപ്പിച്ചു. സ്വാതന്ത്ര്യത്തിനു വേണ്ടി അനവരതംപരിശ്രമിക്കാൻ അദ്ദേഹം അവരെ അഭ്യസിപ്പിച്ചു. പക്ഷേ, ആ പരിശ്രമത്തിനിടയിൽ അവരെല്ലാം സ്വയം നല്ലവരാകണമെന്നും അദ്ദേഹ ത്തിനു നിർബന്ധമുണ്ടായിരുന്നു. ആത്മശുദ്ധീകരണത്തി ലൂടെ മാത്രമേ പൊതുജനസേവനം നടത്താനാവു എന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. ആ വിശ്വാസത്തെ തന്റെ പൊതുപ്രവർത്തനമണ്ഡലങ്ങളിൽ പ്രയോഗിച്ചു കാണിക്കയും ചെയ്തു. ആധുനികകാലഘട്ടത്തിൽ,

പൊതുപ്രവത്തനത്തിൻെറ ധാർമ്മികമായ ഉയർച്ചയ്ക്കു വേണ്ടി ആദ്യമായി വാദിച്ചതും പരിശ്രമിച്ചതും ഗാന്ധിജിയാണെന്ന് സംശയംകൂടാതെ പറയാം.

ഇപ്രകാരം ഏതാണ്ട പന്ത്രണ്ട വർഷത്തോളം ആഫ്രിക്കയിൽ ഗാന്ധിജി പ്രവത്തിച്ചു. അതിനു ശേഷം ആ പ്രവത്തനം അനുചരന്മാരെ ഏല്പിച്ചിട്ട്, അദ്ദേഹം ഇൻഡ്യയിലേയ്ക്കു മടങ്ങി. മടങ്ങിയെത്തിയ ഉടനെയാണ് പ്രസിദ്ധമായ സത്യഗ്രഹാശ്രമം അദ്ദേഹം സബർമതിയിൽ തുറന്നത്. അതിനുശേഷമുള്ള ഗാന്ധിജിയുടെ ജീവിതം നമ്മുടെ മാതൃഭൂവിൻെറ ചരിത്രം തന്നെയാണ്. തൻെറ ജീവിതം സ്വാതന്ത്ര്യ സമ്പാദനത്തിനായി അദ്ദേഹം സമർപ്പിച്ചു. ഈ ഇൻഡ്യാഭൂഖണ്ഡം മുഴവനും അദ്ദേഹം ചുററിസ്സഞ്ചരിച്ചു. ശിഥിലമായിക്കിടന്ന ജനകീയശക്തികളെ ഒന്നിച്ചുചേർത്തു. ജനങ്ങൾക്ക് ഒരു പുതിയ ഉണർവും ആവേശവും നൽകി. അവർക്ക് പുതിയ പുതിയ ആദർശങ്ങളും തത്ത്വങ്ങളും ഉപദേശിച്ചു കൊടുത്തു. ഏററവും ദരിദ്രനായ ഒരു ഭാരതീയ കർഷകനെപ്പോലെ അദ്ദേഹം ജീവിച്ചു. ഒററമുണ്ട മാത്രമുടുത്തു നിൽക്കുന്ന ഗാന്ധിജിയുടെ ചിത്രം നിങ്ങൾ കണ്ടിരിക്കുമല്ലോ. അതായിരുന്നു അദ്ദേഹത്തിൻെറ വേഷം. ചക്രവത്തിയെ കാണാൻ പോയപ്പോൾക്കൂടി ധരിച്ചിരുന്നത് ആ വേഷം മാത്രമാണ്. അങ്ങനെ, കാട്ടുതീപോലെ പടർന്നുപിടിച്ച നമ്മുടെ സ്വാതന്ത്ര്യസമരത്തിന് ശക്തി നൽകിയ കൊട്ടങ്കാററായിരുന്നു ഗാന്ധിജി. ഇവിടെ വീണ്ടും ഒരു കാര്യം മറക്കരുത്. അക്രമരഹിതമായ മാർഗ്ഗം മാത്രമാണ് അനുയായികൾക്ക് അദ്ദേഹം ഉപദേശിച്ചത്. അതുകൊണ്ടാണ്, നമ്മുടെ സ്വാതന്ത്ര്യസമരം ലോക

ചരിത്രത്തിൽ ഒരു വിസ്മയമായി കരുതപ്പെടുന്നതു്. അദ്ദേഹം നയിച്ച സ്വാതന്ത്ര്യസമരത്തിൻെറ ഫലമായി 1947 ആഗസ്റ്റ് 15-ാംതീയതി നമ്മുടെ നാട്ട് സ്വാതന്ത്ര്യം പ്രാപിച്ചു.

ഗാന്ധിജിയുടെ പ്രവർത്തനം അതുകൊണ്ടവസാനിച്ചില്ല. തൻെറ അനുയായികളെ ഭരണം ഏല്പിച്ചിട്ട് അദ്ദേഹം വീണ്ടും ജനങ്ങളുടെ മദ്ധ്യത്തിലേയ്ക്കിറങ്ങി. ബുദ്ധൻെറ നാട്ടിൽ ഇതൊരു പുതിയ സംഭവമല്ലല്ലോ. ജനങ്ങൾക്കിടയിൽ അദ്ദേഹം ഒരു ദൈവദൂതനെപ്പോലെ സഞ്ചരിച്ചു. സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം ജനങ്ങൾ അദ്ദേഹത്തെ കാണാൻ തടിച്ചുകൂടി. അവർ അദ്ദേഹത്തിൻെറ ഉപദേശങ്ങളെ ഭക്തിപൂർവ്വം ശ്രവിച്ചു. അങ്ങനെ ഇൻഡ്യയിലെ അനേകം ഗ്രാമങ്ങളിൽ ഒരു പുതുജീവിതത്തിൻെറ ആരംഭം സൃഷ്ടിക്കുവാൻ ഗാന്ധിജിക്കു കഴിഞ്ഞു.

അതിനിടയിലാണു് വടക്കേ ഇൻഡ്യയിൽ വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടതു്. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ സംഘടിതമായ വഴക്കുകൾ നടന്നു. ആളുകൾ പരസ്പരം കൊല്ലുകയും വീടുകൾക്കു് തീവയ്ക്കുകയും ചെയ്തു. സർക്കാരിൻെറ ശ്രമങ്ങൾക്കു് അവിടെയെങ്ങും സമാധാനം സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ഇതറിഞ്ഞ ഉടനെ ഗാന്ധിജി ആ സ്ഥലങ്ങളിലേയ്ക്കു പാഞ്ഞുചെന്നു. അദ്ദേഹം രണ്ടു കൈയുമുയർത്തി വിളിച്ചുപറഞ്ഞു: "സ്നേഹിതരേ, നമ്മളെല്ലാം സഹോദരന്മാരാണു്. ഹിന്ദുക്കളും മുസൽമാന്മാരും ഒരേ ദൈവത്തിൻെറ മക്കളാണു്. നിങ്ങൾ പരസ്പരം വെറുക്കരുതു്; ഹിംസിക്കരുതു്." അദ്ദേഹത്തിൻെറ വാക്കുകൾ അനേകംപേരുടെ ഹൃദയങ്ങളിൽ മാററം

ഉണ്ടാക്കി. അങ്ങനെ അദ്ദേഹം സഞ്ചരിച്ച സ്ഥല ങ്ങളിലെല്ലാം വീണ്ടും സമാധാനം സ്ഥാപിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിൻെറ ആഗമനം ഓരോ ഗ്രാമത്തിൻെറയും ഹൃദയത്തെ രോമാഞ്ചമണിയിച്ചു. അദ്ദേഹത്തിൻെറ ദർശനം എല്ലാ മനുഷ്യരിലും ആശ്വാസം ഉളവാക്കി. അങ്ങനെ സമാധാനത്തി ൻെറയും ശാന്തിയുടേയും സന്ദേശവാഹകനായി അദ്ദേഹം സഞ്ചരിച്ച കാലത്തെ കഥകൾ അത്ഭുത ത്തോടുകൂടിയല്ലാതെ നമുക്കു സ്മരിക്കാൻ സാദ്ധ്യമല്ല.

പക്ഷേ, ഈ മഹാത്മാവിൻെറ നേരേയും തോക്കു ചൂണ്ടാൻ ഈ നാട്ടിൽ ഭ്രാന്തനായ ഒരു മനുഷ്യനു ണ്ടായി! 1948 ജനാവരി 30-ാം തീയതി ഹിന്ദുവായ ഒരു മതഭ്രാന്തൻെറ വെടിയുണ്ടയേററ് അദ്ദേഹം മൃതിയടഞ്ഞു. അങ്ങനെ ജനങ്ങൾക്കുവേണ്ടി പരി ശ്രമിക്കുന്നതിനിടയിൽത്തന്നെ അദ്ദേഹം മരണം വരിക്കേണ്ടിവന്നു. അന്ന് കരയാത്ത കണ്ണുകളില്ല. ഇൻഡ്യ മാത്രമല്ല, ലോകം മുഴുവൻ ആ മഹാനായ മനുഷ്യൻെറ വേർപാടിൽ ഹൃദയം നൊന്തു ദുഃഖിച്ചു. ഇൻഡ്യാക്കാർക്ക് അദ്ദേഹം പിതാവായിരുന്നു. ലോകത്തിന് അദ്ദേഹം നേതാവുമായിരുന്നു. അദ്ദേഹ ത്തിൻെറ കാലടികളെ പിന്തുടരുക ഭാരതീയരായ നമ്മുടെയെല്ലാം പാവനമായ കടമയാണ്.

അഭ്യാസം.

1. പേരെച്ചവും വിനയെച്ചവും എടുത്തെഴുതുക:—
   - (i) ആരംഭിക്കുന്ന പ്രാർത്ഥനാഗാനം.
   - (ii) ജീവിതം ഉഴിഞ്ഞുവെച്ച രാജർഷി.
   - (iii) മററുള്ളവരെ സ്നേഹിച്ച ക്രിസ്തുഭഗവാൻ.
   - (iv) അമ്മ അദ്ദേഹത്തെ അനുഗ്രഹിച്ചു യാത്രയാക്കി.

2. പാഠത്തിലെ ആദ്യഖണ്ഡികയിലുള്ള പററുവിനകളും മുററുവിനകളും എഴുതുക.
3. മഹാത്മജിയുടെ ജീവിതത്തെ ഒരു 'സത്യാന്വേഷണ പരീക്ഷണം' എന്നു പറയുന്നതെന്തുകൊണ്ട്?
4. ഗാന്ധിജിയുടെ ജീവചരിത്രം ചുരുക്കി എഴുതുക.
5. മഹാത്മാ ഗാന്ധിയെ "പൗരസ്ത്യദേശത്തിലെ ക്രിസ്തു" എന്നു വിളിക്കുന്നതിനു കാരണമെന്ത്?

പാഠം 16

ഹിജ്റ

ഇസ്ലാമിന്റെ ചരിത്രത്തിൽ അതിപ്രധാനമായ വർഷമാണ് ക്രിസ്ത്വബ്ദം 623. അന്നുമുതൽക്കാണ് ഹിജ്റ എന്ന പേരിൽ ഒരു പുതിയ വർഷം ഇസ്ലാം മതക്കാർക്കിടയിൽ ആരംഭിച്ചത്. മക്കയിൽനിന്നു് മദീനയിലേയ്ക്കു് മുഹമ്മദ് നബി ഒളിച്ചോടിപ്പോയതിനെ അതു കുറിക്കുന്നു.

ചെങ്കടൽത്തീരത്തിൽനിന്നു സുമാർ 50 മൈൽ അകലെയായി പർവ്വതനിരകളാൽ ചുററപ്പെട്ട വിശാലമായ ഒരു താഴ്വരയാണ് പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ മക്ക. ഇവിടെവച്ച് കൊല്ലംതോറും ആചരിച്ചുവരുന്ന ഹജ്ജ് ലോകത്തിലുള്ള എല്ലാ മുസ്ലീങ്ങളെയും അങ്ങോട്ട് ആകർഷിക്കുന്നു. ഒട്ടകങ്ങളുടെ പുറത്തു സവാരിചെയ്ത് കച്ചവടം നടത്തിവന്നിരുന്ന സംഘങ്ങളുടെ വിശ്രമകേന്ദ്രംകൂടി ആയിരുന്നു മക്ക. അതിപുരാതന കാലത്ത് 'കാബാ' എന്ന

പേരിൽ ഒരു പുണ്യക്ഷേത്രം അവിടെ നിലനിന്നിരുന്നുവെന്നു ഐതിഹ്യം ഘോഷിക്കുന്നു. സെമിററിക്ക് മതപ്രവാചകന്മാരുടെ കുലപതിയായി കരുതപ്പെടുന്ന ഇബ്രാഹിം നബിയും പുത്രനായ ഇസ്മയിലുംകൂടി ഈ ക്ഷേത്രം പുനരുദ്ധരിക്കുകയും അവിടം ഒരു തീർത്ഥാടന സ്ഥലമായി പ്രഖ്യാപിക്കുകയും ചെയ്തു. പ്രദക്ഷിണം, ദൈവകീർത്തനം, ബലിദാനം, വ്രതം എന്നിങ്ങനെ ഒട്ടേറെ കർമ്മങ്ങൾ അദ്ദേഹം നിർദ്ദേശിച്ചുവത്രേ. ഹജ്ജിന് എത്തിച്ചേരുന്ന എല്ലാവരും ഈ അനുഷ്ഠാനങ്ങൾ തുടർന്നു പോരുന്നു. കാലക്രമത്തിൽ ഒരു തീർത്ഥാടനകേന്ദ്രമെന്ന നില്ലയിൽനിന്ന് മതത്തിൻെറയും സംസ്കാരത്തിൻെറയും ഉറവിടമെന്ന നിലയിലേയ്ക്ക് ഈ പ്രദേശം ഉയർന്നു.

തുടക്കത്തിൽ മഹനീയമായ ആദർശങ്ങളെ മുൻനിറുത്തി ആചരിച്ചുപോന്ന ഈ മതാനുഷ്ഠാനങ്ങളിൽ പലതും വെറും ചടങ്ങുകളും അന്ധവിശ്വാസങ്ങളുമായി പിൽക്കാലത്ത് മാറുകയുണ്ടായി. മാത്രമല്ല, ദുരൂഹമായിത്തോന്നിയ പ്രകൃതിശക്തികളെയും അസാധാരണരായി കരുതപ്പെട്ട വ്യക്തികളെയും ഈശ്വരതുല്യരായി ഗണിച്ച് ആരാധിക്കാനുള്ള പ്രവണതയും ഏറിവന്നു. കാബയും പരിസരവും പലതരത്തിലുള്ള വിഗ്രഹങ്ങളാലും പ്രതിഷ്ഠകളാലും നിറഞ്ഞു. അവയുടെ പ്രീതിക്കായി നേർച്ച, നഗ്നമായ നൃത്തം നരബലി എന്നീ ദുരാചാരങ്ങൾ ജനങ്ങൾ അനുഷ്ഠിക്കാൻ തുടങ്ങി. സാമൂഹ്യജീവിതം ദിനംപ്രതി അധഃപതിച്ചുവന്നു. മദ്യപാനം, ചൂതുകളി, കൊള്ള, കൊല തുടങ്ങിയ നീചകൃത്യങ്ങൾക്കു പ്രചുരപ്രചാരം കിട്ടി. രാഷ്ട്രീയമായി നോക്കുമ്പോഴും ആ കാലഘട്ടം അരാജകത്വവും അസമാധാനവും നിറഞ്ഞതാ

യിരുന്നു. കാരണം, അറേബിയ, പേർഷ്യാ–റോമൻ രാജ്യങ്ങളുടെ പരസ്പരസംഘട്ടനത്തിൻെറ ഒരു പ്രമുഖ കേന്ദ്രമായിരുന്നതു തന്നെ. അന്നത്തെ ദാരിദ്ര്യംമൂലം പല ഗോത്രകലഹങ്ങളും രൂപംകൊണ്ടു. സുശക്തമായ ഒരു ഭരണകൂടമോ സർവ്വസമ്മതനായ ഒരു നേതാവോ അന്ന് അവിടെയില്ലായിരുന്നു.

ഇങ്ങനെ അറേബിയയിലെങ്ങും അധർമ്മം നടമാടിക്കൊണ്ടിരിക്കുമ്പോഴാണ് ഖുറൈശിവംശത്തിൽ മുഹമ്മദുനബി പിറന്നതു്. ധർമ്മത്തിന് ക്ഷയവും അധർമ്മത്തിന് അഭിവൃദ്ധിയും ഉണ്ടാകുമ്പോഴാണല്ലോ മഹാത്മാക്കൾ അവതരിക്കുക. അദ്ദേഹം ഇബ്രാഹിം നബിയുടെ മാർഗ്ഗം കൈവെടിയാതിരിക്കുവാൻ ജനങ്ങളെ ഉൽബോധിപ്പിക്കുകയും ഏകദൈവത്തിൽ വിശ്വസിക്കുവാൻ ഉപദേശിക്കുകയുംചെയ്തു. കുടുംബസ്നേഹം പുലർത്തുക, അവശരേയും അനാഥരേയും സഹായിക്കുക, ഈശ്വരനെമാത്രം പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുക എന്നു തുടങ്ങി പലതും ആ പ്രവാചകൻ അരുളിച്ചെയ്തു. അദ്ദേഹത്തിൻെറ പല പ്രവചനങ്ങളും പിന്നീട് കൊട്ടുംകാററായി മാറി.

നബിയുടെ ഉൽബോധനങ്ങൾ പുരോഗമനേച്ഛുക്കളും സ്വതന്ത്രചിന്തകരുമായ നിരവധി പേരെ ഇസ്ലാമിലേയ്ക്കു് ആകർഷിച്ചു. സമ്പന്നരും ദരിദ്രരും സ്ത്രീപുരുഷഭേദം ഇല്ലാതെ അദ്ദേഹത്തെ അനുഗമിച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി നബിയുടെ ശബ്ദം ഉയർന്നു. പൂജ്യരാണെന്നു സ്വയം അഭിമാനിച്ചിരുന്ന പുരോഹിതർ പാരമ്പരാഗതവും പ്രിയതരവുമായ വിശ്വാസങ്ങ

ളെയും ആചാരങ്ങളെയും ചോദ്യംചെയ്ത നബിയുടെ നേരേ ക്ഷുഭിതരായിത്തീൻ. ഗോത്രനേതാക്കളും അവരും ഒത്തുചേൻ നബിയെ പ്രലോഭിപ്പിക്കാനും മുതിരുകയുണ്ടായി. പണവും പദവിയുമാണ് അതിന് അവർ കണ്ട മാർഗ്ഗങ്ങൾ. നബിയെ അറേബിയായിലെ രാജാവായി വാഴിക്കാമെന്നും, അവിടത്തെ ഏററവും സുന്ദരിമാരായ തരുണികളെ അദ്ദേഹത്തിനു വിവാഹം ചെയ്തുകൊടുക്കാമെന്നും അവർ പറഞ്ഞുവത്രേ. "സൂര്യചന്ദ്രന്മാരെ എൻെറ ഇരുകരങ്ങളിലും വച്ചുതന്നാൽപ്പോലും ഞാൻ ഈ സദ്ദദ്യമത്തിൽനിന്ന് ഒരിക്കലും പിന്മാറുകയില്ല" എന്നാണ് നബി അതിന് മറുപടി നൽകിയത്. പ്രലോഭനംകൊണ്ടൊന്നും അദ്ദേഹത്തെ സ്വാധീനമാക്കാൻ കഴിയുകയില്ലെന്നു കണ്ടപ്പോൾ അവർ മർദ്ദനത്തിൻെറ മാർഗ്ഗം സ്വീകരിച്ചു. കൂകി വിളിക്കുക, കല്ലും കുപ്പയും വാരിയെറിയുക, ഇതൊക്കെയാണ് അവർ കൈക്കൊണ്ട നടപടികൾ. ഭ്രാന്തനായും മാന്ത്രികനായും കള്ളനായും നബിയെ അപഹസിക്കാൻ അദ്ദേഹത്തിൻെറ എതിരാളികൾ മുതിൻ. അതിനാൽ എത്രയോ അനുയായികൾ രക്തസാക്ഷികളായിത്തീൻ. സമുദായത്തിൽ മാന്യമായ സ്ഥാനം അലങ്കരിച്ചിരുന്ന എത്രയോ വ്യക്തികൾ മൃഗീയമായ മർദ്ദനങ്ങൾക്ക് ഇരയായിത്തീന്നിട്ടുണ്ട്. അക്കാലത്ത് മാനത്തോടെ ജീവിതം നയിക്കാൻ മിക്കവക്കും സാധിച്ചിരുന്നില്ല. ഗത്യന്തരമില്ലാതെ നബിയുടെ അനുയായികളിൽ പലരും അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ച് ചെങ്കടലിനപ്പുറത്തുള്ള അബിസീനിയയിൽ അഭയംതേടി.

നിർഭാഗ്യവശാൽ അവിടെയും അവക്കു രക്ഷയുണ്ടായിരുന്നില്ല. മക്കയുടെ അധീശാധികാരം നബി

യുടെ ബദ്ധവൈരികൾക്കായിത്തീൎന്നു. അതിനിടയി ലാണു് നബിക്കു് തൻെറ പ്രിയപത്നിയായ ഖദീജ യുടെ എന്നെന്നേയ്ക്കുമായുള്ള വിരഹം അനുഭവിക്കേണ്ടി വന്നതു്. ശത്രുക്കൾ നബിയേയും അനുയായികളേയും സമുദായത്തിൽനിന്നു് ഒററപ്പെടുത്തി. തന്മൂലം നഗര ത്തിൽനിന്നു മൂന്നുനാഴിക അകലെയുള്ള ഒരു താഴ്വര യിൽ അശരണരായി ജീവിക്കുവാൻ അവർ നിർബ്ബദ്ധ രായി. നബിയുമായി ബന്ധം പുലർത്തുന്നതും ക്രയ വിക്രയങ്ങൾ നടത്തുന്നതും എല്ലാം നിഷിദ്ധമാണെന്നു് ആദ്ദേഹത്തിൻെറ ശത്രുക്കൾ വിളംബരപ്പെടുത്തി. നബി താമസിച്ചിരുന്ന താഴ്വരയ്ക്കു ചുററും കാവൽക്കാരെ നിൎത്തിയതിനെത്തുടൎന്നു് അവിടെ ഉണ്ടായിരുന്നവരെല്ലാം കടുത്ത പട്ടിണിക്കിരയായി.

ഹജ്ജ്കാലങ്ങളിൽ പ്രവാചകനും അനുഗാമി കൾക്കും തങ്ങളുടെ താഴ്വരവിട്ടു് പുറത്തിറങ്ങാനും വിദേശികളുമായി സമ്പൎക്കം പുലൎത്താനും കുറച്ചൊക്കെ സ്വാതന്ത്ര്യം ലഭിച്ചു. അപ്പോൾ കിട്ടിയ അവസരം വേണ്ടപോലെ ഉപയോഗിച്ചതിനെത്തുടൎന്നു് ഒട്ടേറെ ജനങ്ങളെ അനുഗാമികളാക്കാൻ നബിക്കു കഴിഞ്ഞു.

നിഷ്ഠുരമായ മർദ്ദനങ്ങൾകൊണ്ടും പ്രവാച കനെ പിൻതിരിപ്പിക്കാൻ കഴിയുകയില്ലെന്നു മനസ്സി ലാക്കിയ വിരോധികൾ ഒടുവിൽ തീരുമാനിച്ചതു് അദ്ദേഹത്തെ നിഗ്രഹിക്കാനാണു്. അതിനുള്ള ഒരുക്ക ങ്ങൾ സംഘടിതമായിത്തന്നെ നടന്നു. ഒരു ദിവസം നബിയുടെ വീട്ടിനു ചുററും എതിരാളികൾ അണി നിരന്നു. എന്നാൽ അവരുടെ മുമ്പിൽക്കൂടി ആശ്ചര്യ കരമാംവിധം അദ്ദേഹം രക്ഷപ്പെട്ടു. പ്രഥമശിഷ്യ നായ അബൂബക്കറോടുകൂടി അദ്ദേഹം മദീനയെ ലക്ഷ്യമാക്കി പുറപ്പെട്ടു.

വഴിക്കുവെച്ച് ശത്രുക്കളുടെ ദൃഷ്ടിയിൽ അവരിരുവരുംപെട്ടു. ആ സന്ദർഭത്തിൽ "നാമിരുവരും പിടിക്കപ്പെട്ടു" എന്നു ഭയവിഹ്വലനായി നിലവിളിച്ച അബൂബക്കറെ നബി ഇങ്ങനെയാണ് ആശ്വസിപ്പിച്ചത്: "നാം രണ്ടുപേർ മാത്രമല്ല; ദൈവവും നമ്മുടെ കൂടെയുണ്ട്. നീ സങ്കടപ്പെടേണ്ട". ഉടനും മൂന്നു ദിവസത്തോളം ഒരു ഗുഹയിൽ അവർക്കു കഴിച്ചുകൂട്ടേണ്ടിവന്നു. ഒരാഴ്ചകൊണ്ടേ മദീനായുടെ അതിർത്തിയിൽ അവർക്കെത്താൻ കഴിഞ്ഞുള്ളു.

അസഹ്യമായ യാതനകൾ നിറഞ്ഞ ഈ പലായനം ലോകപ്രസിദ്ധമായ ഒരു സംഭവമായി എണ്ണപ്പെടുന്നതിൽ അത്ഭുതമില്ലല്ലോ.

അഭ്യാസം

1. വിനയെച്ചവും പേരെച്ചവും ചൂണ്ടിക്കാണിക്കുക:—
   (i) മനുഷ്യർക്കുവേണ്ടി അവതരിച്ച നബി അവർക്കുവേണ്ടി വളരെ ത്യാഗങ്ങൾ സഹിച്ചു ജീവിച്ചു.
   (ii) നാം അവസാനിക്കാത്ത അപകടങ്ങൾ ചാടിക്കടക്കുന്നു.
   (iii) ഭയത്താൽ പീഡിപ്പിക്കപ്പെട്ട സാധുക്കൾ [illegible] കണ്ണു നട്ടുന്നു
2. 'രാമൻ ഉറങ്ങുന്നു'. ഈ വാക്യം വായിക്കുമ്പോൾ ആശയം പൂർണ്ണമായതായി നമുക്കു തോന്നുന്നു. ഇതിൽ കർമ്മമില്ല തൻമൂലം 'ഉറങ്ങുന്നു' എന്ന ക്രിയ അകർമ്മകമാകുന്നു. എന്നാൽ 'രാമൻ പുസ്തകം വായിക്കുന്നു' എന്ന വാക്യം അങ്ങനെയല്ല. 'വായിക്കുന്നു' എന്നു കേൾക്കുമ്പോൾതന്നെ 'എന്തു വായിക്കുന്നു?', എന്ന ചോദ്യമുദിക്കുന്നു 'പുസ്തകം' എന്ന കർമ്മം

ചേർത്തു കഴിയുമ്പോൾ ഈ ചോദ്യം ഉയരുന്നില്ല. അതിനാൽ 'വായിക്കുന്നു' എന്നുള്ളതു സകർമ്മക ക്രിയ ആകുന്നു.

3. (i) ഒട്ടേറെ കർമ്മങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു;
   (ii) 'പ്രവണത ഏറിവന്നു'—ഇവയിലെ സകർമ്മക ക്രിയയും അകർമ്മക ക്രിയയും എടുത്തെഴുതുക.
4. ഇസ്ലാം ചരിത്രത്തിൽ ക്രിസ്താബ്ദം 623 അതിപ്രധാനമായതു് എന്തുകൊണ്ടു്?
5. മുഹമ്മദുനബി പിറന്ന കാലത്തു് അറേബിയയിലെ സ്ഥിതി എന്തായിരുന്നു?
6. പുരോഹിതന്മാരും ഗോത്രനേതാക്കളും നബിയെ പ്രലോഭിപ്പിച്ചതു് എങ്ങനെ?
7. നബിക്കും അനുയായികൾക്കും എതിരാളികളിൽനിന്നു് അനുഭവിക്കേണ്ടി വന്ന കഷ്ടപ്പാടുകൾ വിവരിക്കുക.

പാഠം 17

പൂവിളി

പൂവിളി–കാവൽച്ചാളകൾതോറും പൂവിളിയുണരുന്നു,
വില്ലുകൾ കൊട്ടിപ്പാടും കൊച്ചുപനങ്കിളി തളരുന്നു.
നീലപ്പൊയ്കയിൽ മുങ്ങുക, നീന്തുക, പാടത്തെത്തത്തേ!
ഉണ്ണുക പൊന്നോണത്തിൻ പുത്തരി മാണിക്യത്തത്തേ!
ഞൊടിയിടയിണയെപ്പിരിയാതോരു പിറാവേ!
വരികരികിൽ
കതിർമണമുതിരും പാട്ടുകളോണപ്പാട്ടുകളറിയാമോ?
പശിയും ദാഹവുമാന്നു കിതച്ചുവരുന്നോ നീ കാറേ?
ഓണച്ചന്തയിൽനിന്നു വെറുങ്കൈയായോ പോരുന്നു?

വരികെൻതുമ്പക്കുടമേ! മുത്തുകൾ വാരിയതെവിടന്നേ?
തരികൊരു മുത്തം, തിരികൾകൊളുത്തിയ
മുക്കുററിപ്പൂവേ!
കൂടെപ്പോന്നൊരു പൂക്കളെയാരെയുമറിയില്ലല്ലോ ഞാൻ
ചന്തം കിനിയും കുട്ടികളിവരുടെ പേരറിയില്ലല്ലോ!
പൂനുലർവേളകൾ താലോലിക്കും ചെല്ലപ്പൈതങ്ങൾ
നാടകമാടും താരകളുടെ പൊന്നാങ്ങളമാരാമോ?

—പി. കുഞ്ഞിരാമൻ നായർ.

അഭ്യാസം.

1. കാവൽച്ചാളകൾ = കാവൽമാടങ്ങൾ. പശി = വിശപ്പ്. ചന്തം = ഭംഗി. താരകൾ = നക്ഷത്രങ്ങൾ.
2. 'പൂവിളി മുണരുന്നു'; 'പനങ്കിളി തളരുന്നു'—ഇവയിലെ ക്രിയകൾ സകർമ്മകമോ അകർമ്മകമോ?
3. 'മണമുതിരും പാട്ടുകൾ'; 'തിരികൾ കൊളുത്തിയ മുക്കുററിപ്പൂവ്' — ഇവിടെ പ്രയോഗിച്ചിരിക്കുന്ന പററവിന പേരെച്ചമോ വിനയെച്ചമോ?
4. പിരിച്ചെഴുതുക:—
   കാവൽച്ചാളകൾ, ഞൊടിയിട, തുമ്പക്കുടം, നാടകമാടും.
5. അവസാനത്തെ രണ്ടു വരിയുടെ പരാവർത്തനമെഴുതുക.
6. 'പൂവിളി' യിലെ ആശയം ചുരുക്കിയെഴുതുക.

പാഠം 18

വിശ്വാമിത്രൻെറ കണ്ണിലുണ്ണി

പുഷ്കരതീർത്ഥത്തിൽ തപോനുഷ്ഠാനം തുടങ്ങിയിരിക്കുകയാണ് വിശ്വാമിത്രൻ.

വേനൽക്കാലത്ത് ഒരുനാൾ ഉച്ചയ്ക്ക് വിശ്വാമിത്രൻ നിത്യകർമ്മങ്ങൾ കഴിച്ച്, ഫലമൂലങ്ങൾ ഭക്ഷിച്ച്, ശിഷ്യന്മാരുമായി വേദാന്തരഹസ്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഉച്ചക്കൊട്ടുംവെയിലിൻെറ പൊറുത്തുകൂടാത്ത ചൂടേറ്റുകൊണ്ട്, ആ കാററ് ആശ്രമവൃക്ഷങ്ങളുടെ ശാഖകൈകൾകൊണ്ടുള്ള നിഷേധത്തെ വകവയ്ക്കാതെ അങ്ങോട്ടടിച്ചുകയറി. പക്ഷികൾ വൃക്ഷങ്ങളുടെ കോടരങ്ങളിലിരുന്നു വിശ്രമിക്കുന്നു; മൃഗങ്ങൾ അവയുടെ ചുവട്ടിലും.

ഈ സമയത്ത് പത്തോ പന്ത്രണ്ടോ വയസ്സുമാത്രം പ്രായമായ ഒരു താപസകുമാരൻ വെയിൽകൊണ്ടു വിയർത്തൊലിച്ച് വാടിത്തളർന്ന് ഓടിവന്നു വിശ്വാമിത്രൻെറ മടിയിൽ കമിഴ്ന്നുവീണു കരഞ്ഞുതുടങ്ങി. ആ കുട്ടിയുടെ കണ്ണുനീർകൊണ്ട് അദ്ദേഹത്തിൻെറ മരവുരിയും മനസ്സും ആർദ്രമായി.

വിശ്വാമിത്രൻെറ മൂത്ത സഹോദരിയായ സത്യവതിയുടെ രണ്ടാമത്തെ മകനായ ശുനശ്ശേഫനായിരുന്നു ആ കുട്ടി. വിശ്വാമിത്രൻ ആ ഓമനയെ പിടിച്ചെഴുന്നേല്പിച്ച്, മടിയിൽ നേരേ ഇരുത്തി, മുഖം കുനിച്ച് ആ കൊച്ചുമുഖത്ത് നോക്കിക്കൊണ്ടും, ഇമതുറന്നു വിടർന്ന ആ കണ്ണുകളിൽനിന്നു കണ്ണുനീർ തുടച്ചുകൊണ്ടും, ചോദിച്ചു:—“ഉണ്ണീ, എന്താണിത്?”

ശുനശ്ശേഫൻ തേങ്ങിക്കരയുന്നതിനിടയ്ക്കു പറഞ്ഞു:—"അമ്മാമാ, എന്നെ രക്ഷിക്കണേ! എനിക്കാരുമില്ല. അമ്മയുമില്ല, അച്ഛനുമില്ല. ഞാൻ അനാഥനായി. ധർമ്മം നോക്കി അമ്മാമൻ എന്നെ രക്ഷിക്കണം. എനിക്ക് അമ്മാമൻ ഒരാളേ നാഥനായിട്ടുള്ളൂ."

"എന്തുപററി ഉണ്ണീ. പറയൂ, എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ.

"ഞാൻ ഇപ്പോൾ അയോദ്ധ്യാധിപതിയായ അംബരീഷൻ ആരംഭിച്ചിട്ടുള്ള യജ്ഞത്തിലെ പശുവാണ്. അച്ഛനും അമ്മയും എന്നെ അതിലേയ്ക്കു വിട്ടുകൊടുത്തിരിക്കുന്നു. എന്നെ ഈ ആപത്തിൽ നിന്ന് രക്ഷിക്കണേ! രാജാവിൻെറ യജ്ഞം നിറ-

വേറണം ; എനിക്ക ദീർഘായുസ്സായിരുന്ന് തപസ്സനു ഷ്ഠിച്ച് മുക്തി അടയുകയും വേണം. ഇതു് അമ്മാമൻ വിചാരിച്ചാൽ സാധിക്കും. അമ്മാമനല്ലാതെ എനിക്ക ഇതു ചെയ്യുതരുവാൻ വേറെ ആരുമില്ല്''.

''എന്തൊക്കെയാണുണ്ടായതു്, ഉണ്ണീ ? എല്ലാം വിവരിച്ചു പറയൂ. കാര്യം സാധിക്കാം.''

''ഇന്നലെ ധർമ്മിഷ്ഠനായ ആ അംബരീഷൻ ഞങ്ങളുടെ ആശ്രമത്തിൽ വന്നുകയറി. അദ്ദേഹം വളരെക്കാലമായത്രേ, ഒരു മനുഷ്യപ്പശുവിനെ കിട്ടു വാൻവേണ്ടി പല ദിക്കിലും അന്വേഷിച്ചു നടക്കുന്നു. അദ്ദേഹം തുടങ്ങിവച്ച ഒരു യജ്ഞത്തിലെ പശുവിനെ ഇന്ദ്രൻ കട്ടുകൊണ്ടുപോയത്രേ. രാജാവിൻെറ ദുർന്നയം കൊണ്ടാണ് ഇതു സംഭവിച്ചതു്; അതിന് വലിയ പാപമുണ്ട് ; പകരം ഇനി ഒരു മനുഷ്യനെ ആലഭനം ചെയ്താലേ പ്രായശ്ചിത്തമാവൂ എന്നൊക്കെ പുരോഹി തന്മാർ പറഞ്ഞു. അദ്ദേഹം അച്ഛനോട്ട് ന്നൂറായിരം പൈക്കളെ പ്രതിഫലം തരാമെന്നും ഞങ്ങളിലാരെയെ ങ്കിലും ഒരാളെ പശുവായി ക്കൊടുക്കണമെന്നും പറഞ്ഞു. തനിക്കേത്രയും വാത്സല്യമുള്ള ജ്യേഷ്ഠനെ ഏതായാലും തരില്ലെന്നായിരുന്നു അച്ഛൻെറ മറുപടി. അതേ കാരണത്തിന്മേൽ അനിയനെ കൊടുക്കയി ല്ലെന്ന് അമ്മയും പറഞ്ഞു. അപ്പോൾ നടുവിലുള്ള, ആക്കും വേണ്ടാത്ത, എന്നെ കൊടുക്കാൻ സമ്മതമാ ണെന്ന് അത്ഥമായില്ലേ ? അവരതു പറഞ്ഞില്ലെന്നു മാത്രം, അവർ രണ്ടുപേരും എന്നെ മനസാ ഉപേക്ഷിച്ചു കഴിഞ്ഞു എന്നെനിക്ക മനസ്സി ലായി. ഞാൻ ഉടനെ രാജാവിൻെറ അടുത്തുചെന്ന്, 'എന്നെ കൊണ്ടുപൊയ്ക്കോളൂ' എന്നു പറഞ്ഞു. രാജാ വിനു സന്തോഷമായി. അച്ഛനുമമ്മയും മിണ്ടാതെയി

രുന്നതേയുള്ളൂ". ശൂനശ്ശേഫൻ കണ്ണീരുവീഴ്ത്തി ക്കൊണ്ടു പിന്നെയും പറഞ്ഞു:—"അംബരീഷൻ വെയിലിൻെറ ശക്തികൊണ്ടു യാത്ര നിർത്തി പുഷ്കര തീർത്ഥത്തിനടുത്ത് വിശ്രമിക്കുകയാണ്. യാത്ര തുടങ്ങാറാവുമ്പോഴേയ്ക്ക് എനിക്കവിടെ എത്തണം. അതിനുമുമ്പ് അമ്മാമൻ ഇതിനൊരു നിവൃത്തിയുണ്ടാ ക്കിത്തരണേ ഈ കർമ്മഭൂമിയിൽ ജനിച്ച് പുണ്യ കർമ്മങ്ങൾ ചെയ്‌വാൻ ഇടയാകുന്നതിനുമുമ്പ് മരിച്ചു പോകുന്നതിലുള്ള സങ്കടംകൊണ്ടാണ് ഞാനിതു പറയു ന്നത്. എനിക്ക് അമ്മാമൻെറ ഈ ആശ്രമത്തിലി രുന്ന് ഏറെനാൾ തപസ്സുചെയ്ത് ഈ മനുഷ്യജന്മത്തെ കൃതാർത്ഥമാക്കണം. രാജാവിൻെറ യജ്ഞം നിറവേറു കയും വേണം".

"ഇനി എന്തു വേണ്ടൂ" എന്ന സംശയം വിശ്വാ മിത്രനുണ്ടായില്ല; ഒരാൾവന്നു തന്നെ ആശ്രയിച്ചാൽ വേണ്ടതെന്തെന്ന് ഉടനെ അദ്ദേഹത്തിനു തോന്നും. പോരാത്തതിന് ഈ ശൂനശ്ശേഫൻ അദ്ദേഹത്തിൻെറ മരുമകനാണ്; ഓമനയായൊരു കുമാരൻ; മററാ രാൾക്കു വേണ്ടി സ്വയം ആത്മത്യാഗം ചെയ്‌വാനൊ രുങ്ങിയ മഹാശയൻ; ധർമ്മാഭിലാഷത്തോടുകൂടിയ ക്ഷത്രിയകുമാരൻ.

വിശ്വാമിത്രൻ എല്ലാം കണ്ടുകൊണ്ടും കേട്ടു കൊണ്ടും അടുത്തുനിന്നിരുന്ന മക്കളെ നോക്കിപ്പറഞ്ഞു: "ഈ സ്ഥിതിക്കു നിങ്ങളിലാരെങ്കിലും ചെന്ന് അംബരീഷൻെറ യജ്ഞത്തിൽ പശുവാകണം. അച്ഛനുവേണ്ടി എന്തു ചെയ്‌വാനും മക്കൾ സന്നദ്ധ രായിരിക്കണമെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ ശൂനശ്ശേഫൻ എൻെറ മരുമകനാണ്; നിങ്ങളുടെ അനുജനാണ്; നമ്മെ വന്നാശ്രയിച്ചിരിക്കുന്നു.

രക്ഷിക്കാമെന്ന് ഞാനേററു പറയുകയും ചെയ്തിരി ക്കുന്നു. അതുകൊണ്ട് ഉണ്ണികൾ അതു ചെയ്തുകൊട്ട ക്കണം. നിങ്ങളതു ചെയ്താൽ അഗ്നിക്കു തൃപ്തിയായി; ശുനശ്ശേഫന് രക്ഷയായി; അംബരീഷനു ശ്രേയ സ്സായി; എൻെറ വാക്കും നിറവേറി. ആരാണ് പോകുന്നത്?"

അമ്പോ, ആശ്രിതവാത്സല്യം! അത് ആ വിധ മുള്ള പുത്രവാത്സല്യത്തെപ്പോലും കവിഞ്ഞു നിൽക്കു മെന്നോ, ആവോ? ശരണാഗതരക്ഷണത്തിനുവേണ്ടി സ്വന്തം പ്രാണനെപ്പോലും പരിത്യജിക്കേണമെന്നു ണല്ലോ ആർഷസംസ്കാരം പഠിപ്പിക്കുന്നത്.

എന്നാൽ പിതാവിൻെറ ആശയമഹത്വം ആ പുത്രന്മാർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ചോര ത്തിളപ്പുകൂടിയ ആ മധുഷ്യന്ദാദികൾ ഇങ്ങനെ മറുപടി പറയുകയാണുണ്ടായത്: "എന്തു വിഡ്ഢിത്തമാണ് അച്ഛനിപ്പറയുന്നത്? വല്ലവരുടെയും മക്കളെ രക്ഷി പ്പാൻവേണ്ടി താന്താങ്ങളുടെ മക്കളെ കൊല്ലുന്ന അച്ഛ ന്മാരുണ്ടോ? അച്ഛൻ പറയുന്നതു കേൾക്കില്ലെന്നല്ല ഞങ്ങൾ പറയുന്നത്. പക്ഷേ ചോറുകളഞ്ഞു നായ് മാംസം തിന്നണമോ?"

വിശ്വാമിത്രൻ രണ്ടാമതൊന്നുകൂടി പറഞ്ഞു നോക്കുവാൻ മിനക്കെട്ടില്ല. തള്ളിവന്ന കോപത്തിനു മതിയായ ലക്ഷ്യങ്ങളല്ല ഈ അവിവേകക്കുരുന്നുക ളെന്നു കരുതി അധികമൊന്നും ശുണ്ഠിയെടുക്കാതെ, പുച്ഛമായ ഒരു പുഞ്ചിരിയോടുകൂടി ഇങ്ങനെ പറഞ്ഞു: "കൊള്ളാം, ഒരു കൂസലില്ലാതെ എൻെറ മുഖത്തു നോക്കി നിങ്ങളിതു പറഞ്ഞുവല്ലോ; ആട്ടെ, നല്ല കാര്യം പറഞ്ഞുതന്ന പിതാവിനെ അനുസരിക്കാത്ത

നിങ്ങൾ, ഗർവ്വിഷ്ഠനായ പിതാവിനെ അനുസരിച്ച വാസിഷ്ഠന്മാരുടെ വഴിക്കു പോകുവിൻ; നായ്. മാംസവും തിന്നു ചണ്ഡാലന്മാരായി നടക്കുവിൻ, ആയിരം കൊല്ലം".

വിശ്വാമിത്രൻ സ്നേഹത്തേയും ധർമ്മത്തേയും മാത്രമേ വിലവയ്ക്കുന്നുള്ളു; അവയുടെ ആലംബനങ്ങളെ അല്ല. പുത്രന്മാരെ ശപിച്ചു കോപമടക്കി, ആചമിച്ച് അദ്ദേഹം വാത്സല്യം തുളുമ്പുന്ന മുഖത്തോടെ ശുനശ്ശേഫനോടു പറഞ്ഞു: "ഉണ്ണീ, വ്യസനിക്കേണ്ട. എല്ലാററിനും നിവൃത്തിയുണ്ടാക്കാം. ഞാൻ നിനക്ക് രണ്ടു ഗാഥ ഉപദേശിച്ചുതരാം. അതു രണ്ടും, നിന്നെ യജ്ഞശാലയിൽ കൊണ്ടുചെന്ന് പവിത്രച്ചരടു കെട്ടി, ചുവന്ന കുറിക്കൂട്ടു പൂശി, ചുവന്ന വസ്ത്രവും മാലയും ധരിപ്പിച്ച്, വിഷ്ണുയൂപത്തിന്മേൽ ബന്ധിച്ചുകഴിഞ്ഞാൽ അഗ്നിക്കഭിമുഖമായിനിന്ന് ഭക്തിയോടെ ചൊല്ലുക. അപ്പോൾ ഇന്ദ്രനും ഉപേന്ദ്രനും സുരന്മാരുമെല്ലാം പ്രസന്നരാവും. ഇന്ദ്രൻ നിനക്കു ദീർഘായുസ്സു തരും. അംബരീഷന് പതിന്മടങ്ങായി യജ്ഞഫലവും കൊടുക്കും. ഇതിന് നീക്കുപോക്കില്ല; ഭയപ്പെടേണ്ട. പൊയ്ക്കൊൾക. എല്ലാം കഴിഞ്ഞിട്ട് ഇങ്ങോട്ടു മടങ്ങിപ്പോന്നേക്കു".

അംബരീഷൻെറ കൂടെപ്പോയ ശുനശ്ശേഫൻ പിറേറന്ന് പ്രസന്നവദനനായി മടങ്ങിവന്ന്, നടന്നതെല്ലാം അത്ഭുതത്തോടും ആഹ്ലാദത്തോടുംകൂടി പറഞ്ഞു കേൾപ്പിച്ചു. വിശ്വാമിത്രൻ അയാളെ അനുഗ്രഹിച്ചു.

പിന്നീടു ശുനശ്ശേഫൻ, വിശ്വാമിത്രന് നാലു പുത്രന്മാർക്കു പകരമുള്ള ഏകപുത്രനായും മുഖ്യശിഷ്യനായും അവിടെ താമസമാക്കി. വിശ്വാമിത്രൻെറ തപസ്സ് മുറപ്രകാരം നടന്നു.

അഭ്യാസം.

1. രണ്ടാമത്തെ ഖണ്ഡികയിലെ പ്രധാന ക്രിയകൾ എടുത്തെഴുതി അവ സകർമ്മകമോ അകർമ്മകമോ എന്നു പരിശോധിക്കുക.
2. "ഒരു താപസകുമാരൻ വെയിൽകൊണ്ടു വിയർത്തൊലിച്ചു് വാടിത്തളർന്നു് ഓടിവന്നു് വിശ്വാമിത്രന്റെ മടിയിൽ കമിഴ്ന്നുവീണു കരഞ്ഞുതുടങ്ങി"—ഈ വാക്യത്തിലെ വിനയെച്ചങ്ങൾ കുറിക്കുക.
3. പേരെച്ചം എഴുതുക:—
   വിടർന്ന കണ്ണുകൾ, ആരംഭിച്ച യജ്ഞം, നിന്നിരുന്ന മക്കൾ.
4. ശുനശ്ശേഫനു വന്നുചേർന്ന ആപത്തെന്തു്?
5. വിശ്വാമിത്രൻ മക്കളെ ശപിക്കാൻ കാരണമെന്തു്?
6. വിശ്വാമിത്രൻ ശുനശ്ശേഫനെ രക്ഷിച്ചതെങ്ങനെ?

പാഠം 19

ഓമന

(1)

ഓമനേ, നിന്നെപ്പരിചയമില്ലാതെ-
യീമഹാവിശ്വത്തിലാരുമില്ലത്ഭുതം!
രാവിലെ നിന്നെയെടുത്തുമ്മറത്തെത്തി-
മേവിടും നേരമാവെള്ളിനക്ഷത്രവും
പുഞ്ചിരി തൂകുന്ന നീയും പരസ്പരം
കൺചിമ്മിയെന്തോ പറവതു കണ്ടു ഞാൻ.

പേടിയാണക്കൊച്ചനുജൻ വിളിച്ചുകൊ-
ണ്ടോടിക്കളയുമോ കണ്ണിൻവെളിച്ചമേ!
പ്രേമത്തിനെത്തന്നെ കാവലായ് നിർത്തുവൻ;
ഓമനയെങ്ങനെ പോമെന്നു കാണണം.

(2)

ഓമനേ, നിന്നെയെടുക്കാൻ കൊതിക്കാതെ-
യീമഹാവിശ്വത്തിലാരുമില്ലത്ഭുതം!
അമ്പിളിതന്നെയും താഴത്തുവച്ചതാ
കുമ്പിട്ടുനില്പൂ ചിരിച്ചുകൊണ്ടംബരം;
ചെങ്കുരുന്നംഗുലി കൊണ്ടലിവോടിതാ
നിൻകുളുർനെററി തലോടുന്നു പൊൻവെയിൽ
ഫുല്ലപുഷ്പത്താൽ ചിരിപ്പിച്ചുകൊണ്ടിളം-
ചില്ലയാം കൈനീട്ടി നിൽക്കുന്നു മല്ലിക.
നിന്നെ മമതച്ചരടു മുറുക്കി ഞാൻ
നന്നെ നോവിക്കയാണെങ്കിൽ ക്ഷമിക്കുക!

ഓടക്കുഴൽ] [ജി.

അഭ്യാസം.

1. മഹാവിശ്വം = മഹാലോകം. അംബരം = ആകാശം. ചെങ്കുരുന്നംഗുലി = ചുവന്ന കുരുന്നുപോലെയുള്ള വിരൽ. അലിവ് = ദയ. ഫുല്ലപുഷ്പം = വിടൎന്ന പൂവ്. മമതച്ചരട് = സ്നേഹബന്ധമാകുന്ന ചരട്.

2. പിരിച്ചെഴുതുക:—

   ഉമ്മറത്തെത്തി; ഓടിക്കളയുമോ; ഓമനയെങ്ങനെ.

3. 'അമ്പിളിതന്നെയും താഴത്തുവെച്ചതാ
   കുമ്പിട്ടുനില്പൂ ചിരിച്ചുകൊണ്ടംബരം' — ഇതിലെ
   മററവിനയും പററവിനയും ചൂണ്ടിക്കാണിക്കുക.

4. 'പേടിയാണു'' എന്നു തുടങ്ങി 'പോരമെന്നു കാണണം' എന്നുവരെയുള്ള വരികളെ പരാവർത്തനം ചെയ്യുക.

5. പ്രകൃതി 'ഓമന'യെ എങ്ങനെ താലോലിക്കുന്നു എന്നു് സ്വവാക്യത്തിൽ വിവരിക്കുക.

6. 'ഓമന ഉറങ്ങുന്നു'—ഈ വാക്യത്തിൽ ഒരു കർത്താവും ഒരു ക്രിയയും മാത്രമേയുള്ളൂ. അതിൽ കർമ്മമില്ല. അതിനാൽ 'ഉറങ്ങുന്നു' എന്ന ക്രിയ അകർമ്മകമാണു്. 'അമ്മ ഓമനയെ ഉറക്കുന്നു' എന്ന വാക്യത്തിലെ 'ഉറക്കുന്നു' എന്ന ക്രിയയ്ക്കു കർമ്മമുണ്ടു്. അതാണു്, 'ഓമനയെ' എന്നതു്. അതിനാൽ 'ഉറക്കുന്നു' എന്ന ക്രിയ സകർമ്മകമാണു്. എന്നാൽ, 'രാമൻ പുസ്തകം വായിക്കുന്നു' എന്നു നേരത്തേ കാണിച്ച ഉദാഹരണത്തിൽനിന്നു വ്യത്യസ്തമാണിതു്. അവിടെ രാമൻ പുസ്തകം വായിക്കുന്നതിനു് ആരുടെയും പ്രേരണയില്ല. ഇവിടെയാകട്ടെ, കുട്ടി ഉറങ്ങുന്നതിനു് അമ്മയുടെ പ്രേരണയുണ്ടു്. ഇങ്ങനെ പ്രേരണയുള്ള ക്രിയകൾക്കു് 'പ്രയോജകക്രിയ'കൾ എന്നുപേർ. പ്രേരണയില്ലാത്തതു 'കേവലക്രിയ'യും.

പാഠം 20

സത്യവാനായ ബാലൻ

രംഗം ഒന്നു്

[ഒരു ബോട്ടുജെട്ടി. ബസ്സ്യാത്രക്കാരുടെയും ബോട്ടുയാത്രക്കാരുടെയും കോലാഹലം. കുട്ടപ്പൻ ഒരു കീറിയ കച്ചമുണ്ടുടുത്തു് ഒരു വീഞ്ഞപ്പെട്ടി നിറയെ സാമാനവും പേറിക്കൊണ്ടു യാത്രക്കാരെ സമീപിക്കുന്നു. പന്ത്രണ്ടു വയസ്സു പ്രായം. അവൻ ഓരോന്നു വിളിച്ചുപറയുന്നു.]

കുട്ടപ്പൻ:—സോപ്പ്, സ്ലൈഡ്, ബട്ടൺ, പിന്നു്, ചീപ്പ്, ചെവിത്തോണ്ടി . . . . . .

[ആരും അവനെ ശ്രദ്ധിക്കുന്നില്ല. ഖദർധാരിയായ ദയാനന്ദൻ പ്രവേശിക്കുന്നു. അദ്ദേഹത്തിന്റെ സഞ്ചിയിൽ എന്തോ സാമാനങ്ങളുണ്ടു്. ഒരു തൊഴിലാളിനേതാവാണു് അദ്ദേഹം. കുട്ടപ്പൻ പുറകെ ഓടിച്ചെല്ലുന്നു.

കുട്ടപ്പൻ:—സർ, പൗഡർ, ചീപ്പ്, പല്ലുകുത്തി—എല്ലാം ഉണ്ട്. ഈ ചീപ്പ് നമ്മുടെ നാട്ടിലുണ്ടാക്കിയതാണ്.

ദയാനന്ദൻ:—വേണ്ടാ അനുജാ; എനിക്കൊന്നും വേണ്ട.

കുട്ടപ്പൻ:—സർ, ഒരു ഡപ്പി പൌഡറെങ്കിലും വാങ്ങു. വളരെ ആദായത്തിൽ തരാം.

ദയാനന്ദൻ:—വേണ്ടാ കുട്ടാ; എനിക്കൊന്നും വേണ്ട. അനുജൻ വേറെ ആരെയെങ്കിലും നോക്കു.

കുട്ടപ്പൻ:—സർ, ഈ ചെറിയ ചീപ്പെങ്കിലും വാങ്ങു. പ്ലാസ്റ്റിക്കല്ല; റബ്ബറാണ്. (വളച്ചു കാണിക്കുന്നു)

ദയാനന്ദൻ:—എനിക്കിതൊന്നും വേണ്ട.

കുട്ടപ്പൻ:—ചീപ്പും?

ദയാനന്ദൻ:—വേണ്ട.

കുട്ടപ്പൻ:—പല്ലുകുത്തി ?

ദയാനന്ദൻ:—അതും വേണ്ട.

കുട്ടപ്പൻ:—(വിനയപൂർവ്വം) ഈ ചീപ്പു വാങ്ങണം, സർ. രണ്ടണയേ വിലയുള്ളു.

ദയാനന്ദൻ:—വേണ്ടെങ്കിൽപ്പിന്നെ എങ്ങനെ വാങ്ങും ?

കുട്ടപ്പൻ:—ഒന്നരയണ തന്നാൽ മതി.

ദയാനന്ദൻ:—അല്ലാ, നീ . . . . . . ?

കുട്ടപ്പൻ:—സർ, ഒരെണ്ണം വാങ്ങണം. ഒന്നരയണയുടെ കാര്യം.

ദയാനന്ദൻ:—ഉപദ്രവമായല്ലോ ! പറഞ്ഞില്ലേ വേണ്ടെന്ന് ?

കുട്ടപ്പൻ:—(വിഷാദത്തോടുകൂടി) ഇന്ന് ഈ നേരം വരെ ഒന്നും വിററിട്ടില്ല. എനിക്കു വേണ്ടി ഒരെണ്ണം വാങ്ങണം സർ.

ദയാനന്ദൻ:—(കീശയിൽനിന്നും മൂന്നു നയാപൈസ എടുക്കുന്നു.) നീ . . . , . ദാ, ഇതെടുത്തോളൂ.

കുട്ടപ്പൻ:— (പെട്ടെന്ന്) വേണ്ട സർ, വേണ്ട. എനിക്കു വെറുതേ കാശുവേണ്ട.

ദയാനന്ദൻ:—വേണ്ട . . . . . . !

കുട്ടപ്പൻ:—വേണ്ട, സർ. കഴിയുമെങ്കിൽ ഒരു ചീപ്പു വാങ്ങിയാൽ മതി.

ദയാനന്ദൻ:—ഒരു ചീപ്പു വിററാൽ നിനക്കെന്തു ലാഭം കിട്ടും ?

കുട്ടപ്പൻ:—അരയണ.

ദയാനന്ദൻ:—അപ്പോൾ ഈ പൈസ വാങ്ങിയിട്ട് ഞാൻ ഒരു ചീപ്പു വാങ്ങിയെന്നു വിചാരിച്ചു കൊള്ളൂ.

കുട്ടപ്പൻ:—അതുവേണ്ട, സർ. വെറുതെ എനിക്കൊന്നും വേണ്ട. എന്നാലും സർ, ഒരു ചീപ്പു വാങ്ങിക്കൂടേ ?

[കുട്ടപ്പന്റെ വാക്കുകൾ ദയാനന്ദനെ വല്ലാതെ വശീകരിക്കുന്നു. അയാൾ ആ കുട്ടിയെ ഒന്നു നോക്കിയിട്ടു പോക്കററിൽ തപ്പുന്നു. രണ്ട് ഒററ നോട്ടു പുറത്തെടുക്കുന്നു.]

ദയാനന്ദൻ:—എന്റെ പക്കൽ ചില്ലറയില്ല; ഒററ നോട്ടു മാത്രമേയുള്ളൂ. ബാക്കി തരാനുണ്ടോ ?

കുട്ടപ്പൻ:—(വിഷാദഭാവത്തിൽ) ചില്ലറ...... എന്റെ കൈയിലുമില്ല. ഇതുവരെ ഒന്നും വിററിട്ടില്ല.

ദയാനന്ദൻ:—അതല്ലേ ഞാൻ പറഞ്ഞത്. ഒരു കാര്യം ചെയ്യാം. നാളെ എന്റെ വീട്ടിൽകൊണ്ടുവരൂ. ഞാൻ താമസിക്കുന്നതു പുല്ലേപ്പടികയലാണ്.

കുട്ടപ്പൻ:—അതല്ല സർ; ഇന്നുതന്നെ വാങ്ങണം. ഈ ഉച്ചസമയത്ത് സാറിന്റെ കൈകൊണ്ടെങ്കിലും ഒരു കച്ചവടം ....,.. ആ നോട്ടു തരൂ; ഞാൻ ഇപ്പോൾത്തന്നെ മാററിക്കൊണ്ടു വരാം.

ദയാനന്ദൻ:—അനുജാ, നിന്റെ നിർബ്ബന്ധം!

കുട്ടപ്പൻ:—ക്ഷണത്തിൽ വരാം.

ദയാനന്ദൻ:—ശരി; വേഗം വരണം; താമസിക്കരുത് കേട്ടോ? ബസ്സിപ്പോൾ പോകും.

കുട്ടപ്പൻ:—ദാ വന്നുകഴിഞ്ഞു. സർ ഇവിടെത്തന്നെ നിന്നുകൊള്ളൂ. ഒരു ഞൊടിക്കുള്ളിൽ .....
(കുട്ടപ്പൻ നോട്ടു വാങ്ങി എവിടേയ്ക്കോ പായുന്നു).

[ദയാനന്ദൻ അവിടെത്തന്നെ നില്ക്കുന്നു. പത്തുപന്ത്രണ്ടു നിമിഷം കഴിഞ്ഞു, അദ്ദേഹം ഉൽക്കണ്ഠയോടുകൂടെ നാലു വശവും നോക്കുന്നു.]

ദയാനന്ദൻ:—(സ്വഗതം) പതിനഞ്ചു നിമിഷമായി; എന്നിട്ടും അവനെ കാണാനില്ലല്ലോ. എവിടെപ്പോയി? എന്നെ ....

[ഒരു പരിചയക്കാരൻ ആ വഴിക്കു വരുന്നു. ദയാനന്ദനെ കണ്ടു പെട്ടെന്നു് അവിടെ നില്ക്കുന്നു.]

പരിചയക്കാരൻ:—എന്താ ദയേ, ഇവിടെ നില്ക്കുന്നതു്?

ദയാനന്ദൻ:—(ചിരിച്ചിട്ടു്) ഒന്നും പറയണ്ട. ഒരു കുട്ടി നമ്മളെ പററിച്ചു. ഒരു ചീപ്പു കെട്ടിയേല്പിച്ചു്, എന്നോടു നോട്ടും വാങ്ങി, ചില്ലറമാറാൻ പോയിട്ടു് .....

പരിചയക്കാരൻ:—അപ്പോൾ കുട്ടി സ്ഥലം വിട്ടോ?

ദയാനന്ദൻ:—പിന്നല്ലാതെ!

പരിചയക്കാരൻ:—എത്രനേരമായി?

ദയാനന്ദൻ:—പത്തുപതിനഞ്ചു നിമിഷമായി.

പരിചയക്കാരൻ:—ഉം .....; അവനിനി വരാനോ? ഇവിടെ ഇതേജാതി പിള്ളേർ ധാരാളമാണു്. കരഞ്ഞുപിഴിഞ്ഞു മററുള്ളവരെ ചതിക്കും; അതാണു് തൊഴില്.

ദയാനന്ദൻ:—ചതിക്കാനെന്താണുള്ളതു്? ഒരു രൂപയേ കൊണ്ടുപോയിട്ടുള്ളു.

പരിചയക്കാരൻ:—പലതുള്ളിയാണെടോ പെരുവെള്ളം! ഓ, തൊഴിലാളികളുടെയും പട്ടിണിപ്പാവങ്ങളുടെയും ആളല്ലേ താൻ! കൊണ്ടുപോയിത്തിന്നട്ടെ.

ദയാനന്ദൻ:—(ചിരിച്ചിട്ട്) അതും കാര്യമാണ്. അവൻ ഒരു നല്ല കുട്ടിയായിട്ടാണ് എനിക്കു തോന്നിയത്. എന്തോ, ഇപ്പോൾ ആ വിശ്വാസം പോയി. എന്തെങ്കിലുമാവട്ടെ. ഒരു രൂപ കൊടുത്തു ഒരു പാഠം പഠിച്ചുവെന്നു വിചാരിക്കാം.

പരിചയക്കാരൻ:— (ഉറക്കെ ചിരിക്കുന്നു) നല്ല പാഠം! അതും നല്ല കുട്ടിയോടാണല്ലോ പഠിച്ചത്. നല്ലവനായി അഭിനയിച്ചില്ലെങ്കിൽ അവന്റെ വലയിൽ വല്ലവരും കുടുങ്ങുമോ? നമസ്കാരം. ഞാൻ പോകട്ടെ. (നടക്കുന്നു).

ദയാനന്ദൻ:—നമസ്തേ! (സ്വഗതം) ബസ്സിന്റെ സമയമായല്ലോ. (പോകുന്നു)

രംഗം രണ്ട്.

[പുല്ലേപ്പടി റോഡ്. സമയം സന്ധ്യ. യാത്രക്കാരുടെ തിക്കും തിരക്കും. കൗപീനധാരിയായി അനിയൻ പ്രവേശിക്കുന്നു. ഏഴു വയസ്സുമാത്രം. മെലിഞ്ഞ ശരീരം. കുട്ടപ്പന്റെ മുഖച്ഛായയുണ്ട്, ഒററനോട്ടത്തിൽ. പരിഭ്രമം നിഴലിക്കുന്ന മുഖം.]

അനിയൻ:—(ഒരു യാത്രക്കാരനോട്) പുല്ലേപ്പടി ഇതാണോ, സർ?

ഒരു യാത്രക്കാരൻ:—അതേ.

അനിയൻ:—ആ സദാനന്ദൻ.... അല്ല, ദയാനന്ദൻ സാർ എവിടെയാണു താമസിക്കുന്നത്?

യാത്രഃ—(സംശയഭാവത്തിൽ) ഏതു ദയാനന്ദൻ ?

അനിഃ—ആ പ്രസംഗിക്കുന്ന ആളാണെന്നാണ് ചേട്ടൻ പറഞ്ഞതു്.

യാത്രഃ—ആവോ, എനിക്കറിഞ്ഞുകൂട. വേറെ ആരോടെങ്കിലും ചോദിക്കു.

[അനിയൻ മുന്നോട്ടു നടന്നു വേറൊരാളോടു ചോദിക്കുന്നു]

യാത്രഃ—ദയാനന്ദൻ സാർ—ഒരു തൊഴിലാളി നേതാവാണോ ?

അനിഃ—ങ്ആ.

യാത്രഃ—(ചൂണ്ടിക്കാണിച്ചിട്ടു്) ദാ, അങ്ങോട്ടു നോക്കു, അവിടെയൊരു ഒട്ടുമാവു നില്ക്കുന്നില്ലേ ?

അനിഃ—ഉവ്വ്.

യാത്രഃ—അതാണദ്ദേഹത്തിന്റെ വീട്ട്.

[യാത്രക്കാരൻ പോകുന്നു. അനിയൻ ഒട്ടുമാവു നില്ക്കുന്ന മതിൽക്കെട്ടിനകത്തു കയറി വിളിക്കുന്നു.]

അനിഃ—സാർ, സാർ ......

ദയാഃ—(ദയാനന്ദൻ ജനലിൽക്കൂടി എത്തി നോക്കിക്കൊണ്ടു്) ആരാ അതു് ? എന്തുവേണം ?

അനിഃ—ആ ദയാനന്ദൻസാറിനെ ഒന്നു കാണാൻ വന്നതാണു്. ചേട്ടൻ പറഞ്ഞയച്ചതാ.

ദയാഃ—(പുറത്തുവന്നു്) ദയാനന്ദൻ ഞാൻ തന്നെയാണു്. നീ ആരാ ? ഏതു ജ്യേഷ്ഠൻ ?

അനിഃ—(ബഹുമാനത്തോടുകൂടി) ഇന്നുച്ചയ്ക്കു് അങ്ങയ്ക്കൊരു ചീട്ടു തന്നില്ലേ ?

ദയാഃ—ഉവ്വ്, മനസ്സിലായി. ഒരു ഒററരൂപാനോട്ടും കൊടുത്തിട്ടുണ്ടു്. അവനെവിടെ ?

അനി:—ആ നോട്ട മാറി മടങ്ങി വരുന്നവഴിക്ക് ഒരു കാറു മുട്ടി.

ദയാ:—(പരിഭ്രമത്തോടെ) എന്ത് ? കാറു മുട്ടി യെന്നോ ?

അനി:—(ദീനസ്വരത്തിൽ) കാശ്ശും സാധനങ്ങളു മെല്ലാം ചിതറിപ്പോയി. കൈയൊന്നൊടിഞ്ഞു. എങ്കിലും വച്ചുകെട്ടിയിട്ടെല്ലാമുണ്ട്.

ദയാ:—(സഹതാപത്തോടുകൂടി) കഷ്ടം ! കൈയൊ ടിഞ്ഞോ ?

അനി:—(സങ്കടഭാവത്തിൽ) ഉവ്വ്. വീട്ടിൽക്കൊണ്ടു വന്നപ്പോൾ ബോധമുണ്ടായിരുന്നില്ല. കുറെ നേരം കഴിഞ്ഞു ബോധം വീണപ്പോൾ സാറിൻെറ ബാക്കി പണം എത്തിച്ചുതരാൻ എന്നോടു പറഞ്ഞു. ദാ, പതിന്നാലരയണ തന്നയച്ചിട്ടുണ്ട്. ചേട്ടനു വരാൻ തീരെ വയ്യാ ഞ്ഞിട്ടാണ്.

ദയാ:— (നിരുത്സാഹനായി) എൻെറ പതിന്നാലര യണ അവൻ തന്നയച്ചു . . . . . . (ദീർഘനിശ്വാ സത്തോടെ) കഷ്ടം ! അവനിപ്പോളെവിടെയാണു കുട്ടീ ?

അനി:—വീട്ടിലുണ്ട്.

ദയാ:—പിന്നെ ആരുണ്ടവിടെ ?

അനി:—ആരുമില്ല.

ദയാ:—(അത്ഭുതത്തോടെ) ആരുമില്ലേ ?

അനി:—ഇല്ല. ഞങ്ങൾ പാച്ചുപിള്ളച്ചേട്ടൻെറ വീട്ടി ലാണു പാക്കുന്നത്.

ദയാ:—നിങ്ങളുടെ അച്ഛനമ്മമാർ . . . . . . ?

അനി:—(തേങ്ങിക്കരഞ്ഞുകൊണ്ട്) നടപ്പുദീനം പിടിച്ചു മരിച്ചുപോയി.

ദയാ:—കഷ്ടം! അപ്പോൾ നിങ്ങൾ രണ്ടുപേരും പാച്ചു പിള്ളയുടെ വീട്ടിലാണ് താമസം; അല്ലേ കുട്ടീ? (അനിയന്റെ തോളിൽ തട്ടിക്കൊണ്ട്) നീ കരയണ്ട. ഞാനും നിന്റെ കൂടെ വരാം. ബാക്കിക്കാശു കീശയിൽത്തന്നെ കിടക്കട്ടെ.

അനി:—എനിക്കു വേഗംപോണം.

ദയാ:—ദാ, ഞാനും ഇറങ്ങിക്കഴിഞ്ഞു. ഷർട്ടൊന്നി ട്ടോട്ടെ. (ധൃതിയിൽ അകത്തേയ്ക്കു പോകുന്നു. ഷർട്ടിട്ടു മടങ്ങി വരുന്നു) ഏതു റോഡിലാണു വീട്?

അനി:—'ശിവരാമമേനോൻ റോഡിൽ.'

ദയാ:—(തിരിഞ്ഞുനിന്നു വേലക്കാരനോട്) എടാ പരമു, ഞാൻ ഒന്നു 'ശിവരാമമേനോൻ റോഡു' വരെ പോകുന്നു, പാച്ചുപിള്ളയുടെ വീട്ടിൽ. നീ ഉടനെ പോയി ഡാക്ടർ കയ്മളെയും കൊണ്ട് അവിടെ എത്തണം. അദ്ദേഹത്തോടു പറയണം, ഒരു കുട്ടിയുടെ കൈയ്യ് കാറപകട ത്തിൽപ്പെട്ടു ചതഞ്ഞു പോയി എന്ന്. ഉം, വേഗം വേണം. (നടന്നുകൊണ്ട്) വരൂ കുട്ടീ, നമുക്ക് പോകാം. (വേഗം നടക്കുന്നു. അനി യനും ഒപ്പമെത്തുന്നു.)

രംഗം മൂന്നു്.

[പാച്ചുപിള്ളയുടെ വീടു്. കോലായിൽ വശ്ശോൽ വിരിച്ചിരിക്കുന്നു. അതിൽ കുട്ടപ്പൻ കിടക്കുന്നു. വേദനകൊണ്ടു ഞരങ്ങുന്നു. അടുത്തൊരു മണ്ണെണ്ണ വിളക്ക മങ്ങിമങ്ങി കത്തുന്നു. പാച്ചുപിള്ള ഈഷർഷ്യയോടുകൂടി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.]

പാച്ചുപിള്ള:—നീ നോക്കി നടന്നില്ലെന്നാ ഞാൻ പറയുന്നതു്. ഇന്നത്തെ പിള്ളാരു് കണ്ണും മൂക്കമില്ലാതെയാ നടപ്പു്. മോട്ടാറും ബസ്സും കാളേജ് പിള്ളാരും എല്ലാംകൂടി ഒരു ചന്തയാ. പറഞ്ഞു പറഞ്ഞു ഞാൻ തോററു. കണ്ണു കുറേശ്ശ തുറന്നു നടക്കണം. എങ്ങനാ! സായിപ്പായിട്ടല്ലിയോ നടപ്പു്. ഇപ്പം അനുഭവിച്ചോ, ഓടിയതിൻെറ ഫലം.

കുട്ടപ്പൻ:—(ദയനീയമായി കരഞ്ഞുകൊണ്ടു്) ചേട്ടാ! ദേഷ്യപ്പെടല്ലേ. എൻെറ കൈയുടെ വേദന കൂടുന്നു.

പാ: പി:—വേദന കൂടുന്നോ? പിന്നെ വേദനയില്ലാതെ സുഖമുണ്ടാകുമോ? നോക്കിക്കോ, ഒരു മാസം പിടിക്കും ഇതു്. (അലസഭാവത്തിൽ) ആശുപത്രിയിലെങ്ങാൻ പോയെങ്കിൽ വേഗം ഭേദമായേനേ.

കുട്ട:—ചേട്ടാ! എന്നാൽ എന്നെ ആശുപത്രിയിൽ കൊണ്ടുപോകു.

പാ: പി:—ഞാനോ? ഉം! അതിനു നീ പണമെവിടെയാ കെട്ടിവച്ചിരിക്കുന്നേ? ആ അനിയൻ ചെറുക്കൻ എവിടെപ്പോയി? അവനും സായിപ്പായിട്ടാ നടപ്പു്. ചക്രം കൊടുക്കാൻ പോയി

രിക്കുന്നു! (പുച്ഛഭാവത്തിൽ) വലിയ ഹരിശ്ച ന്ദ്രനാണെന്നാ ഭാവം!

[അനിയനും ദയാനന്ദനും പ്രവേശിക്കുന്നു.]

അനി:—ദാ ഇവിടെയാണ് സാർ.

ദയാനന്ദൻ:—അല്ലാ! നിലത്താണോ കിടത്തിയിരിക്കുന്നത്?

പാ: പി:—(ഭാവം മാററിയിട്ട്) അല്ല, സാറോ? നമസ്ക്കാരം. സാറിപ്പം......?

ദയാ:—മുറിവെവിടെയാണ പററിയത്? നോക്കട്ടെ.

പാ: പി:—സർ, പാവം കുഞ്ഞു്! കൈയൊടിഞ്ഞു പോയി. മോട്ടാർ ഓടിക്കുന്നവർക്കെന്താ? സായിപ്പന്മാരായി നടന്നാൽപ്പോരേ?

[ദയാനന്ദൻ അടുത്തുചെന്നു് കുട്ടപ്പൻെറ കൈപിടിച്ചു നോക്കുന്നു]

ദയാ:—ആരോ പ്രഥമചികിത്സ ചെയ്തിട്ടുണ്ട്.

കുട്ടപ്പൻ:— (തേങ്ങിത്തേങ്ങിക്കരയുന്നു. ദയാനന്ദൻ കുറെ നേരം അവനെത്തന്നെ നോക്കി നിൽക്കുന്നു.)

ദയാ:—ഓ സാരമില്ല.

കുട്ട:—കാറു മുട്ടിയതുകൊണ്ടാണ്. അല്ലെങ്കിൽ അപ്പോൾത്തന്നെ കാശു കൊണ്ടുവന്നു തന്നേനേ.

പാ: പി:—പാവം! ബോധം കെട്ടുകിടക്കുകയായിരുന്നു. ബോധം വീണതു മുതൽ ചക്രം കൊടുക്കേണ്ട കാര്യമേ പറഞ്ഞിട്ടുള്ളൂ.

കുട്ട:—സാറെന്തൊക്കെയോ വിചാരിച്ചു കാണും.

ദയാ:—ഒന്നുമില്ലനിയാ. ഞാൻ ഡാക്ടരോടു വരാൻ പറഞ്ഞിട്ടുണ്ട്. എല്ലാം വേഗം ഭേദമാവട്ടെ.

കുട്ട:—(അത്ഭുതത്തോടെ) ഡാക്ടരോ!

[കാറിൻെറ ഹാൺ കേൾക്കുന്നു. ഡാക്ടർ പ്രവേശിക്കുന്നു.]

പാ: പി:—(പരിഭ്രമത്തോടെ) ദാ, ഡാക്ടർ വന്നു കഴിഞ്ഞല്ലോ. ഡാക്ടർ സാർ, ഞാൻ കുട്ടപ്പനു ചെന്ന്യായം കലക്കിക്കൊടുത്തു. ങ്. പിന്നെ ...... അല്പം ചാരായവും. പാവം കുഞ്ഞു്!

ഡാക്ടർ:—(കുട്ടപ്പനെ സമീപിച്ചു തിരിഞ്ഞു ദയാനന്ദനോട്ട്) ഈ കുട്ടിയെ ബോട്ടുകടവിൽ പലപ്പോഴും കണ്ടിട്ടുണ്ടല്ലോ.

ദയാ:—അവൻ അവിടംകൊണ്ടാണു് ജീവിക്കുന്നതു്. ഒരു സാധുക്കുട്ടി. കാറപകടത്തിൽപ്പെട്ടു കൈയൊടിഞ്ഞു. ഒന്നു പരിശോധിക്കണം ഡാക്ടർ.

[ഡാക്ടർ കൈയ് പരിശോധിക്കുന്നു. കുട്ടപ്പൻ അസഹ്യമായ വേദന നടിക്കുന്നു. അനിയൻെറ കണ്ണുകൾ നിറയുന്നു. അവൻ ചേട്ടനെയും ഡാക്ടറെയും മാറി മാറി നോക്കുന്നു.]

ദയാ:—(ഉൽക്കണ്ഠയോടെ) കൈയ് ശരിയാകുകയില്ലേ ഡാക്ടർ?

ഡാക്ടർ:—എല്ലൊടിഞ്ഞിട്ടുണ്ടെന്നാണു് തോന്നുന്നതു്. സ്ക്രീൻ ചെയ്തു നോക്കണം. ഇവനെ ഇപ്പോൾത്തന്നെ ആശുപത്രിയിൽ എത്തിക്കണം.

പാ: പി:—ഞാൻ അപ്പോഴേ പറഞ്ഞതാ സാർ. പക്ഷെ . . .

ദയാ:—പിന്നാരുടെ കുററമായിരുന്നു? ഇനിയെങ്കിലും ഒന്നു ശ്രദ്ധിക്കൂ. ഞാൻ ആംബുലൻസിനു ഫോൺ ചെയ്തിട്ടു വരാം.

ഡാക്ടർ:—ഫോൺ ചെയ്തിട്ടു വരൂ. അപ്പോഴെയ്ക്കും ഞാൻ ഒരു ഇഞ്ചെക്ഷൻ കൊടുക്കാം.

കുട്ട:—അയ്യോ! എന്താണെന്നെ ചെയ്യാൻ പോകുന്നതു്? ഞാൻ ഒരു പാവമാണേ.

ദയാ:—നീയൊട്ടം പേടിക്കണ്ട അനിയാ. അനങ്ങാതെ കിടന്നോളൂ.

കുട്ട:—വേണ്ടാ, എന്നെ ഒന്നും ചെയ്യല്ലേ.

ദയാ:—(അതു കേൾക്കാത്ത മട്ടിൽ) ഡാക്ടർ, ഇവനെ എങ്ങനെയെങ്കിലും രക്ഷിക്കണം. ഇവൻ നല്ല കുട്ടിയാണു്; സത്യസന്ധനാണു്..... ഞാനിപ്പോൾ വരാം. (ധൃതിയിൽ പോകുന്നു.)

പാ: പി:—അതേ സാർ. അങ്ങേരു പറഞ്ഞതു വാസ്തവമാണു്. കുഞ്ഞു സ്വർണ്ണമാണു്. അതല്യോ ഞാൻ ഇവനെ എന്റെ വീട്ടിൽ താമസിപ്പിച്ചിരിക്കുന്നതു്. സാർ, ഈ രണ്ടു കുഞ്ഞുങ്ങളും പുറത്തുപോയി പണിയെടുത്താണു ജീവിക്കുന്നതു്. നുണയോ ചതിയോ ഇവരുടെ കൈയിലില്ല. നല്ല സ്വഭാവമാ, (സ്വരം താഴ്ത്തി) എന്നാൽ കഴിയുന്ന സഹായം ചെയ്യുന്നുണ്ടു്.

[ഡാക്ടർ അനിയന്റെ സഹായത്തോടുകൂടി ഇഞ്ചെക്ഷൻ കൊടുക്കുന്നു. കുട്ടപ്പൻ വേദനകൊണ്ടു് ഞെരങ്ങുന്നു. അടുത്ത ക്ഷണത്തിൽ കുട്ടപ്പന്റെ മുഖത്തു ശാന്തിയും കൃതജ്ഞതയും പ്രകാശിക്കുന്നു.]

അഭ്യാസം.

1. 'ഒരു കുട്ടി നമ്മളെ പററിച്ചു', 'ഒരു ചീപ്പു് കെട്ടിയേല്പിച്ചു'—ഈ വാക്യങ്ങളിലെ ക്രിയകൾ കേവലമോ പ്രയോജകമോ എന്നു നോക്കുക.

2. 'അവൻ കരഞ്ഞുപിഴിഞ്ഞു മററുള്ളവരെ ചതിക്കും'— ഇതിലെ വിനയെച്ചവും മുററുവിനയും ചൂണ്ടിക്കാണിക്കുക.

3. 'തൊഴിലാളികളും പാവങ്ങളും പട്ടിണി കിടക്കുന്നു'— എന്ന വാക്യത്തിൽ തൊഴിലാളികൾ, പാവങ്ങൾ എന്നിവരെ ചേർത്തു പറഞ്ഞിരിക്കുകയാണു്. തൊഴിലാളികൾ പട്ടിണി കിടക്കുന്നു; പാവങ്ങൾ പട്ടിണി കിടക്കുന്നു. എന്ന ആശയമാണു് മുൻപറഞ്ഞ വാക്യത്തിലുള്ളതു്. അങ്ങനെ കൂട്ടിച്ചേർക്കുന്നതിനുപയോഗിക്കുന്ന ശബ്ദം 'ഉം' എന്നാണു്. ഇതിനു് വ്യാകരണത്തിൽ 'സമുച്ചയ'മെന്നു പേർ.

4. 'രാമൻ പോകുന്നു'; 'കൃഷ്ണൻ പോകുന്നു'— ഈ വാക്യങ്ങളെ സമുച്ചയമുപയോഗിച്ചു് ഒററവാക്യമാക്കുക.

5. കുട്ടപ്പൻ സത്യവാനാണെന്നു തെളിയിച്ച സംഭവമെന്തു്?

6. ദയാനന്ദൻെറ സാധുക്കളോടുള്ള അനുകമ്പ ഈ കഥയിൽനിന്നു വ്യക്തമാക്കുക.

പാഠം 21

ലിയർ രാജാവു്

പണ്ടൊരിക്കൽ ബ്രിട്ടനിൽ ലിയർ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു് ആൺമക്കളുണ്ടായിരുന്നില്ല. മൂന്നു പെൺമക്കളാണുണ്ടായിരുന്നതു്—ഗോണറിൽ, റീഗൻ, കോർഡീലിയ. ആൽബനിയിലെ പ്രഭു ഗോണറിലിനേയും കോൺവാളിലെ പ്രഭു റീഗനേയും കല്യാണം കഴിച്ചിരുന്നു. കോർഡീലിയയെ വിവാഹം കഴിക്കാൻ ഫ്രാൻസിലെ

രാജാവും ബർഗണ്ടിയിലെ പ്രഭുവും ആഗ്രഹിച്ചിരു ന്നെങ്കിലും ആരു വേണമെന്ന് അവൾ നിശ്ചയിച്ചു കഴിഞ്ഞിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് ഒരു ദിവസം ലിയർ രാജാവ് മക്കളുടെ സ്നേഹം എത്രത്തോളം ദൃഢമാണെന്ന് അറിയാനൊരുങ്ങിയത്.

നിറഞ്ഞ രാജസദസ്സ്. പല മാന്യന്മാരുമുണ്ടാ യിരുന്നു. ലിയർ രാജാവിൻെറ വിശ്വസ്തസേവക നായ കെൻറിലെ പ്രഭുവും സന്നിഹിതനായിരുന്നു. ആ സദസ്സിൽവച്ച് രാജാവ് തൻെറ പുത്രിമാരോടു പറഞ്ഞു;—"മക്കളേ, നിങ്ങളോരോരുത്തരും നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നു പറയുക. ആരാണോ അധികം സ്നേഹിക്കുന്നത്, അവൾക്ക് ഏറ്റവുമധികം നാം രാജ്യഭാഗം നൽകും."

ഗോണറിൽ പറഞ്ഞതു് തൻെറ കണ്ണുകളേ ക്കാളും, സ്വാതന്ത്ര്യത്തേക്കാളും, എന്തിന്, സ്വജീവിത ത്തെക്കാൾ തന്നെയും, താൻ പിതാവിനെ സ്നേഹിക്കു ന്നുവെന്നായിരുന്നു. ലോകത്തിൽ ഒരു പുത്രിയും അവളെക്കാളധികം പിതൃസ്നേഹമുള്ളവളായിരിക്കയി ല്ലെന്നുകൂടി അവൾ ചേർത്തുപറഞ്ഞു. രാജാവു സന്തോഷിച്ചു. രാജ്യത്തിൻെറ മൂന്നിലൊന്ന് അവൾക്ക് ഉടനെ കൊടുത്തു. രണ്ടാമത്തെ മകൾ റീഗൻ മനസ്സിലാക്കി, പ്രശംസകൊണ്ട് അദ്ദേഹത്തെ എളുപ്പത്തിൽ മയക്കാമെന്ന്. അതുകൊണ്ട് എന്തു പറഞ്ഞും മൂത്തവളെക്കാളേറെ നേടണമെന്ന് അവൾ തീർച്ചയാക്കി. ഗോണറിൽ സ്നേഹിക്കുന്നതിനെ ക്കാളുമേറെ താൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും അതിൽമാത്രമേ താൻ സൗഖ്യം കാണുന്നുള്ളുവെന്നും അവൾ പ്രസ്താവിച്ചു. രാജാവ് അവൾക്കും മൂന്നി

ലൊന്നു രാജ്യം കൊടുത്തു. ഇനി കോർഡീലിയ മാത്രം ബാക്കിയുണ്ടു്. അവൾ ആത്മാർത്ഥതയില്ലാതെ യാതൊന്നും പറയാനിഷ്ടപ്പെട്ടില്ല. ഒരു മകൾക്കു പിതാവിനോടുണ്ടാവുന്ന സ്നേഹവും ബഹുമാനവും തനിക്കു ലിയർ രാജാവിനോടുണ്ടെന്നും അതിൽനിന്നു കൂടുതലോ കുറവോ ഇല്ലെന്നും അവൾ തുറന്നുപറഞ്ഞു. എന്നാൽ രാജാവു് ക്ഷോഭിക്കയാണു ചെയ്തതു്. തന്നെ ധിക്കരിച്ചതിനു് അവളെ ഒരു പാഠം പഠിപ്പിക്കാൻ അദ്ദേഹം നിശ്ചയിച്ചു. ഉടനെ നാടുവിടാൻ അവളോടു കല്പിച്ചു. കോർഡീലിയയ്ക്കു് രാജ്യാവകാശമില്ലെന്നു കണ്ടപ്പോൾ ബർഗണ്ടിയിലെ പ്രഭു അവളുടെ പതിയാവാൻ ഇച്ഛിച്ചില്ല. എന്നാൽ അവളുടെ സ്വഭാവഗുണത്താൽ ആകൃഷ്ടനായ ഫ്രാൻസിലെ രാജാവു് ഉടനെതന്നെ അവളെ വരിക്കാൻ തയ്യാറായി. കോർഡീലിയയ്ക്കു് അച്ഛനെ വിട്ടുപിരിയുന്നതിൽ ഖേദമുണ്ടായിരുന്നു. എങ്കിലും ജ്യേഷ്ഠത്തിമാർ വാക്കിൽ കാണിച്ച സ്നേഹം പ്രവൃത്തിയിലും കാണിക്കുമെന്നാശിച്ചുകൊണ്ടു്, അവൾ പോകാനുറച്ചു. ലിയർ രാജാവു് അവളെ ഉപേക്ഷിച്ചു. അപ്പോൾത്തന്നെ തന്റെ രാജ്യം രണ്ടായിപ്പകുത്തു് മൂത്ത രണ്ടു മക്കൾക്കും കൊടുക്കയും ചെയ്തു. തന്റെ നൂറു് അനുചരന്മാരോടുകൂടി ആറാറുമാസം ഓരോ പുത്രിയുടേയും അടുത്തു താമസിക്കാൻ രാജാവു തീർച്ചയാക്കി.

രാജ്യം സ്വന്തമായെന്നു കണ്ടപ്പോൾത്തന്നെ മൂത്തമക്കളുടെ സ്നേഹം എങ്ങോ പോയൊളിച്ചു. ആദ്യം രാജാവു് ഗോണറിലിന്റെ കൂടെയാണു വസിച്ചിരുന്നതു്. അദ്ദേഹത്തിനു് നൂറു് അനുചരന്മാർ ആവശ്യമില്ലെന്നും അവർ അധികച്ചെലവുണ്ടാക്കുന്നതിനു പുറമേ ബഹളമുണ്ടാക്കുമെന്നും അവൾ വിചാ

രിച്ചു. അതിനാൽ അവരോടും രാജാവിനോടും ബഹുമാനമില്ലാതെ പെരുമാറാൻ അവൾ സ്വന്തം ഭൃത്യന്മാരെ പ്രോത്സാഹിപ്പിച്ചു. ഒരിക്കൽ നായാട്ടു കഴിഞ്ഞ് ക്ഷീണിച്ചെത്തിയ രാജാവ് ഉടനെ ഭക്ഷണം വിളമ്പണമെന്നു കല്പിച്ചപ്പോൾ, ഗോണറി ലിൻെറ ഓസ്വാൾഡ് എന്ന ഭൃത്യൻ അദ്ദേഹത്തെ അവഗണിക്കയാണു ചെയ്തതു്. രാജാവ് ക്ഷോഭിച്ചു വശായി. എന്തു ഫലം? ഗോണറിൽ അദ്ദേഹ ത്തോടു തുറന്നുപറഞ്ഞു:—"തിന്നുമുടിക്കാൻ മാത്രമായി നൂറു അനുചരന്മാരെ വയ്ക്കേണ്ട ഒരാവശ്യവുമില്ല." രാജാവിൻെറ കാതിൽ ഇടിത്തീപോലെയാണ് ആ കഠോരങ്ങളായ വാക്കുകൾ വീണതു്. ഇത്ര കവിഞ്ഞ കൃതഘ്നത സ്വന്തം മകളിൽ അദ്ദേഹം പ്രതീക്ഷി ച്ചിരുന്നതല്ല. "നീ എൻെറ മകൾ തന്നെയോ? ഞാൻ ലിയർ തന്നെയാണോ? ഇതൊരു ഘോര ദുസ്സ്വപ്നമോ? അതോ ഞാൻ ഉണർന്നിരിക്കുക തന്നെയോ?" രാജാവ് വെളിവററമട്ടിൽ ജല്പിക്കാൻ തുടങ്ങി.

കോർഡീലിയയെ രാജാവു ഉപേക്ഷിക്കുന്നതു കണ്ടപ്പോൾ കെൻറിലെ പ്രഭു അവൾക്കുവേണ്ടി വാദി ക്കാനും രാജാവിനെ ഉപദേശിക്കാനും തുനിയുക യുണ്ടായി. അപ്പോൾ ക്രോധിച്ച രാജാവ് അദ്ദേഹ ത്തോടും നാടുവിടാൻ കല്പിക്കയാണു ചെയ്തിരുന്നതു്. എങ്കിലും രാജാവിനെ ആത്മാർത്ഥമായി സ്നേഹിച്ചിരു ന്നതിനാൽ അദ്ദേഹം ഒരു ഭൃത്യൻെറ വേഷം ധരിച്ച് രാജാവിൻെറകൂടെത്തന്നെ വസിച്ചിരുന്നു. ഗോണറിൽ പിതാവിനെ ധിക്കരിച്ചതു് അദ്ദേഹം പ്രതീക്ഷി ക്കാത്തതല്ലെങ്കിലും കടന്ന കൈയായിപ്പോയെന്നു്

പരിതപിച്ചു. ലിയറിൻെറ ഒരെഴുത്തോടുകൂടി അദ്ദേഹം ഉടനെ റീഗൻെറ അടുത്തേയ്ക്കു് പുറപ്പെട്ടു.

ആൽബനിയിലെ പ്രഭുവിന്നു തൻെറ ഭാര്യയുടെ പ്രവൃത്തി ഇഷ്ടമായില്ല; പക്ഷേ, അവൾ അദ്ദേഹത്തെ വകവച്ചില്ല.

ഗോണറിലിനെ ശപിച്ചുകൊണ്ടു് ലിയർ റീഗൻെറ അടുക്കലേയ്ക്കു പുറപ്പെട്ടു. ലിയറിൻെറ എഴുത്തുംകൊണ്ടു് കെൻറിലെ പ്രഭു എത്തുന്നതിനു മുമ്പുതന്നെ ഗോണറിൽ അയച്ച ഒരാൾ റീഗനെ എല്ലാ വിവരവും ധരിപ്പിച്ചിരുന്നു. അച്ഛനെ കാണാതിരിക്കുന്നതാണു് അധികം നല്ലതെന്നു നിശ്ച യിച്ചു് അവൾ ഭർത്താവോടുകൂടി ഗ്ലൌസസ്റ്ററിലെ പ്രഭുവിൻെറ ഗൃഹത്തിലേയ്ക്കു പോയി. കെൻറിലെ പ്രഭു എഴുത്തുംകൊണ്ടു് അവിടെയുമെത്തി. ഗോണറി ലിൻെറ സന്ദേശവാഹകനായ ഓസ്വാൾഡുമായി അവിടെവച്ചു് ഒരു അടിപിടിയുമുണ്ടായി. റീഗൻ കെൻറിലെ പ്രഭുവാണു് കുററക്കാരനെന്നു വിധിച്ചു്, പടിക്കലിരുത്തി. ലിയർ രാജാവു വന്നുകയറുമ്പോൾ ത്തന്നെ തൻെറ വിശ്വസ്തഭൃത്യനെ റീഗൻ അപമാനി ച്ചിരിക്കുന്ന കാഴ്ചയാണു കണ്ടതു്. എങ്കിലും റീഗൻതന്നെ കൈവെടിയുകയില്ല എന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. പക്ഷേ ജ്യേഷ്ഠത്തി യുടെ അടുത്തേക്കു തിരിച്ചുപോകയും അവളോടു വഴക്കു കൂടാതെ അവിടെ താമസിക്കുകയുമാണു് അദ്ദേഹ ത്തിൻെറ കടമയെന്നു് ഉപദേശിക്കുകയാണു് റീഗൻ ചെയ്തതു്. അനുജത്തിയുടെ മനസ്സലിഞ്ഞെങ്കിലോ എന്നു കരുതി ഗോണറിൽ നേരിട്ടുതന്നെ വരികയും ചെയ്തു, അവൾക്കു വേണ്ടുന്ന മനസ്സുറപ്പുകൊടുക്കാൻ.

റീഗൻെറ അടുത്തും രക്ഷയില്ലെന്നു ലിയറിനു ഒടുവിൽ മനസ്സിലായി. ആ കഠോരയാഥാർത്ഥ്യം അദ്ദേഹത്തെ ഭ്രാന്തനാക്കി. അപ്പോഴേയ്ക്കും അതി ഘോരമായ ഒരു കാററും മഴയും വന്നു. രാജാവ് തെരുവിലിറങ്ങിക്കഴിഞ്ഞിരുന്നു. ഉള്ളിലും പുറത്തും കൊടുങ്കാററുതന്നെ. മക്കളുടെ മനസ്സിളക്കാൻ ആ കൊടുങ്കാററിനും കഴിഞ്ഞില്ല. അച്ഛൻ വഴിയാധാര മായിത്തീർന്നുവെങ്കിൽ അതു് അദ്ദേഹത്തിൻെറ വിഡ്ഢിത്തംകൊണ്ടു മാത്രമാണെന്നു കരുതി അവർ പടിവാതിലടച്ചു.

അപ്പോഴേയ്ക്കും റീഗൻ കെൻറിലെ പ്രഭുവിനെ മോചിപ്പിച്ചിരുന്നു. അദ്ദേഹം ഉടനെതന്നെ കോർഡീ ലിയയുടെ അടുക്കൽ എല്ലാ വിവരവും പറയാൻ ആളെ അയച്ചു. പിന്നീടു് രാജാവിൻെറ ഒപ്പമെത്തി, അദ്ദേഹത്തെ നിർബന്ധിച്ചു്, ഒരു കുടിലിൽ താമസി പ്പിക്കുകയും ചെയ്തു.

ഗ്ലൌസസ്റ്ററിലെ പ്രഭുവിനു് എഡ്ഗാർ, എഡ്മണ്ടു് എന്ന രണ്ടു മക്കളുണ്ടായിരുന്നു. ഇളയ മക നായ എഡ്മണ്ടിൻെറ ഏഷണികളുടെ ഫലമായി, പ്രഭു തന്നെ വധിച്ചേയ്ക്കുമെന്നു ഭയപ്പെട്ടു എഡ്ഗാർ ഒരു ഭ്രാന്തൻെറ വേഷത്തിൽ അലഞ്ഞുതിരിയുക യായിരുന്നു. അദ്ദേഹവും ലിയറിൻെറകൂടെ കൂടി. ഗ്ലൌസസ്റ്റർ പ്രഭുവാകട്ടെ, തങ്ങളുടെ രാജാവിനെ ഇങ്ങനെ തിരസ്കരിക്കുന്നതു ശരിയല്ലെന്നോർത്തു് അദ്ദേഹത്തെ സഹായിക്കാൻവേണ്ടി ആ കുടിലി ലെത്തി. എഡ്മണ്ടിന്നു് അച്ഛൻെറ പ്രവൃത്തി പിടി ച്ചില്ല. അദ്ദേഹം റീഗനേയും അവളുടെ ഭർത്താവായ കോൺവാളിലെ പ്രഭുവിനേയും വശീകരിച്ചു. തൻെറ

അച്ഛനെ ശിക്ഷിക്കാൻ അവരെ പ്രേരിപ്പിച്ചു. പ്രഭു മടങ്ങി വന്നപ്പോൾ അവർ അദ്ദേഹത്തെ കണ്ണുകൾ കുത്തി അന്ധനാക്കുകയും അവിടെ നിന്നു ഓടിക്കുകയും ചെയ്തു. അദ്ദേഹം താമസിയാതെ മരിച്ചുപോയി.

ലിയറിൻെറ ഭ്രാന്തു വർദ്ധിച്ചുകൊണ്ടുതന്നെ വരികയായിരുന്നു. കാര്യം അറിഞ്ഞ ഉടനെ മഹത്തായ ഒരു ഫ്രഞ്ചുസൈന്യത്തെയുംകൊണ്ടു് കോർഡീലിയയും അവളുടെ ഭർത്താവും പുറപ്പെട്ടു. അവർ ഇംഗ്ലണ്ടിലെത്തി യുദ്ധം പ്രഖ്യാപിച്ചു. കോർഡീലിയയുടെ സ്നേഹപൂർവ്വമായ പരിചരണം നിമിത്തം ലിയറിന്നു ഭ്രാന്തുമാറി. അവളുടെ നന്മകൾ പണ്ടു മനസ്സിലാക്കാൻ കഴിയാതിരുന്നതിൽ അദ്ദേഹം പശ്ചാത്തപിച്ചു.

ആൽബനിയിലെ പ്രഭുവിൻെറ കീഴിലും എഡ്മണ്ടിൻെറ കീഴിലും രണ്ടു ബ്രിട്ടീഷ് സൈന്യങ്ങൾ ഫ്രഞ്ചുസൈന്യത്തോടെതിർത്തു. ഘോരമായ യുദ്ധം നടന്നു. ഇംഗ്ലണ്ടിനായിരുന്നു ജയം. ലിയറും കോർഡീലിയയും ബന്ധനസ്ഥരായി. ഇംഗ്ലണ്ടു ജയിച്ചാൽ രാജ്യംതന്നെ തൻെറ അധീനത്തിലാക്കണമെന്നായിരുന്നു എഡ്മണ്ടിൻെറ ഗൂഢമായ ആഗ്രഹം. പിതൃഭക്തിയില്ലാത്ത ഗോണറിലിനും റീഗനും ഭർത്തൃസ്നേഹവുമുണ്ടായിരുന്നില്ല. രണ്ടുപേരും എഡ്മണ്ടിനെ വിവാഹം ചെയ്യാനാഗ്രഹിച്ചിരുന്നു. വിരുതനായ എഡ്മണ്ടു് അവരിലോരോരുത്തർക്കും 'താനെയാണ് എഡ്മണ്ടിനു പ്രിയ'മെന്നു തോന്നലുമുണ്ടാക്കി. ഗോണറിൽ എഡ്മണ്ടിൻെറ സഹായത്തോടെ തൻെറ ഭർത്താവായ ആൽബനിപ്രഭുവിനെ വധിക്കാൻ ഏർപ്പാടുചെയ്തു. റീഗനെ അവൾ വിഷം കൊടുത്തു കൊല്ലുകയും ചെയ്തു. അവളുടെ ഗൂഢാലോ

ചനയെപ്പററി അറിഞ്ഞ ആൾബനിപ്രഭു അവളെ ജയിലിലടച്ചു. അവിടെവച്ച് അവൾ ആത്മഹത്യ ചെയ്യുയാണുണ്ടായതു്.

ദ്വന്ദ്വയുദ്ധത്തിൽ എഡ്ഗാർ എഡ്മണ്ടിനെ കൊന്നു. എന്നാൽ മരണത്തിനു കുറച്ചുമുമ്പ് എഡ്മണ്ടു് പശ്ചാത്തപിക്കുകയും കോർഡീലിയയേയും ലിയറേയും വധിക്കാൻ താൻ ആജ്ഞകൊടുത്തിട്ടുണ്ടെന്നു് പറയുകയും ചെയ്തു. എഡ്ഗാർ കാരാഗൃഹത്തിലേയ്ക്കോടിയെത്തി. അപ്പോഴയ്ക്കും എഡ്മണ്ടിൻെറ ആജ്ഞയനുസരിച്ച് കോർഡീലിയയെ വധിച്ചു കഴിഞ്ഞിരുന്നു. കോപവും വ്യസനവും സഹിക്കാനാവാതെ ലിയർരാജാവ് കോർഡീലിയയെ വധിച്ച ഭൃത്യനെ അവിടെവച്ചുതന്നെ കൊന്നു. ദുഃഖഭാരം താങ്ങാനാവാതെ അവിടെ വീണുപോയ അദ്ദേഹവും ഹൃദയം തകർന്നു മരിച്ചുപോയി.

ഒരു കുടുംബം അങ്ങനെ നാമാവശേഷമായി. പിന്നെ ഇംഗ്ലണ്ടു ഭരിച്ചതു് ആൾബനി പ്രഭുവായിരുന്നു.

അഭ്യാസം.

1. 'കോർഡീലിയയെ വിവാഹം കഴിക്കാൻ ഫ്രാൻസിലെ രാജാവും ബർഗണ്ടിയിലെ പ്രഭുവും ആഗ്രഹിച്ചിരുന്നു'—ഈ വാക്യത്തെ സമുച്ചയം മാററി രണ്ടു വാക്യമാക്കി എഴുതുക.
2. 'ലിയർ ബന്ധനസ്ഥനായി'; 'കോർഡീലിയ ബന്ധനസ്ഥയായി' 'ഉം' ചേർത്തു് ഈ വാക്യങ്ങളെ ഒററ വാക്യമാക്കുക.

3. 'രാമനോ കൃഷ്ണനോ വരും'—ഈ വാക്യത്തിൽ രാമകൃഷ്ണന്മാരിൽ ഒരാൾ മാത്രമേ വരികയുള്ളൂ എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആ അർത്ഥം കാണിക്കുവാൻ 'ഓ' എന്ന ശബ്ദം പ്രയോഗിച്ചിരിക്കുന്നു. ഇതിന് വ്യാകരണത്തിൽ 'വികല്പം' എന്നുപേർ.

4. 'രാമൻ അല്ലെങ്കിൽ കൃഷ്ണൻ പരീക്ഷയിൽ തോററു' എന്ന വാക്യത്തിലെ 'അല്ലെങ്കിൽ' മാററി വികല്പം പ്രയോഗിക്കുക.

5. ലിയർ രാജാവ് മക്കൾക്കു തന്നോടുള്ള സ്നേഹം പരിശോധിച്ചതെങ്ങനെ?

6. കോർഡീലിയയ്ക്കാണ് തന്നോടു ശരിയായ സ്നേഹമുള്ളതെന്ന് രാജാവ് എങ്ങനെ മനസ്സിലാക്കി?

പാഠം 22

മഴവില്ല്

മാനത്തെത്തിയ മഴവിൽക്കൊടിയേ!
മായരുതേ, നീ മായരുതേ.
നീരദപാളികൾ തോളിലുയർത്തിയ
നീലപ്പീലിക്കാവടിയേ!

ഇന്നലെ രാത്രിയിൽ വെൺതിങ്കൾക്കല
നിന്നു മയങ്ങിയ മലമുടിയിൽ,
വരളും മണ്ണിനു ദാഹം തീർക്കാൻ
വാർമഴവില്ലേ! നീ വന്നു.

പായലു പൂത്തുകിടന്നൊരു നീല–
ക്കായലിലിന്നലെ നീരാടി,
ഈറൻചേലയുടുത്ത നിശീഥിനി
കേറിയിറങ്ങിയ പടവുകളിൽ,

കടലിൻ കരളിൻ നെടുവീർപ്പുകളുടെ
കവിത വിടർത്തും മഴവില്ലേ,
മായരുതേ നീ മായരുതേ നീ
മാനത്തെത്തിയ കുളിരല്ലേ ?

—വയലാർ രാമവർമ്മ

അഭ്യാസം.

1. നീരദപാളികൾ = മേഘക്കൂട്ടങ്ങൾ. നീലപ്പീലിക്കാവടി = നീലനിറത്തിലുള്ള പീലിവച്ച കാവടി. വെൺതിങ്കൾക്കല = വെളുത്ത ചന്ദ്രക്കല. വാർമഴവില്ല് = ഭംഗിയുള്ള മഴവില്ല്. നിശീഥിനി = രാത്രി.
2. മേഘം, രാത്രി, ചന്ദ്രൻ — ഇവയ്ക്ക് ഓരോ പര്യായപദമെഴുതുക.
3 പിരിച്ചെഴുതുക:—
   മഴവിൽക്കൊടി, തിങ്കൾക്കല, കേറിയിറങ്ങി.
4. ആദ്യത്തെ നാലുവരിയുടെ അർത്ഥമെഴുതുക.
5. മഴവില്ലിന്റെ ഭംഗി സ്വന്തം വാക്യത്തിൽ വിവരിക്കുക.

———

പാഠം 23

തേയില

തേയിലയെപ്പററി ആദ്യമായി അറിവുകിട്ടിയതു് ചീനരാജ്യത്തുനിന്നാണെന്നു പറയുന്നു. എന്നാൽ ചീനന്മാർക്കുതന്നെ തേയിലയുടെ വിജ്ഞാനം സിദ്ധിച്ചതു് ഇൻഡ്യയിൽനിന്നു് ആ രാജ്യത്തു ചെന്നുകൂടിയ ബുദ്ധസന്യാസിമാർ മുഖാന്തരമാണെന്നും ഐതിഹ്യമുണ്ടു്. ഏകദേശം ആയിരം വർഷങ്ങൾക്കു മുമ്പു് തേയിലക്കൃഷി ചീനത്തുനിന്നു ജപ്പാനിലേയ്ക്കു വ്യാപിച്ചതായി കാണുന്നു. എന്നാൽ പാശ്ചാത്യദേശങ്ങളിൽ തേയിലയ്ക്കു പ്രചാരമുണ്ടായതു് കഴിഞ്ഞ മുന്നൂറു വർഷങ്ങൾക്കുള്ളിലാകുന്നു. ആരംഭദശയിൽ ഇംഗ്ലണ്ടിൽ അതിൻെറ വില റാത്തലിനു് ആറുപവൻ മുതൽ പത്തുപവൻവരെ ആയിരുന്നുവത്രെ. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരാണു് ഈ സാധനം ഇംഗ്ലണ്ടിൽ നടപ്പിലാക്കിയതു്. ആദ്യം ഇതു രാജാവിനും രാജപാർശ്വവർത്തികൾക്കുമുള്ള കാഴ്ചദ്രവ്യമായിരുന്നു. പിന്നീടാണു് കച്ചവടത്തിനുവേണ്ടി ഇറക്കുമതി ചെയ്തുതുടങ്ങിയതു്.

ഇൻഡ്യയിൽ തേയിലക്കൃഷി ചെയ്യുവാൻ സാധിക്കുമോ എന്നു് പല അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കേ, ആസാമിൽ അതു് ഒരു കാട്ടുചെടിയായി വളരുന്ന വിവരം അറിഞ്ഞു്, അവിടെ രാജകീയ നിയന്ത്രണം കൂടാതെ ജനങ്ങൾ തേയിലക്കൃഷി ചെയ്യുന്നതിനു ഗവണ്മെൻറു് അനുവദിച്ചു. ഇങ്ങനെ ഇദംപ്രഥമമായി ഇൻഡ്യയിലുണ്ടാക്കിയ

ഒരു റാത്തൽ തേയില 1836-ാം വർഷത്തിൽ ഇംഗ്ല ണ്ടിലേയ്ക്ക് അയച്ചു. അടുത്ത നാല്പതു വർഷക്കാല ത്തേയ്ക്കുകൂടി തേയിലക്കച്ചവടത്തിൽ ചീനരാജ്യത്തിന്ന് ഉണ്ടായിരുന്ന അനന്യസാമാന്യമായ പ്രാധാന്യം അക്ഷീണമായി നിലനിന്നിരുന്നു. ചീനത്തുനിന്ന് ലണ്ടൻവഴിയായി യൂറോപ്പു മുഴുവനും തേയില ക്കച്ചവടം വ്യാപിച്ചു. എന്നാൽ ഭാരതത്തിലും സിംഹളദ്വീപിലും കൃഷിചെയ്തുവന്ന തേയിലയുടെ



വ്യാപ്തികൊണ്ട്, ഒരു മുപ്പതു സംവത്സരംകൂടി കഴിഞ്ഞ പ്പോഴേയ്ക്കും, ചീനച്ചരക്ക് എല്ലായിടത്തുംനിന്നു ബഹിഷ്കൃതമായി. 1908-ാംവർഷത്തിൽ ഇൻഡ്യ യിൽനിന്നു കയററുമതിചെയ്ത തേയില ചീന, ജപ്പാൻ

ഈ സാമ്രാജ്യങ്ങളിൽനിന്നു പുറനാട്ടുകളിലേയ്ക്കു് അയച്ചിടത്തോളം ഉണ്ടായിരുന്നുവെന്നും അതുതന്നെ ലോകമൊട്ടുക്കു വ്യാപാരം നടന്ന തേയിലയുടെ മൂന്നിലൊരു ഭാഗമായിരുന്നുവെന്നും കാണുന്നു.

തേയിലക്കൃഷിക്കു് ഉതകുന്ന ഭൂമി ഉഷ്ണമേഖലയിൽ വർഷപാതം അധികമായുള്ള പ്രദേശങ്ങളാണു്. ഉത്തരേൻഡ്യയിൽ ആസാം, ഛോട്ടാ നാഗപ്പൂർ, ഡെറാഡൂൺ, കാൻഗ്ര മുതലായ സ്ഥലങ്ങളിലും ദക്ഷിണേൻഡ്യയിൽ വയനാട്ടു്, നീലഗിരി, ആനമല, ദേവികുളം മുതലായ സ്ഥലങ്ങളിലും ആണു് തേയിലക്കൃഷി അധികമായുള്ളതു്.

തേയിലച്ചെടി ധാരാളമായി വളരുന്നതു് ചൂടും നനവും അധികമുള്ള പ്രദേശങ്ങളിലാണു്. കൂടക്കൂടെ മഴ പെയ്യുന്നതു് തേയിലക്കൃഷിക്കു് അനുകൂലമാണെങ്കിലും വെള്ളം കെട്ടിനിൽക്കുന്നതു് അതിനു തീരെ യോജിച്ചതല്ല. വെള്ളം ഒലിച്ചുപോകത്തക്കവണ്ണം നിമ്നോന്നതവും എന്നാൽ തറക്കട്ടിയില്ലാത്തതും ആയ സ്ഥലങ്ങളാണു് അതിനു യുക്തം. ഉഷ്ണമേഖലയിൽ സമുദ്രനിരപ്പുമുതൽ ഏഴായിരം അടി ഉയരം വരെ തേയിലക്കൃഷി ചെയ്യാവുന്നതാണു്. കൃഷിസ്ഥലത്തിൻെറ ഔന്നത്യമനുസരിച്ചു് തേയിലയ്ക്കു ഗുണം കൂടിയിരിക്കും. എങ്കിലും കാലാവസ്ഥയും പരിചര്യയും അനുസരിച്ചു് അട്ടത്തടുത്തുള്ള തോട്ടങ്ങളിലും ഒരേ തോട്ടത്തിൽത്തന്നെ പല അവസരങ്ങളിലും വിളവിൻെറ ഗുണത്തിലും പരിമാണത്തിലും ഏററക്കുറച്ചിൽ കാണാറുണ്ടു്. മലമ്പ്രദേശങ്ങളിലും താഴ്വരകളിലും ഉള്ള ചതുപ്പു സ്ഥലങ്ങൾ, വെള്ളം വാൎന്നുപോകാൻ വേണ്ട പണികൾ ചെയ്തു്, തേയില

കൃഷിക്കു് ഉപയോഗിക്കാവുന്നതാണു്. ഇല സമൃദ്ധി യായി ഉണ്ടാകുന്നതിനു് പ്രത്യേകം വളങ്ങളും ഇടാം.

തേയിലച്ചെടി കുരുപാകിയാണു് മുളപ്പിക്കു ന്നതു്. വിത്തുകൾ വൃശ്ചികമാസത്തോടുകൂടി നടേണ്ട താണു്. തറ വേണ്ടപോലെ ഇളക്കി മറിച്ചു നിരപ്പാ ക്കിയ ശേഷം, അല്പം ദൂരെയായി വിത്തുനട്ടു്, മഴ ക്കാലംവരെ ആവശ്യംപോലെ നനച്ചും, വെയിൽ മറച്ചും, കള പറിച്ചും, ശുശ്രൂഷിക്കണം. ഇടവ പ്പാതി തുടങ്ങുമ്പോഴേയ്ക്കു് തൈച്ചെടികൾ ആറേഴിഞ്ചു പൊക്കമാകും. അപ്പോൾ അവയെ ഇളക്കി നാലു നാലരയടി അകലത്തിൽ ഒന്നര അടിയോളം കിളച്ചു് താഴ്ത്തിയ കുഴികളിൽ നടുന്നു. ഇല പറിക്കുന്നതി നുള്ള സൗകര്യത്തെ ഉദ്ദേശിച്ചു്, ചെടികൾ പന്തി പന്തിയായിട്ടാണു് നടുന്നതു്. രണ്ടാംകൊല്ലത്തിൽ അവ ആറടിയോളം വളരുന്നു. അപ്പോൾ ഏകദേശം മുക്കാൽ അടിപ്പൊക്കത്തിൽവച്ചു ചെടി മുറിച്ചുകള യുന്നു. ഇതിന്റെ ഉദ്ദേശ്യം ചെടിക്കു ശിഖരങ്ങൾ പൊട്ടി പടന്നു വളരണമെന്നുള്ളതാണു്. മൂന്നു കൊല്ലം കഴിഞ്ഞാൽ ഇല പറിക്കാം. ഏഴാമത്തെ വർഷം മുതൽ സാമാന്യമായും, പത്താമത്തെ വർഷം മുതൽ പൂർണ്ണമായും അനുഭവം കിട്ടുന്നതാണു്. ശരി യായി കൃഷിചെയ്തിട്ടുള്ള തോട്ടങ്ങളിൽ അൻപതു കൊല്ലംവരെ ഒരേ ചെടിയിൽനിന്നുതന്നെ ഇല പറിച്ചെടുക്കാം. ഇതുവരെ കിട്ടിയിട്ടുള്ളതിൽ കൂടുതൽ വിളവു് ഏക്കർ ഒന്നിനു് 1,300 റാത്തൽ തേയില യാണു്. എന്നാൽ പലതരം തോട്ടങ്ങളുടെ വിളവിന്റെ ശരാശരി നോക്കിയതിൽ, ആസാമിൽ ഏക്കർ ഒന്നിനു് അറുന്നൂറു റാത്തൽവരെയും,

തിരുവിതാംകൂറിൽ അഞ്ഞൂറു റാത്തലിൽ താഴെയും മാത്രമേ കിട്ടുന്നതായി കാണുന്നുള്ളൂ.

തേയിലത്തോട്ടം എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആറു് ആഴ്ചവട്ടത്തിൽ ഒരിക്കലെങ്കിലും കള പറിച്ചുകളയണം. ആസാമിലും മററും തറ കിളച്ചു മറിച്ചാണ് കള നശിപ്പിക്കുന്നതു്. അവിടെ ശിശിരർത്തു കഴിഞ്ഞു മേടമാസം മുതൽ വൃശ്ചികമാസംവരെ ഇല ഇറുക്കുന്നുണ്ടു്. ശിശിരർത്തുവിൽ പല്ലവങ്ങൾ അങ്കുരിക്കാത്തതുകൊണ്ടാണ് ഇല പറിക്കാത്തതു്. അക്കാലത്തു് എല്ലാ ചെടികളും ഏകദേശം ഒന്നരയടിപ്പൊക്കത്തിൽവച്ചു ഛേദിച്ചു നിർത്തുന്നു. ഉഷ്ണമേഖലയിൽ പന്ത്രണ്ടുമാസവും ഇല പൊടിക്കുമെന്നുള്ളതുകൊണ്ടു് രണ്ടു കൊല്ലത്തോളം തുടർച്ചയായി ഇലയെടുപ്പു നടന്നുകൊണ്ടിരിക്കുന്നു. പിന്നീടു് പുഷ്ടിയാകാൻ സ്വല്പകാലത്തേയ്ക്കു് ചെടി വെട്ടി നിർത്തുന്ന പതിവു് ഇവിടെയും ഉണ്ടു്.

എട്ടും പത്തും ദിവസത്തിലൊരിക്കൽ ഇല നുള്ളാവുന്നതാണ്. കൂമ്പും അതിനു താഴെയുള്ള രണ്ടിലകളുംകൂടി നുള്ളിയെടുക്കുകയാണു പതിവു്. മൂപ്പുകൂടിയ ഇലകൾക്കു ഗുണം കുറയും. ഇറുക്കുന്ന നാമ്പുകൾ വട്ടികളിലിട്ടു യന്ത്രശാലകളിൽ എത്തിക്കുന്നു. അവിടെ അവ മുറങ്ങളിലോ കമ്പിത്തട്ടുകളിലോ നിരത്തി ഒരു മുറിക്കകത്തു വെയിലുകൊള്ളാതെ വാട്ടുവാൻ വയ്ക്കുന്നു. വാട്ടം പാകമാകുമ്പോൾ ഒരു 'റോളർ' യന്ത്രത്തിലിട്ടു ഞെക്കി പരത്തുന്നു. ഞരമ്പുകൾ ഉടഞ്ഞു് ഇലയിലുള്ള ചാറു പുറത്തു വരാനാണ് ഈ വിധം ഞെക്കുന്നതു്. ഞെക്കപ്പെട്ട ദളങ്ങൾ യന്ത്രത്തിൽ നിന്നെടുത്തു് ചൂടു തട്ടാത്ത ഒരു മുറിക്കകത്തു പിന്നെയും നിരത്തുന്നു. അവിടെക്കിടന്നു്

ഇലയും ചാറും യോജിച്ച പാകം വന്നതിനുശേഷം മറെറാരു 'റോളർ' യന്ത്രത്തിൽ ഇട്ട് ഉരുട്ടിയെടുക്കുന്നു.

പിന്നെ ചെയ്യാനുള്ളതു് അതുണക്കി എടുക്കലാണ്. കമ്പിത്തട്ടങ്ങളിൽ നിരത്തി ചൂട്ട തട്ടിച്ച്, ഇലകൾ പൊടിയുന്ന പാകമാക്കണം. പിന്നീട് ഓരോ തണ്ടിൽനിന്നും ഇലകൾ പൊട്ടിച്ച വേർപെടുത്തുന്നു. കുമ്പില ഉയന്ന തരവും മററിലകൾ ഒന്നിനൊന്നു താഴ്ന്ന തരവും ആയതുകൊണ്ടാണ് അവയെ വേർപെടുത്തേണ്ടിയിരിക്കുന്നതു്. ഇങ്ങനെ വേർപെടുത്തുമ്പോൾ ഇലകൾ പൊടിയുന്നതുകൊണ്ട് ദോഷമില്ല. പൊടിത്തേയിലയും ഇലയുടെ തരമനുസരിച്ച് ഉയന്ന തരമായും താഴ്ന്ന തരമായും വേർതിരിക്കാവുന്നതാണ്. യഥാത്ഥത്തിൽ പൊടിത്തേയിലയ്ക്കാണ് വീര്യം കൂടുതൽ. ഇത്രയും കഴിഞ്ഞാൽ തേയില ഉപയോഗയോഗ്യമായിക്കഴിഞ്ഞു. അതു് ഈയത്തകിടിട്ടിട്ടുള്ള ഡപ്പികളിൽ ആക്കി കാററു കടക്കാത്തവിധം അടച്ചുറപ്പിച്ച് കച്ചവടസ്ഥലങ്ങളിലേയ്ക്ക് അയയ്ക്കുന്നു. ഇതിൽ ഇല നുള്ളിയെടുക്കുന്നതൊഴിച്ച് മറെറല്ലാ ജോലിയും യന്ത്രം ഉപയോഗിച്ചാണ് ചെയ്യുന്നതു്.

നല്ല ജാതി ഇളം തേയിലയ്ക്ക് 'പീക്കോ' എന്നു പറയുന്നു. മൂപ്പു ചെന്ന ഇലകൾക്കു് അത്രതന്നെ ഗുണമില്ല. 'സൂഷാംഗ്' 'കാംഗ്' എന്നിങ്ങനെ അതു രണ്ടു തരമുണ്ട്. ആസാമിലെ തേയില കൽക്കത്ത വഴിക്കും, നീലഗിരി മുതലായ തെക്കൻപ്രദേശങ്ങളിലുണ്ടാകുന്ന തേയില തൂത്തുക്കുടി, കൊച്ചി, മുതലായ തുറമുഖങ്ങൾ വഴിക്കും, വിദേശങ്ങളിലേക്കു പോകുന്നു. തേയില കൃഷിയും വ്യാപാരവും സിലോണിലും വളരെ പ്രാബല്യത്തിൽ നടന്നുവരുന്നുണ്ട്.

അഭ്യാസം.

1. ഒന്നാമത്തെ ഖണ്ഡികയിൽനിന്നു് പററുവിന, മുററുവിന, സമുച്ചയം ഇവ എടുത്തെഴുതുക.
2. 'ഭാരതത്തിലോ സിംഹളദ്വീപിലോ തേയില കൃഷി ചെയ്യുവന്നു'—ഈ വാക്യത്തിലെ വികല്പം മാററി സമുച്ചയം ഉപയോഗിക്കുക.
3. വരയിട്ടിട്ടുള്ള സ്ഥലത്തു് ഉചിതമായ വിനയെച്ചമോ പേരെച്ചമോ ചേർക്കുക:—
   (i) ഇൻഡ്യയിൽ—തേയില ഇംഗ്ലണ്ടിലേയ്ക്കയച്ചു.
   (ii) തേയില വിത്തുകൾ നടുന്നതിനു് തറ വേണ്ട പോലെ—മറിക്കണം.
4. തേയിലയെപ്പററി ആദ്യമായി അറിവുകിട്ടിയതു് എവിടെനിന്നാണു്, എങ്ങനെ?
5. തേയില കൃഷി ചെയ്യുന്നതെങ്ങനെ?
6. ഉപയോഗയോഗ്യമായ തേയില പാകപ്പെടുത്തി എടുക്കുന്നതു് ഏതുവിധമെന്നു വിവരിക്കുക.

പാഠം 24

തച്ചോളിച്ചന്തു

തച്ചോളി ഒതേനൻെറ മരുമകനാണു് കുഞ്ഞിച്ചന്തു. അയാളുടെ പത്നിയായ മാതുക്കുട്ടി ഒരുദിവസം രാവിലെ ഓമല്ലൂർക്കാവിൽപോയി കുളിച്ചുതൊഴാൻ നിശ്ചയിച്ചു. ഒരുക്കങ്ങൾ കണ്ടപ്പോൾ അമ്മ അഭിപ്രായപ്പെട്ടതു് ഇങ്ങനെയാണു്:—"നീ വീട്ടിലെ

കുളത്തിലോ, കൊട്ടസ്സലോ കുളിച്ചാൽ മതി. അല്ലെ ങ്കിൽ, വഴിക്കുവച്ചു ശത്രുക്കളാരെങ്കിലും കണ്ടാൽ പിടിച്ചുകൊണ്ടു പൊയ്ക്കളയും". അതുകേട്ടപ്പോൾ, കുളത്തിൽ ചണ്ടിയുടെ നാററംകൊണ്ടും കൊട്ടസ്സൽ കൊട്ടച്ചുരുകൊണ്ടും കുളിക്കാൻ പ്രയാസമാണെന്ന് മാതുക്കുട്ടി പറഞ്ഞു. തച്ചോളി കുഞ്ഞിച്ചന്തുവിൻെറ ഭാര്യയായ തന്നെ ആരും തൊടുകയില്ലെന്ന് ഉറപ്പായി പറഞ്ഞ് മാതുക്കുട്ടി കാവിലേയ്ക്കു യാത്രയായി. പതിനാറു പിണാത്തിമാർ അകമ്പടിയായി മാതു വിൻെറ കൂടെപോയിരുന്നു. എല്ലാവരും അമ്പലക്കുള ത്തിലെത്തി കുളിക്കുവാനൊരുങ്ങി:—

പൂഞ്ചിറവക്കത്തു ചെന്നുനിന്നു
ചമയങ്ങളൊക്കെയഴിച്ചുവച്ചു
ആയതുകണ്ടു പിണാത്തിമാരും
താളിക്കല്ലിന്മേലുമേറിനിന്നു
താളിപതച്ചു കുറുമ്പരിച്ചു
എന്നതു നേരത്തിൽ മാതുപ്പെണ്ണും
നനമുണ്ടു വേഗത്തിൽ മാറിക്കൊണ്ടു
കുളത്തിലേയ്ക്ക് മണ്ടിയിറങ്ങുന്നുണ്ട്
തലയിലും താളിയൊഴിക്കുന്നുണ്ട്
താളിയും തേച്ചു മെഴക്കിളക്കി
അരയോളം നീററിലിറങ്ങി മാതു
മെഴക്കൊക്കിളക്കിക്കുളിച്ചു മാതു.

മാതുക്കുട്ടി തേവാരമെല്ലാം കഴിഞ്ഞ്, ഇല ക്കുറിയും ചന്ദക്കുറിയും വരച്ച്, കുങ്കുമംകൊണ്ടു പൊട്ടു കുത്തി, മേൽമുണ്ടു നന്നായിച്ചുററി, ചന്തു കൊടുത്ത ചമയങ്ങളെല്ലാം അണിഞ്ഞ്, തൊഴാനായി കാവിലെ നടയ്ക്കൽ എത്തി. അപ്പോൾ പൊന്നിൻപല്ലക്കിലേറി

വന്ന കണ്ടർമേനോൻ നടയ്ക്കൽ ഇറങ്ങി. തൊഴുതു നിൽക്കുന്ന മാതുവിൻെറ സൌന്ദര്യം കണ്ട് അയാൾ സ്തംഭിച്ചുനിന്നുപോയി. തൻെറ പദവിക്കും പ്രതാപത്തിനും ചേന്നവളാണെന്നുകണ്ട്, അവളെ ഉടനെ പല്ലക്കിലേററാൻ തണ്ടേററുന്ന നായന്മാക്ക് അയാൾ കല്പന കൊടുത്തു. പരമാൎത്ഥം അന്വേഷിച്ചറിഞ്ഞ നായന്മാർ അവൾ തച്ചോളിച്ചന്തുവിൻെറ ഭാൎയ്യയാണെന്നും അവളെ തൊട്ടുകളിക്കുന്നതു സൂക്ഷിച്ചുവേണമെന്നും യജമാനനെ അറിയിച്ചു. തുളുനാടൻകോട്ടയുടെ ഉറപ്പുകണ്ടു കണ്ടർമേനോൻ വീണ്ടും തൻെറ നായന്മാരോട് അവളെ പല്ലക്കിലേററുവാനായി ആജ്ഞാപിച്ചു. ഭൃത്യന്മാർ മടിച്ചപ്പോൾ മേനോൻ തന്നെ പൊന്നുകെട്ടിയ ചൂരല്പമായിച്ചെന്നു്, അവളുടെ കൈയ്ക്കു പിടിച്ചു. അഭിമാനംകൊണ്ട് അരിശംകൊണ്ട മാതു:—

"ആണും പെണ്ണുമല്ലാത്ത വരുതിക്കയ്യാ
അമ്മപെങ്ങന്മാർ നിനക്കില്ലേടാ
എന്നെ നീയ്യറിഞ്ഞോ വരുതിക്കയ്യാ
തച്ചോളിച്ചന്തുനെ അറിയോ നീയ്യ്
അവളുടെ പെണ്ണായ മാതു ഞാനോ
അവനീസംഗതിയറിഞ്ഞുവെങ്കിൽ
കഴവിനെ കൊത്തുംപോൽ കൊത്തുംനിന്നെ"

എന്നു് അധിക്ഷേപിച്ചു. മേനോൻ അതൊന്നും വകവയ്ക്കാതെ അവളെ പല്ലക്കിലേററി, അതിവേഗം നാട്ടിലേയ്ക്കു തിരിച്ചു. ചിമ്മിയ കണ്ണു തുറക്കുമ്പോഴേയ്ക്കു്, മേനോൻെറ പല്ലക്കു് കടത്തനാട്ടു തമ്പുരാൻെറ പടിയും കടന്നു്, തുളുനാടൻ കോട്ടയിൽ എത്തിച്ചേന്നു. കണ്ടർമേനോൻ മാതുവിൻെറ സുഖസൗകര്യങ്ങൾക്കു

വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തു. താൻ ഏഴു നാളത്തേയ്ക്കു് ഒരു വ്രതം അനുഷ്ഠിച്ചിരിക്കുകയാണെന്നും അതിനിടയ്ക്കു തന്നെ അലട്ടരുതെന്നും പറഞ്ഞു മാതുക്കുട്ടി അവളുടെ ചാരിത്രം കാത്തു.

പിണാത്തിമാരെല്ലാം പരിഭ്രമിച്ചു വീട്ടിലേയ്ക്കു മടങ്ങി, മാതുവിൻെറ അമ്മയെ വിവരങ്ങൾ ഗ്രഹിപ്പിച്ചു. ആ വാർത്ത ഉടനെ ചന്തുവിനെ അറിയിക്കുന്നതിന് അമ്മതന്നെ പയ്യോർകളരിയിലേയ്ക്കു പുറപ്പെട്ടു. പതിവില്ലാത്ത ആ വരവു കണ്ടു്, എന്തോ ആപത്തു സംഭവിച്ചിട്ടുണ്ടെന്നു് ചന്തു ഊഹിച്ചു. മകനെ കണ്ടപ്പോൾ അമ്മ ഇളമുള പൊട്ടുംപോലെ കരയാൻ തുടങ്ങി. ഒടുവിൽ പണിപ്പെട്ടു പരമാർത്ഥം പറഞ്ഞപ്പോൾ ചന്തു നടുങ്ങിപ്പോയി. തുളുനാടൻ കോട്ട പിടിച്ചടക്കുവാൻ തൻെറ അമ്മാമനായ ഒതേനൻ ശ്രമിച്ചിട്ടും കഴിഞ്ഞിട്ടില്ല. സ്വന്തം യത്നവും അത്തരത്തിലാകുമോ എന്നു ചന്തു സംശയിച്ചു. പെണ്ണിനെ കട്ടുകൊണ്ടുപോയവനോടു പകരം ചോദിക്കുന്നതിനുവേണ്ടി ഒരുകൈ നോക്കുവാൻതന്നെ അദ്ദേഹം തീർച്ചയാക്കി. ശിഷ്യന്മാരുടെ പയററു കുറച്ചുദിവസത്തേയ്ക്കു നിർത്തിവച്ചു് ചന്തു വീട്ടിലേയ്ക്കു പുറപ്പെട്ടു. അപമാനം സഹിക്കുന്നതു മരണത്തെക്കാളും ഹീനമാണെന്നു് അദ്ദേഹം കരുതി.

തുളുനാടൻകോട്ടയിൽ നേരിട്ടു ചെല്ലുന്നതു് ആപൽക്കരമാണെന്നു് ചന്തുവിനറിയാമായിരുന്നു. താഴത്തെ മഠത്തിലെ സ്ത്രീകൾ പണ്ടേയ്ക്കുപണ്ടേ ആണുങ്ങളെ കൊല്ലിക്കുന്നവരാണെന്നു് മുമ്പു് അമ്മായി പറഞ്ഞ മുള്ളുവാക്കും ചന്തു ഓർമ്മിച്ചു. അദ്ദേഹം പോർചമയങ്ങളെല്ലാം മാറാപ്പിലാക്കി ഒരു സന്യാസിയുടെ വേഷം കെട്ടി.

പൊട്ടക്കിണററീന്നു വെള്ളംകോരി
മൊന്തനിറയെ വെള്ളമെടുത്തു
ഭസ്മസഞ്ചിയുമെടുത്തു വേഗം
കഞ്ചാവു നന്നായരിഞ്ഞുകുട്ടി
മാലകഴുത്തിലണിഞ്ഞിട്ട ചന്തു
ഏഴു കമ്പുള്ള വടിയെടുത്തു
കാവടി ചുമലിലെടുത്തുവച്ചു.

ഇങ്ങനെ വേഷവിധാനങ്ങൾ പൂർത്തിയാക്കി, അമ്മയോടു യാത്ര ചോദിച്ചപ്പോൾ ആ സാധ്വി തുളുനാടൻ കോട്ടയുടെ ഭയങ്കരത്വം ചന്തുവിനെ ഓർമ്മപ്പെടുത്തി. മരണത്തെക്കാൾ കവിഞ്ഞ ആപത്തില്ലല്ലോ എന്നായിരുന്നു ചന്തുവിൻെറ മറുപടി. അദ്ദേഹം പല നാടും കടന്നു് താന്തൂരു് എന്ന സ്ഥലത്തെത്തി. വളരെ പ്രയാസപ്പെട്ടാണു് കോട്ട കണ്ടെത്തിയതു്. പരദൈവങ്ങളെ ധ്യാനിച്ചുകൊണ്ടു് ചന്തു കോട്ടയുടെ പടിക്കലെത്തി. ചന്തുവിനു കാവൽക്കാരുമായി ഒരു വാഗ്വാദം നടത്തേണ്ടിവന്നു. ആ തക്കംകേട്ട കണ്ടർമേനോൻ അവിടെ എത്തി. അയാൾ ചില ചോദ്യങ്ങൾവഴി സന്യാസിയെ പരീക്ഷിച്ചതിനുശേഷം അകത്തേയ്ക്കു് ആനയിച്ചു. മാളികയുടെ സമീപത്തെത്തിയപ്പോൾ ചന്തുസന്യാസി മുകളിലേയ്ക്കു കണ്ണോടിച്ചു. മാതുക്കുട്ടി ആ സന്യാസി ആരെന്നു മനസ്സിലാക്കിയിട്ടു്,

'തച്ചോളിക്കൊമ്പൻ കടന്നുപോയി' എന്നു തന്നത്താൻ പറഞ്ഞു.

സന്യാസി കാവടി ഇറക്കിവച്ചു കുളിക്കുവാനൊരുങ്ങി. നിത്യകർമ്മങ്ങളെല്ലാം കഴിഞ്ഞു കഞ്ചാവിൻകുടുക്കയെടുത്തു വലിച്ചു പുകവിട്ടപ്പോൾ ആ

കോട്ട മുഴുവനും പുകകൊണ്ടു നിറഞ്ഞു. കണ്ടർ മേനോൻ അമ്പരന്നുപോയി. സന്ന്യാസിയുടെ മാഹാത്മ്യത്തിൽ ബഹുമാനവും ഭയവും ഉദിച്ച കണ്ടർ മേനോൻ മാതുക്കുട്ടിയെ വിളിച്ചു പുക കാണിച്ചു കൊടുത്തു. അയാളുടെ പരിഭ്രമത്തിൽ മാതു ഒന്നു പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്തു. സന്ന്യാസിയുടെ അമൃതേത്തിനു പഴയരിച്ചോറ്, നെയ്യ്, പരിപ്പ് മുതലായ വിഭവങ്ങൾ എത്തി. സദ്യയ്ക്കുശേഷം സന്ന്യാസിയുടെ ശയനത്തിനുള്ള ആലോചനയായി. തനിക്കു മാററാനെ പേടിയുള്ളതിനാൽ അകത്തുതന്നെ കിടക്കണമെന്നായിരുന്നു സന്ന്യാസിയുടെ പക്ഷം. കണ്ടർമേനോൻ അതു സമ്മതിച്ചു. സന്ന്യാസി പാടിയ ചില വടക്കൻ പാട്ടുകളെല്ലാം കേട്ടു മനം കുളുർത്ത്, മേനോൻ മാളികമുകളിലേയ്ക്ക് ഉറങ്ങുവാൻ പോയി. അയാൾ നിറച്ച തോക്കുകളും മററായുധങ്ങളും സമീപത്തുതന്നെ വച്ചു.

മേനോൻ ഉറങ്ങിക്കഴിഞ്ഞപ്പോൾ മാതുക്കുട്ടി കട്ടിലിൻെറ അരികിൽചെന്ന് ആയുധങ്ങളെല്ലാം മാററിവച്ച് തോക്കുകളിൽ വെള്ളമൊഴിച്ചു. മാളികമുകളിൽ ഇരുന്ന് മാതുക്കുട്ടിയും താഴത്തെ നിലയിൽ നിന്നു ചന്തുവും രക്ഷ നേടുന്നതിനുള്ള വഴിയാണ് ആലോചിച്ചുകൊണ്ടിരുന്നത്. ചന്തു സന്ന്യാസിവേഷം വെടിഞ്ഞ്, പടക്കോപ്പുകളെല്ലാം അണിഞ്ഞ്, മാളികമുകളിലേയ്ക്കു കയറുവാൻ ശ്രമിച്ചു. ഓരോ പടിയിലും ഇരുമ്പു വാതിലുകൾ കണ്ട്, ആ പ്രതിബന്ധം നീങ്ങുവാൻ ചന്തു പരദൈവങ്ങളെ സ്മരിച്ചു. സ്വല്പനേരത്തേയ്ക്ക് അദ്ദേഹം ഒന്നു മയങ്ങി. അതിനിടയിൽ പരദൈവമായ മലങ്കുറത്തി, വാതിൽ തുറന്നുവച്ചിട്ടുണ്ടെന്നും ആയുധങ്ങളെല്ലാം

ഉപയോഗശൂന്യമാക്കിയിട്ടുണ്ടെന്നും അദ്ദേഹത്തെ സ്വപ്നം കാണിച്ചു. കിനാവിൽനിന്നുണർന്ന ചന്തു ചുരികമുനകൊണ്ടു തള്ളിനോക്കിയപ്പോൾ തഴുതുകൾ താനേ മുറിഞ്ഞു വാതിലുകൾ തുറന്നു. അദ്ദേഹം ഒടുവിൽ കണ്ടർമേനോൻെറ മുറിയിലെത്തി. അയാൾ ഗാഢനിദ്രയിലായിരുന്നു. അടുത്ത മുറിയിൽ കടന്നപ്പോൾ മാതുക്കുട്ടി ഉറങ്ങാതിരിക്കുന്നതു കണ്ടു. ചന്തു അവളോടു സത്യസ്ഥിതി അന്വേഷിച്ചപ്പോൾ,

'മെയ്യോടു മെയ്യെന്നെ തൊട്ടിട്ടില്ല !
കളരി പരമ്പര ദൈവത്താണെ !'

എന്ന് അവൾ മൊഴികൊടുത്തു. ചന്തു മാതുക്കുട്ടിയെ താഴത്തെ നിലയിലേയ്ക്കാനയിച്ച്, ഒരു ചാക്കിലാക്കി കെട്ടി തൻെറ കട്ടിലിൻെറ തലയ്ക്കൽ വച്ചു. പുലർന്നപ്പോൾ മാതുക്കുട്ടിയെ കാണാതെ മേനോൻ വളരെ സംഭ്രമിച്ചു ; മാത്രമല്ല കോട്ടയിലെ പട്ടാളമെല്ലാം നശിച്ചതായും കണ്ടു. കോട്ടയിൽ കള്ളന്മാർ കടന്ന് അക്രമം പ്രവർത്തിച്ചു എന്നു മേനോൻ തീർച്ചയാക്കി. മാതുക്കുട്ടിയെക്കുറിച്ചു മാത്രമായിരുന്നു മേനോൻെറ ചിന്ത. അയാൾ സന്യാസിയെ സംശയിച്ചു. ചന്തു അധികം താമസിയാതെ താൻ ആരെന്നു തുറന്നു പറഞ്ഞു. മാതുവിനെ ചാക്കിൽനിന്നും പുറത്തിറക്കി തൻെറ വമ്പ് വെളിപ്പെടുത്തി. അടുത്ത ക്ഷണത്തിൽ മേനോനും ചന്തുവും തമ്മിൽ പയററു തുടങ്ങി. ഒടുവിൽ ചന്തുവിൻെറ വെട്ടേററു മേനോൻ ഒമ്പതു മുറിയായി വീണു. മാതുക്കുട്ടി ഭർത്താവിനു മരുന്നു കൊടുത്ത് അദ്ദേഹത്തിൻെറ തളർച്ച തീർത്തു. നാടുവാഴി വന്നപ്പോൾ കോട്ടയ്ക്കകത്തു കുഞ്ഞിച്ചന്തുവാണെന്നു കേട്ടു മടങ്ങിപ്പോയി.

കുഞ്ഞിചന്തു കോട്ടയിലേയ്ക്കു പോയിട്ടുണ്ടെന്നറിഞ്ഞു് ഒതേനനും ചാപ്പനും അവിടെ എത്തി. ചന്തു അമ്മാവനെ വന്ദിച്ചു ഒതുങ്ങിനിന്നു. തനിക്കു സാധിക്കാത്ത ഒരു കാര്യം മരുമകൻ സാധിച്ചതിൽ ഒതേനൻ സന്തോഷിച്ചു് ചന്തുവിനെ അനുഗ്രഹിച്ചു. ഒതേനനും കൂട്ടരും വീട്ടിലെത്തിയതിനുശേഷം കോട്ടയിൽനിന്നു കിട്ടിയ സ്വത്തെല്ലാം വലിയമ്മാമനായ കോമക്കുറുപ്പിനെ ഏല്പിച്ചു വണങ്ങി.

അഭ്യാസം.

1. നിർദ്ദേശികയും പ്രതിഗ്രാഹികയും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഈ വിഭക്തികൾ ചേർത്തു് ഒരു വാക്യമെഴുതുക.

   'അദ്ധ്യാപകൻ ശിഷ്യനെ പഠിപ്പിക്കുന്നു' എന്ന വാക്യത്തിൽ അദ്ധ്യാപകൻ കർത്താവും ശിഷ്യൻ കർമ്മവുമാണല്ലോ. കർത്താവിനെ കുറിക്കുന്നതു് നിർദ്ദേശികാവിഭക്തിയും കർമ്മത്തെ കുറിക്കുന്നതു പ്രതിഗ്രാഹികാവിഭക്തിയുമാണു്.

2. അദ്ധ്യാപകൻ ശിഷ്യനോടു് സംസാരിക്കുന്നു. ഈ വാക്യത്തിലെ 'ശിഷ്യനോടു്' എന്ന പദം നിർദ്ദേശികയോ പ്രതിഗ്രാഹികയോ അല്ല. സംയോജിക എന്നാണു് ഈ വിഭക്തിക്കു പേർ. സംയോജികാവിഭക്തിയിലുള്ള പദമുപയോഗിച്ചു് ഒരു വാക്യം എഴുതുക.

3. മാതുവിനെ കണ്ടർമേനോൻ പിടിച്ചുകൊണ്ടുപോയതെങ്ങനെ?

4. ചന്തു തുളുനാടൻകോട്ട നശിപ്പിച്ചു് മാതുവിനെ വീണ്ടെടുത്തതെങ്ങനെയെന്നു വിവരിക്കുക.

——

പാഠം 25

ചെണ്ട

കണ്ടേടമിട്ടഹഹ! നല്ല പരുക്കു വീക്കു-
കൊണ്ടേകിടുന്നളവിലൊന്നു കലമ്പൽ കൂട്ടും
പണ്ടത്തെ മട്ടിലൊരു ശബ്ദവുമില്ല പിന്നെ
ച്ചെണ്ടേ, ഭവാൻ പരമശുദ്ധരിൽവച്ചു ശുദ്ധൻ. 1

തോലും മുഷിഞ്ഞ ചെറുനൂല്ക്കയറും മുറയ്ക്കു
കോലും ധരിച്ചു പുലരുമ്പൊഴൊരമ്പലത്തിൽ
ചെല്ലുററ ദൈവഭജനത്തിനുപോം ഭവാനിൽ
കോലുന്നു വിപ്രവടുവിൻ വടിവൊന്നുതന്നെ. 2

പാത്രം പണത്തിനപരൻ, പട്ടതല്ലുകൊള്ളാൻ—
മാത്രം ഭവാനിതൊരപൂർവ്വപരോപകാരം
ഗാത്രം തഥാപി തകരാതെ നിലയ്ക്കുനിർത്തും
സൂത്രങ്ങളാണു തവ കേളി തരുന്നതെല്ലാം. 3

മേളത്തിലന്യനു രസത്തിനു വേണ്ടിയേറ്റു
താളത്തിലും തിരിയു,മങ്ങനെയുള്ള നിന്നെ
കേളത്തലൊട്ടമിയലാതെ കടന്നെടുത്തു
തോളത്തു കേററുവതിനാളുകളുണ്ടസംഖ്യം. 4

പോരാതെ വന്നു ചിലവട്ട,മതൊത്തു കോട്ടം
തീരാഞ്ഞു കേളികുറവാകിലുമെന്തുവേണ്ടു?
നേരായ് പരാർത്ഥപരനാവുകകൊണ്ടു യോഗ്യ-
ന്മാരാരുമങ്ങയെ വിടാ ഗുണമുള്ള ചെണ്ടേ! 5

—കുററിപ്പുറത്തു കേശവൻ നായർ.

അഭ്യാസം.

1. ചെല്ലുററ = നല്ല. കോലുക = ചേരുക. വിപ്രവട്ട = ബ്രാഹ്മണകുമാരൻ. വടിവ് = ആകൃതി. ഗാത്രം = ശരീരം. തഥാപി = അങ്ങനെയാണെങ്കിലും. അപൂർവ്വ പരോപകാരം = അസാധാരണമായ പരോപകാരം. സൂത്രങ്ങൾ = ചരട്ടുകൾ, ഉപായങ്ങൾ. കേളി = കീർത്തി, ശബ്ദം. അത്തൽ = ദുഃഖം. ഇയലാതെ = ഉണ്ടാകാതെ. പരാർത്ഥപരൻ = അന്യന്റെ കാര്യത്തിൽ തല്പരൻ. യോഗ്യന്മാരാരും = യോഗ്യന്മാർ ആരും, യോഗ്യനായ മാരാരും.

2. 'ഗുരു ശിഷ്യനു് വിദ്യ ഉപദേശിക്കുന്നു'—ഇവിടെ ശിഷ്യനെ ഉദ്ദേശിച്ചിട്ടാണു് ഗുരുവിന്റെ ഉപദേശം. അതിനാൽ 'ശിഷ്യനു്' എന്ന പദം ഉദ്ദേശികാ വിഭക്തിയാകുന്നു.

3. 'മേളത്തിലന്യനു രസത്തിനു വേണ്ടി'—ഇതിലെ ഉദ്ദേശികാ വിഭക്തി എടുത്തെഴുതുക.

4. മൂന്നാമത്തെ പദ്യം പരാവർത്തനം ചെയ്യുക.

5. ചെണ്ടയുടെ ഗുണങ്ങൾ വിവരിക്കുക.

—— –

പാഠം 26

വിവേകാനന്ദൻ

ഇൻഡ്ധ്യയിൽ അന്നും ഇന്നും പ്രസിദ്ധമാണ് ബങ്കാളിലെ ദത്തവംശം. ദുർഗ്ഗാചരൺ ദത്തിൻെറ പുത്രനായ വിശ്വനാഥ് ദത്തിനെ, ബങ്കാളിലെ 'മുടിചൂടാമന്ന'നെന്നായിരുന്നു വിളിച്ചിരുന്നത്. അദ്ദേഹം മഹാപണ്ഡിതനും പ്രശസ്തനായ ഒരഭിഭാഷകനുമായിരുന്നു. വിശ്വനാഥ് ദത്തിൻെറ ജനനത്തിനുശേഷം ദുർഗ്ഗാചരൺ ദത്ത് സന്യസിച്ചു. മഹാനായ ഒരു യോഗിയായിരുന്നുവത്രേ അദ്ദേഹം. ഇതെടുത്തു പറയേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിൻെറ പൗത്രനാണല്ലോ ലോകപ്രസിദ്ധനായ ശ്രീ. വിവേകാനന്ദൻ.

1863 ജനുവരി 12-ാംതീയതി മകരസംക്രമദിവസം വിവേകാനന്ദൻ ജനിച്ചു. നരേന്ദ്രൻ എന്നായിരുന്നു പേര്. സന്യാസിയായതിനുശേഷം വിവേകാനന്ദനെന്ന പേർ സ്വീകരിച്ചു. ബാലനായിരിക്കുമ്പോൾ ഒരു പട്ടവികൃതിയായിരുന്നു നരേന്ദ്രൻ. പൊറുതി മുട്ടുമ്പോൾ, അമ്മയായ ഭുവനേശ്വരീദേവി, "നീ ഇങ്ങനെ വികൃതി കാട്ടിയാൽ ശിവൻ നിന്നെ കൈലാസത്തിലേയ്ക്കു കേററില്ല" എന്നു പറയാറുണ്ടായിരുന്നുവത്രെ. എന്നാൽ, കുറച്ചുനേരത്തേയ്ക്കു് അടങ്ങിയിരിക്കും. സന്യാസിമാരെ കുട്ടിക്ക് വലിയ ഇഷ്ടമായിരുന്നു. കൈയിൽ കിട്ടിയതെന്തും അവർക്കെടുത്തു കൊടുക്കും. ഒടുവിൽ അതു നിർത്താൻ മുറിയിലിട്ടടയ്ക്കേണ്ടിവന്നിട്ടുണ്ടുപോലും! എന്നിട്ടും വലിയ ഫലമൊന്നും ഉണ്ടായില്ല. സന്യാസിമാരെ അങ്ങോട്ടു

മാടിവിളിച്ച് കിട്ടിയതൊക്കെ ജനാലിലൂടെ ഇട്ടുകൊടുക്കും. പിന്നെ മിടുക്കു പ്രഖ്യാപിക്കാൻ അവിടെക്കിടന്ന് ആട്ടവും പാട്ടും തുടങ്ങുകയായി!

അച്ഛനു മോഹം, നരേന്ദ്രൻ ഒരു വലിയ വക്കീലാവണമെന്നായിരുന്നു ; മകന്റെ മോഹമോ, ഒരു കുതിരവണ്ടിക്കാരനാവണമെന്നും ! ഒരു വിധത്തിൽ

അതു സാധിച്ചു: ഭാരതത്തിൻെറ ആദ്ധ്യാത്മിക ചിന്തയുടെ സാരഥിയായിത്തീൎന്നുവല്ലോ, ഒടുവി ലിദ്ദേഹം.

പ്രതിഭാശാലിയായ നരേന്ദ്രൻ താൻ പഠിച്ച വിദ്യാലയങ്ങളുടെയെല്ലാം അഭിമാനം പുലൎത്തി. കാളേജിൽ പഠിക്കുന്ന കാലത്തു് ആംഗലസാഹിത്യം, തത്വശാസ്ത്രം, തൎക്കം എന്നിവയിൽ അദ്ദേഹം നൈപുണ്യം നേടി. പാഠ്യപുസ്തകങ്ങളിൽമാത്രം പററിക്കൂടുകയായിരുന്നില്ല പതിവ്. പാശ്ചാത്യരും പൗരസ്ത്യരുമായ ചിന്തകരുടെ ഗ്രന്ഥങ്ങൾ വായിക്കു കയും സ്വയം ചിന്തിക്കുകയും ചെയ്തിരുന്നു അദ്ദേഹം. ഹെർബർട്ട് സ്പെൻസർ എന്ന തത്വജ്ഞൻെറ കൃതി കൾ വായിച്ച്, തനിക്കു തോന്നിയ ചില എതിരഭി പ്രായങ്ങളെഴുതി ഗ്രന്ഥകാരനുതന്നെ അയച്ചുകൊടുത്തു വത്രേ. സ്പെൻസർ നരേന്ദ്രൻെറ പ്രതിഭയെ മാനിച്ച് മറുപടി അയച്ചു. കാളേജിലെ പ്രൊഫസറായിരുന്ന ഡബ്ളിയു. ഡബ്ളിയു. ഹെയ്സ്ററി ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: "ലോകത്തിൻെറ നാനാ ഭാഗങ്ങളിലും സഞ്ചരിച്ച ഞാൻ ഇത്ര ബുദ്ധിയും പ്രാപ്തിയും ഉള്ള ഒരു വിദ്യാൎത്ഥിയെ എങ്ങും കണ്ടിട്ടില്ല. തത്വശാസ്ത്രത്തിൽ ഇത്ര പ്രാവീണ്യമുള്ള ഒരു വിദ്യാൎത്ഥി ജർമ്മൻ സൎവ്വകലാശാലകളിൽപ്പോലു മില്ല. ഇദ്ദേഹം വിശ്വവിഖ്യാതനായിത്തീരും."

നരേന്ദ്രൻ ബി. ഏ. പരീക്ഷ പാസ്സായി അധികം കഴിയുന്നതിനുമുമ്പ് പിതാവ് പെട്ടെന്നു മരിച്ചു. അതോടുകൂടി ആ കുടുംബത്തിൻെറ നല്ലകാലം അസ്തമിച്ചു. കുടുംബഭാരം നരേന്ദ്രൻെറ ചുമലിലായി. അക്കാലത്തു് അദ്ദേഹത്തിനു് വളരെ ക്ലേശമനുഭവി

ക്കേണ്ടിവന്നു. ചില ബന്ധുക്കൾ കൊട്ടത്ത വ്യവഹാരം നിമിത്തം സ്വഗൃഹം അന്യാധീനപ്പെട്ടേയ്ക്കുമെന്ന നിലയായി. എങ്കിലും നരേന്ദ്രൻെറ സ്ഥിരപരിശ്രമത്താൽ അതുകൂടാതെ കഴിഞ്ഞു. കുടുംബത്തെ ദാരിദ്ര്യത്തിൽനിന്നു മോചിപ്പിക്കാൻവേണ്ടി അദ്ദേഹം സ്കൂൾ മാസ്റ്ററായും, ഗുമസ്തനായുമൊക്കെ ജോലിനോക്കി. അതോടെ നിയമപരീക്ഷയ്ക്കു പഠിക്കുകയും ചെയ്തിരുന്നു. അക്കാലത്താണ് അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു വലിയമാററമുണ്ടായതു്. ഇതിൻെറ ഫലമായി "ദക്ഷിണേശ്വരത്തിലെ യോഗി" എന്നു പ്രസിദ്ധനായ ശ്രീരാമകൃഷ്ണപരമഹംസരുടെ ശിഷ്യത്വം അദ്ദേഹം സ്വീകരിച്ചു. സത്യജ്ഞാനത്തിനുവേണ്ടി അദ്ദേഹത്തിൻെറഹൃദയം എപ്പോഴും ദാഹിച്ചുകൊണ്ടിരുന്നു. ശ്രീരാമകൃഷ്ണദേവൻെറ സമ്പക്കം അദ്ദേഹത്തിനു് അവാച്യമായ ഒരാനന്ദം നൽകി. ഗാർഹികക്ലേശങ്ങളും കുറഞ്ഞുകുറഞ്ഞുവന്നു.

കുട്ടിക്കാലം മുതൽക്കേ, നരേന്ദ്രൻ പതിവായി ഒരു അത്ഭുതസ്വപ്നം കാണാറുണ്ടായിരുന്നുവത്രേ: മയക്കം തുടങ്ങുമ്പോൾ ഒരു തേജോഗോളം എവിടന്നോ അടുത്തടുത്തു വരുന്നതായും, ക്രമേണ താനും ആ ഗോളത്തിൽ ലയിക്കുന്നതായും അദ്ദേഹത്തിനു തോന്നുമായിരുന്നു ; പിന്നെ ഒന്നും ഓർമ്മയുണ്ടാവില്ല. ശ്രീരാമകൃഷ്ണദേവൻ നരേന്ദ്രനെ ആദ്യമായി കണ്ടപ്പോൾ ഇങ്ങനെയൊരു സ്വപ്നം കാണാറുണ്ടോ എന്നു് ചോദിക്കുകയുണ്ടായി ! ആ സ്വപ്നംതന്നെ ഒരുതരം സമാധിയാണെന്നദ്ദേഹം അഭിപ്രായപ്പെട്ടു. കാലക്രമത്തിൽ അവർ തമ്മിൽ വളരെ അടുത്തു. വിവേകാനന്ദൻെറ എല്ലാ അഭ്യുദയങ്ങൾക്കും കാരണമായിത്തീന്നതു് ഈ ഗുരുശിഷ്യബന്ധമായിരുന്നു.

പരമഹംസർ സമാധിയടയുന്നതിനുമുമ്പായി തൻെറ തപശ്ശക്തി മുഴുവൻ നരേന്ദ്രനിൽ സമർപ്പിക്കുകയുണ്ടായി. ഗുരുവിൻെറ വിയോഗം ശിഷ്യനെ വല്ലാതെ വേദനിപ്പിച്ചു. എങ്കിലും ഇൻഡ്യയെ ആത്മീയമായി ഉണർത്തുന്നതിനുവേണ്ടി ഗുരു ആരംഭിച്ച പ്രവൃത്തികൾ ഏറെറടുക്കാൻ വേണ്ട കരുത്തും അതോടുകൂടി അദ്ദേഹത്തിനുണ്ടായി.

പിന്നെ നാലഞ്ചുകൊല്ലം ആത്മീയനിഷ്ഠകളിലും പഠനത്തിലും അദ്ദേഹം ഏർപ്പെട്ടു. അനന്തരം ഭാരതം മുഴുവൻ സഞ്ചരിച്ച് ഇൻഡ്യയുടെ മഹത്ത്വത്തെക്കുറിച്ചും ആത്മീയതത്ത്വത്തെക്കുറിച്ചും പ്രസംഗിച്ചു. ഈ സഞ്ചാരം നിമിത്തം നമ്മുടെ നാട്ടിലെ കൊടിയ ദാരിദ്ര്യവും അജ്ഞാനവും അദ്ദേഹം നേരിട്ടു കണ്ടറിഞ്ഞു. തൻെറമാത്രം മുക്തിയല്ല, ഇൻഡ്യയുടെ മുക്തിയുംകൂടിയാണ് തൻെറ ജീവിതലക്ഷ്യമെന്ന് അദ്ദേഹം ഉറച്ചു. അതായിരുന്നു അദ്ദേഹത്തിൻെറ ഉൽബോധനങ്ങളുടെ സാരം. ഹിന്ദുമതത്തെക്കുറിച്ചു പാശ്ചാത്യർക്കുള്ള തെററിദ്ധാരണ നീക്കാനും ഇൻഡ്യയെക്കുറിച്ച് അവരുടെ മതിപ്പ് വർദ്ധിപ്പിക്കാനുമായി പാശ്ചാത്യദേശങ്ങളിൽ സഞ്ചരിക്കാൻ വിവേകാനന്ദൻ തീരുമാനിച്ചു. ഇതിനുവേണ്ട സഹായം ഖത്രി മഹാരാജാവാണു ചെയ്തതു്. 1893 മേയ് 31-ാം തീയതി അദ്ദേഹം കപ്പൽ കയറി.

അമേരിക്കയിൽ വിവേകാനന്ദൻ ചെയ്ത പ്രസംഗങ്ങളെല്ലാം പ്രസിദ്ധങ്ങളാണ്. എവിടെയും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാൻ ആളുകൾ തിങ്ങിക്കൂടിയിരുന്നു. ഇംഗ്ലണ്ടിലെ അനുഭവവും ഇതുതന്നെ. അമേരിക്കയിലും ഇംഗ്ലണ്ടിലും അനവധി ആളുകൾ

അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചു. നയാഗ്രാ വെള്ളച്ചാട്ടംപോലുള്ള ആ പ്രസംഗധോരണിയും കണ്ണുകളിൽ തെളിഞ്ഞുവിളങ്ങിയ ആത്മീയതേജസ്സും ഒരു കാന്തശക്തികൊണ്ടെന്നപോലെ ആളുകളെ അദ്ദേഹത്തിലേയ്ക്കു അടുപ്പിച്ചു. വേദങ്ങളുടേയും ഉപനിഷത്തുക്കളുടേയും ചൈതന്യം പാശ്ചാത്യരെ വല്ലാതെ ആകർഷിച്ചു.

1897 ജനുവരിയിൽ അദ്ദേഹം ഇൻഡ്യയിലേയ്ക്കു മടങ്ങി. അതിനുശേഷമാണ് 'രാമകൃഷ്ണമിഷൻ' സ്ഥാപിച്ചത്. 1899 വരെ തുടർച്ചയായ സേവനം ഇൻഡ്യയ്ക്കർപ്പിച്ചതിനുശേഷം അദ്ദേഹം വീണ്ടും പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു പോയി. അമേരിക്കക്കാർ അദ്ദേഹത്തെ ഉൽക്കണ്ഠയോടെ കാത്തിരിക്കുകയായിരുന്നു. പാരീസ് മുതലായ പട്ടണങ്ങളിലും സ്വാമിജി പര്യടനം നടത്തുകയുണ്ടായി. 1900-ത്തിൽ വീണ്ടും ഇൻഡ്യയിലേയ്ക്കു മടങ്ങി. രാമകൃഷ്ണമിഷൻെറ വളർച്ചയ്ക്കുവേണ്ടി ജീവിതം സമർപ്പിക്കുകയാണ് പിന്നീട് അദ്ദേഹം ചെയ്തത്. 1902-ൽ ആ സത്യാന്വേഷിയായ സ്വരാജ്യസ്നേഹി സമാധിയടഞ്ഞു.

അല്പകാലംകൊണ്ട് എത്ര മഹത്തായ കാര്യങ്ങളാണ് അദ്ദേഹം സാധിച്ചത്! എല്ലാംകൊണ്ടും ഉജ്ജ്വലമായിരുന്നു ആ ജീവിതം—ഇരുട്ടിൽനിന്നു് വെളിച്ചത്തിലേയ്ക്കു് മനുഷ്യാത്മാവിനെ നയിക്കാൻ വേണ്ടിയുണ്ടായ ഒരു പുണ്യോദയം!

അഭ്യാസം.

1. 'സന്യാസിമാരെ കുട്ടിക്കു് ഇഷ്ടമായിരുന്നു'— ഈ വാക്യത്തിലെ നാമങ്ങളുടെ വിഭക്തി കുറിക്കുക.

2. 'അമേരിക്കക്കാർ അദ്ദേഹത്തെ ഉൽക്കണ്ഠയോടെ കാത്തിരിക്കുകയായിരുന്നു'—ഇതിലെ പ്രതിഗ്രാഹികാവിഭക്തിയും സംയോജികാവിഭക്തിയും ചൂണ്ടിക്കാണിക്കുക.

3. 'വിവേകാനന്ദൻ ദാരിദ്ര്യദുഃഖത്താൽ ബുദ്ധിമുട്ടി'—ഈ വാക്യത്തിലെ 'ദാരിദ്ര്യദുഃഖത്താൽ' എന്ന പദം നേരത്തെ പറഞ്ഞ വിഭക്തികളിലൊന്നിലും പെടുന്നില്ല. വിവേകാനന്ദൻ ബുദ്ധിമുട്ടനുഭവിച്ചതിനു കാരണമായിരുന്നു ദാരിദ്ര്യദുഃഖം. ഇപ്രകാരം കാരണത്തെ കാണിക്കുന്ന വിഭക്തി 'പ്രയോജിക'യാണ്. പ്രയോജികാവിഭക്തി ഉപയോഗിച്ച് ഒരു വാക്യമെഴുതുക.

4. വിവേകാനന്ദന്റെ വിദ്യാഭ്യാസജീവിതം വിവരിക്കുക.

5. ശ്രീരാമകൃഷ്ണപരമഹംസനുമായിട്ടുള്ള സമ്പർക്കം നിമിത്തം വിവേകാനന്ദനുണ്ടായ മേന്മ എന്ത്?

6. ഭാരതീയസംസ്കാരത്തെക്കുറിച്ച് പാശ്ചാത്യരാജ്യങ്ങളിൽ ബോധമുണ്ടാകുന്നതിന് വിവേകാനന്ദൻ എങ്ങനെ പരിശ്രമിച്ചു എന്നു വിവരിക്കുക.

പാഠം 27

മലമ്പുഴ അണക്കെട്ട്

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രധാനമാണ് ഭക്ഷണം. ഒരു രാജ്യത്തിന് അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാമത്തേതും അതു തന്നെ. ജനസംഖ്യയുടെ തോത് ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള ഇൻഡ്യയിൽ ഭക്ഷ്യധാന്യങ്ങളുടെ കുറവ് പണ്ടേ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഒരു കാലത്തു വിഭവസമ്പന്നമായിരുന്ന ഭാരതം ഇന്ന്

ഇക്കാര്യത്തിൽ അന്യരാജ്യങ്ങളുടെ സന്മനസ്സിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സ്വാതന്ത്ര്യലബ്ധിയോടേ നടന്ന രാഷ്ട്രവിഭജനം ഈ പ്രശ്നത്തെ ഗുരുതരമാക്കിത്തീർത്തിരിക്കുകയാണ്. നമ്മുടെ ജനതയിൽ ബഹുഭൂരിപക്ഷം കർഷകരായിരുന്നിട്ടും ഇവിടെ 4 ലക്ഷം ടൺ ഭക്ഷ്യധാന്യം പോരാതെയാണ് കാണുന്നത്.

സ്വതന്ത്രഭാരതത്തിൻെറ അഭിമാനബോധത്തിനുചേൎന്നവിധം, കേന്ദ്രസൎക്കാർ ഭക്ഷ്യവിഷയത്തിൽ സ്വയംസമ്പൂൎണ്ണത നേടുകയെന്നുള്ള നയം സ്വീകരിച്ചിട്ടുണ്ട്. അതിനെത്തുടൎന്നു സംസ്ഥാന ഗവണ്മെൻറുകളും ധാന്യസമ്പത്തു വർദ്ധിപ്പിക്കുവാനുള്ള പരിപാടികൾക്കു മുൻഗണന നൽകിയിരിക്കുകയാണ്. തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുക, ഉള്ള സ്ഥലത്തെ വിളവ് കൃത്രിമ വളങ്ങളും മററും ഉപയോഗിച്ച് വർദ്ധിപ്പിക്കുക, വിളവുകൾക്കു സാധാരണമായി വരാവുന്ന നാശത്തെ തടുക്കുക, ചെറുതും വലുതുമായി കൂടുതൽ അണക്കെട്ടുകൾ നിർമ്മിച്ച് ജലസേചനപദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് ഭക്ഷ്യോൽപ്പാദന പരിപാടിയുടെ വിവിധ ഭാഗങ്ങൾ. കേരളത്തിൻെറ സ്ഥിതി ഇക്കാര്യത്തിൽ പരിതാപകരമാണെന്നു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി മദിരാശി ഗവണ്മെൻറു നേരത്തെ സമാരംഭിച്ച ഒരു പ്രധാന ജലസേചനപദ്ധതിയാണ് മലമ്പുഴ അണക്കെട്ട്. മേട്ടൂരണക്കെട്ടിനോളം വലിപ്പമില്ലെങ്കിലും വലിയവയിലൊന്നാണ് ഇതും.

പഴയ മലബാർജില്ല എല്ലാംകൊണ്ടും മദിരാശി ഗവണ്മെൻറിന് ഒരു പ്രശ്നപ്രദേശമായിരുന്നു. ഒന്നാ

മതായി, ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതരഭാഗങ്ങളെ അവലംബമാക്കിയിട്ട വേണം അവിടത്തെ കുറവു നികത്തുവാൻ. ആ നിലയ്ക്കു മലബാറിൽ പ്പെട്ട പാലക്കാട്ടതന്നെ ഇത്തരമൊരു അണക്കെട്ടണ്ടാവുന്നതിൻെറ പ്രാധാന്യം ശ്രദ്ധേയമാണ്. സഹ്യപർവ്വതത്തിലെ ആനമുടിയിൽനിന്ന് ഒന്നിലേറെ പുഴകൾ പുറപ്പെട്ട് അറബിക്കടലിനെ ലക്ഷ്യമാക്കി കുതിച്ചുപായുന്നത് ഈ പ്രദേശത്തു കൂടിയാണ്. പക്ഷെ, മഴക്കാലത്തൊഴിച്ച് പ്രസ്തുത നദികൾ ശൂന്യപ്രായങ്ങളായിരിക്കും. മഴയെങ്ങാനും തെററിപ്പോയാൽ പിന്നെ പറയാനുമില്ല. അവിടെ കൊല്ലംതോറും കൃഷിയുണക്കം ഒരു തീരാബാധയാണ്. സാമാന്യമായി മഴ കുറവാണെന്ന പരാതിക്കിടമില്ല. പക്ഷേ, വെള്ളം നിലംതൊടുന്നതിന്നുമുമ്പ് അറബിക്കടലിലെത്തിക്കഴിയും. ഈ സ്ഥിതിക്ക് ഒരു പരിഹാരമായിട്ടാണ് ഇവിടെ അണകെട്ടി വെള്ളം സംഭരിക്കുവാനുള്ള പദ്ധതി ആരംഭിച്ചത്. പേരാറിൻെറ ഒരു പ്രധാന പോഷകനദിയാണ് മലമ്പുഴ. ഇതുവഴി സമുദ്രത്തിലേയ്ക്കു ചോർന്നുപോകുന്ന ജലസമ്പത്ത് കൃഷിയുടെ ആവശ്യത്തിലേയ്ക്കു പ്രയോജനപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

ഒലവക്കോട്ട തീവണ്ടിയാപ്പീസിൽനിന്ന് അഞ്ചുനാഴിക വടക്കുകിഴക്കുമാറി കട്ടക്കാംകുന്ന് എന്നൊരു ഗ്രാമമുണ്ട്. ഇവിടെ വടക്കുനിന്നും കിഴക്കുനിന്നും രണ്ടു ചെറു പുഴകൾ ഒഴുകിവന്നു ചേർന്ന് മലമ്പുഴയായിത്തീരുന്നു. രണ്ടുകുന്നുകൾക്കിടയിൽ വച്ചാണ് ഈ നദികൾ സമ്മേളിക്കുന്നത്. ഈ രണ്ടു കുന്നുകൾ കൂട്ടിച്ചേർത്തുകൊണ്ട് അണകെട്ടുമ്പോൾ തടയപ്പെടുന്ന നദീജലം പൊങ്ങിപ്പരന്ന് തടാകംപോലുള്ള

ഒരു വലിയ ജലാശയമായിത്തീരുന്നു. കടൽപ്പരപ്പിൽനിന്നു് 385 അടി ഉയരത്തിലാണു് ഈ അണക്കെട്ട്. ഇതിന്നു് 6,000 അടി നീളമുള്ളതിൽ ഇരുവശത്തുമായി 2,000 അടിയോളം മൺതിട്ടാണു്. മണ്ണുണയ്ക്കു് 50 അടിയും കാൺക്രീററുകൊണ്ടുള്ള നടുവിലെ പ്രധാനഭാഗത്തിന്നു് 120 അടിയുമാണു് ഉയരം. റിസർവായറിൽ 722 കോടി 50 ലക്ഷം ഘനയടി വെള്ളം കൊള്ളുന്നതാണു്. 57 ചതുരശ്രനാഴിക പ്രദേശത്തു് പെയ്യുന്ന മഴ മാത്രം മതിയാവും, ഇതിലെ ജലശേഖരം നിലനിർത്തുവാൻ. ഉദ്ദേശം 2,000 ഏക്കർ ഒരുപ്പൂ നിലങ്ങളും ഇരുപ്പൂനിലങ്ങളും ഇതുകൊണ്ടു മുങ്ങിപ്പോകുമത്രെ. 4,700 ഏക്കർ നിലത്തിനുള്ള ജലസേചനം മലമ്പുഴക്കെട്ടുകൊണ്ടു നടത്താമെന്നും തദ്വാരാ 20,000 ടൺ നെല്ലു് കൂടുതൽ വിളയിക്കാമെന്നുമാണു് കണക്കാക്കിയിട്ടുള്ളതു്.

മലമ്പുഴപ്പദ്ധതിയുടെ പൂർണ്ണരൂപത്തിൽ അതൊരു ജലവൈദ്യുതപദ്ധതിയാകുമെന്നാണു് പ്രതീക്ഷ. ഉയരത്തിൽ കെട്ടിനിർത്തിയിട്ടുള്ള വെള്ളത്തിൽനിന്നു് ശക്തിയോടെ താഴോട്ടു ജലപ്രപാതം കൃത്രിമമായി സൃഷ്ടിക്കുകയും വിദ്യുച്ഛക്തി നിർമ്മാണത്തിന്നു് ആ ഊർജ്ജം പ്രയോജനപ്പെടുത്തുകയും ചെയ്യാം. ചുരുങ്ങിയതു് 1,000 കിലോവാട്ടു് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണു് പ്രതീക്ഷ. ഇതോടൊന്നിച്ചു് പാലക്കാട്ടു പട്ടണത്തിലേയ്ക്കു വേണ്ടത്ര ജലം വിതരണം ചെയ്യുവാനും സാധിക്കും. രണ്ടടി വ്യാസമുള്ള പെരുംകുഴൽവഴി 6 നാഴികയോളം അകലെയുള്ള അണയിൽനിന്നു് വെള്ളം അവിടെ എത്തിക്കുന്നതായിരിക്കും.

ജലാശയത്തിൽ നിന്ന് കൃഷിഭൂമിയിലേയ്ക്കു് വെള്ളം എത്തിച്ചുകൊടുക്കുവാൻ 20 നാഴിക നീളവും 16 അടി താഴ്ചയുമുള്ള ഒരു വൻതോടു വെട്ടിയിട്ടുണ്ട്. കോരയാറു്, കണ്ണാടിപ്പുഴ എന്നിവയെ മുറിച്ചുകടന്ന്, ഈ തോട്ട് കൊല്ലങ്കോട്ട തീവണ്ടിയാപ്പീസിൽനിന്ന് രണ്ടരനാഴിക താഴെ ഗായത്രിപ്പുഴയിൽ ചെന്നുചേരുന്നു. ഈ വൻതോടിനോടനുബന്ധിച്ച് പതിനൊന്നു ചെറു തോടുകളും ഉണ്ടായിരിക്കും. പാലക്കാട്ട താലൂക്കിലെ പല്ലശ്ശന, കൊടുവായൂർ, തെങ്കുറിശ്ശി, കിണാശ്ശേരി, തിരുവാലത്തൂർ, കൊല്ലങ്കോട്ട് എന്നീ പ്രദേശങ്ങൾക്കും ഈ പദ്ധതിയുടെ ഫലം അനുഭവിക്കുമാറാകും. 4 കോടി 18 ലക്ഷം ഉറുപ്പിക ചെലവുവരുമെന്നു കണക്കാക്കപ്പെട്ടിട്ടുള്ള മലമ്പുഴ പദ്ധതി മലബാർപ്രദേശത്തേയ്ക്കു മുഴുവനും ഒരു മാസം വേണ്ട അരി ഉൽപ്പാദിപ്പിക്കുവാൻ ശക്തമാകുമത്രേ.

അഭ്യാസം.

1. കഴിഞ്ഞ പാഠത്തിൽ പ്രയോജികാവിഭക്തിയെക്കുറിച്ചു പഠിച്ചുവല്ലോ. 'വിവേകാനന്ദൻ ദാരിദ്ര്യദുഃഖത്താൽ ബുദ്ധിമുട്ടി' എന്ന വാക്യത്തിലെ 'ദാരിദ്ര്യദുഃഖത്താൽ' എന്നുള്ളതിനു പകരം 'ദാരിദ്ര്യദുഃഖംകൊണ്ട്' എന്നുകൂടി പ്രയോഗിക്കാറുണ്ട്. ഇതു പ്രയോജികാവിഭക്തിയുടെ അർത്ഥത്തിലാണ്. പ്രയോജികാർത്ഥത്തിൽ 'കൊണ്ട്' എന്ന ശബ്ദം ഉപയോഗിച്ച് ഒരു വാക്യം രചിക്കുക.

2. 'രാമന്റെ പുസ്തകം' 'സീതയുടെ കുട' എന്നിവയിൽ രാമന്റെ, സീതയുടെ എന്നീ പദങ്ങൾ സംബന്ധത്തെ കുറിക്കുന്നതാണ്. ഇങ്ങനെ സംബന്ധത്തെ കുറിക്കുന്ന വിഭക്തി സംബന്ധികയാകുന്നു.

3. ഒന്നാമത്തെ ഖണ്ഡികയിലുള്ള സംബന്ധികാവിഭക്തിപദങ്ങൾ ചൂണ്ടിക്കാണിക്കുക.
4. മലമ്പുഴ അണക്കെട്ട് എവിടെയാണ്; ഏതെല്ലാം പ്രദേശങ്ങൾക്ക് അതുകൊണ്ട് പ്രയോജനമുണ്ടാവും?
5. മലമ്പുഴ അണക്കെട്ടിനെക്കുറിച്ച് ഒരു വിവരണമെഴുതുക.

പാഠം 28

കുരിശിൽ

അത്യന്തതമസ്സിൽപ്പെ-
ട്ടുഴലും ലോകത്തിനു
സത്യത്തിൻ പ്രഭാപൂരം
കാട്ടിയെന്നതിനാലേ
മുൾക്കിരീടവും ചാർത്തി-
യങ്ങു വിശ്രമം കൊൾവൂ
മൂർഖമാം നിയമത്തിൻ
നാരാച മുനകളിൽ !
ആഹന്ത ! കുരിശിൽത്തൻ
പൂവൽമെയ് തറയ്ക്കപ്പെ-
ട്ടാകുലാത്മാവായ് കിട-
ക്കുന്നൊരീ സമയത്തും
സ്നേഹശീലനാം ഭവാ-
നീശനോടപേക്ഷിക്കു-
ന്നിക്കടുംകൈ ചെയ്തോർക്കു
മാപ്പു നൽകുവാൻ മാത്രം.
ദേവ, നിൻ മുറിവിൽ നി-
ന്നിറ്റിറ്റു വീഴുന്നൊരീ
ജീവരക്തത്തിൻ തപ്ത-
മാമോരോ കണികയും

കാരുണീ രസം നിറ-
ഞ്ഞതീ സർവ്വംസഹയിങ്കൽ
ചാരുചെമ്പനീർപ്പൂവാ-
യുൽഫുല്ലമാകും നാളെ;
കാന്തി ചൂഴുമാത്യാഗ-
സൂനങ്ങൾ വാടാതെന്നും
ശാന്തി സൗരഭം വീശും
ഭൂവിലും സ്വർഗ്ഗത്തിലും.

—എം. പി. അപ്പൻ.

അഭ്യാസം.

1. അത്യന്തതമസ്സ് = വലിയ ഇരുട്ട്. പ്രഭാപൂരം = പ്രകാശത്തിന്റെ കൂട്ടം. മൂർഖം = ക്രൂരം. നാരാചം = നാരായം. പൂവലമെയ് = മൃദുവായ ശരീരം. ആകുലാത്മാവ് = പരവശമായ ആത്മാവോടുകൂടിയവൻ. സ്നേഹശീലൻ = സ്നേഹസ്വഭാവൻ. ഈശൻ = ഈശ്വരൻ. തപ്തം = ചൂടുപിടിച്ച. കണിക = തുള്ളി. കാരുണീരസം = ദയ. സർവ്വംസഹ = ഭൂമി. ചാരു = ഭംഗിയുള്ള. ഉൽഫുല്ലം = വിടർന്നത്. കാന്തി = ശോഭ. ചൂഴും = ചുററുന്ന. ത്യാഗസൂനങ്ങൾ = ത്യാഗപുഷ്പങ്ങൾ. ശാന്തിസൗരഭം = ശാന്തിയുടെ സുഗന്ധം. ഭൂ = ഭൂമി.
2. 'ഈശനോട് അപേക്ഷിക്കുന്നു', 'കുററംചെയ്തോർക്കു മാപ്പു നൽകുക', 'സത്യത്തിന്റെ പ്രഭാപൂരം'—ഇവയിലെ നാമപദങ്ങളുടെ വിഭക്തി നിശ്ചയിക്കുക.
3. അവസാനത്തെ രണ്ടു വരികളുടെ അർത്ഥമെഴുതുക.
4. ക്രിസ്തുദേവന്റെ മഹത്ത്വം വിവരിക്കുക.

പാഠം 29

ചെറുശ്ശേരി

മലയാളഭാഷയിൽ ധാരാളം ഉത്തമഗ്രന്ഥങ്ങളു ണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. പ്രസിദ്ധന്മാരായ ഓരോ സാഹിത്യകാരന്മാർ നിരന്തരം പരിശ്രമിച്ച തിൻെറ ഫലമായിട്ടാണ് ആവക ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുള്ളതു്. അക്കൂട്ടത്തിൽ തുള്ളൽപ്പാട്ടുകളെഴു തിയ കുഞ്ചൻ നമ്പ്യാർ, കിളിപ്പാട്ടുകളെഴുതിയ തുഞ്ചത്തു് എഴുത്തച്ഛൻ, എന്നിവരെപ്പററി നിങ്ങൾ കേട്ടിരിക്കും. ആ മഹാന്മാരെപ്പോലെ തന്നെ ഉത്തമ ഗ്രന്ഥനിർമ്മാണംകൊണ്ടു മലയാളഭാഷയെ പോഷി പ്പിച്ച മറെറാരു പ്രസിദ്ധസാഹിത്യകാരനാണ് ചെറുശ്ശേരി നമ്പൂരി.

വടക്കേ മലബാറിൽ ഇപ്പോഴത്തെ കുറുമ്പ്രനാട്ടു താലൂക്കിൽ വടകര എന്ന സ്ഥലത്തു് ചെറുശ്ശേരി എന്ന ഇല്ലപ്പേരോടുകൂടി ഒരു നമ്പൂരിയുണ്ടായിരുന്നു. ചെറുപ്പത്തിൽത്തന്നെ സംസ്കൃതത്തിലും മലയാള ത്തിലും നല്ല പാണ്ഡിത്യം നേടിയ അദ്ദേഹം കോല ത്തുനാട്ടു് രാജാവിൻെറ വിദ്വൽസദസ്സിൽ ഒരംഗ മായിത്തീർന്നു. അന്നു് അവിടെ രാജ്യം ഭരിച്ചിരു ന്നതു് 'ഉദയവർമ്മ' എന്നു പേരുള്ള ഒരു രാജാവായി രുന്നു. ആ രാജാവിൻെറ ആജ്ഞയനുസരിച്ച് ചെറുശ്ശേരി നമ്പൂരി എഴുതിയതാണ് കൃഷ്ണഗാഥ അല്ലെങ്കിൽ കൃഷ്ണപ്പാട്ട്. ഇതിനെപ്പററി ഒരു ഐതി ഹ്യമുള്ളതു താഴെ വിവരിക്കാം.

ഒരു ദിവസം ഉദയവർമ്മത്തമ്പുരാനും ചെറുശ്ശേരിയുംകൂടി ചതുരംഗം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ കളി കാണത്തക്കവിധം രാജാവിൻെറ ഭാര്യ കുട്ടിയെ തൊട്ടിലിൽ കിടത്തി താരാട്ടു പാട്ടുകയാണു്. ചതുരംഗത്തിൽ രാജാവു തോല്ക്കു മെന്ന ദിക്കായി. ചതുരംഗക്കരുക്കളിൽ ഒരാളെ ഉന്തിയാൽ രാജാവിനു ജയിക്കാം. ആ 'പോരു്' രാജാവിൻെറ ദൃഷ്ടിയിൽപ്പെട്ടില്ല. പക്ഷേ, ഭാര്യ അതുകണ്ടു. ഭർത്താവിനെ എങ്ങനെയാണു് അക്കാര്യം അറിയിക്കുക? ബുദ്ധിമതിയായ ആ സ്ത്രീ ഒരു ഉപായം പ്രയോഗിച്ചു. 'ആളെ ഉന്തുക' എന്ന ആശയം ഉള്ളടക്കിക്കൊണ്ടു് അവർ പുതിയ ഒരു താരാട്ടു് ഉണ്ടാക്കിപ്പാടി. കൃഷ്ണപ്പാട്ടിലെ ഈരടികളിൽ, ആദ്യത്തെ വരിയിൽ 12 അക്ഷരവും രണ്ടാമത്തെ വരിയിൽ 10 അക്ഷരവും കൂടി ആകെ 22 അക്ഷരമാണല്ലോ ഉള്ളതു്. ഇതിൽ ആദ്യത്തെ 18 അക്ഷരവും 'ഉന്തു്' എന്ന പദം ആവർത്തിച്ചു പാടി, ഒടുവിലത്തെ നാലക്ഷരത്തിൻെറ സ്ഥാനത്തു് 'ആളെയുന്തു്' എന്ന വാക്കുകൾ ഉപയോഗിക്കയാണു് അവർ ചെയ്തതു്. ഭാര്യ പതിവില്ലാത്തവിധം പുതിയ ഒരു താരാട്ടു പാട്ടുന്നതുകേട്ടു് ശ്രദ്ധിച്ച തമ്പുരാനു് കാര്യം മനസ്സിലാവുകയും അദ്ദേഹം ആളെ ഉന്തി കളിയിൽ ജയിക്കുകയും ചെയ്തു. ഭാര്യ താരാട്ടു പാടിയ ആ രീതിയിൽ ഭാഗവതം ദശമസ്കന്ധത്തിലെ കഥ പാട്ടായി നിർമ്മിക്കാൻ രാജാവു കല്പിച്ച അനുസരിച്ചു് ചെറുശ്ശേരിനമ്പൂരി എഴുതിയതാണത്രെ, കൃഷ്ണഗാഥ. ശ്രീകൃഷ്ണൻെറ ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള കഥകളാണു് അതിലെ ഉള്ളടക്കം.

ഈ ഐതിഹ്യത്തിൽ സത്യാംശം എത്രത്തോള മുണ്ടെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. എന്നാൽ ഒരു കാര്യം തീർച്ചയാണു്. കോലത്തിരി രാജാവായ ഉദയവർമ്മയുടെ ആജ്ഞയനുസരിച്ചാണു് കൃഷ്ണഗാഥ നിർമ്മിച്ചതു്. ആ കൃതിയുടെ ആരംഭത്തിൽ കാണുന്ന

പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ

എന്നു തുടങ്ങിയ വരികൾ ഇതിനു് ഒന്നാന്തരം തെളിവാണു്. ഇതുപോലെ "കോലത്തിരി രാജാവായ ഉദയവർമ്മത്തമ്പുരാന്റെ ആജ്ഞയനുസരിച്ചാണു് താൻ കൃഷ്ണഗാഥ നിർമ്മിച്ചതു്" എന്നർത്ഥം വരുന്ന ഒരു സംസ്കൃത ശ്ലോകം ആ കൃതിയിലെ ഓരോ ഘട്ടത്തിന്റെയും അവസാനഭാഗത്തു് കാണുന്നുണ്ടു്.

അന്നു് മലയാളഭാഷയിൽ എടുത്തു പറയത്തക്ക വണ്ണം നല്ല ഗ്രന്ഥങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നില്ല. സാധാരണ ജനങ്ങളുടെ കൂട്ടത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചവർതന്നെ ചുരുക്കമായിരുന്നു. "വിദ്യാഭ്യാസം" എന്നു വച്ചാൽ സംസ്കൃതം പഠിക്കുക എന്നായിരുന്നു അർത്ഥം. നമ്പൂരിമാരുടെ ഇടയിൽ ഇത്തരം വിദ്യാഭ്യാസം സിദ്ധിച്ചവർ ധാരാളമുണ്ടായിരുന്നു. അവർ ഗ്രന്ഥങ്ങൾ നിർമ്മിക്കയും ചെയ്തിരുന്നു. പക്ഷേ, സംസ്കൃതഭാഷയിലോ സംസ്കൃതപദങ്ങൾ ധാരാളം ഇടകലർന്ന മലയാളത്തിലോ ആയിരുന്നു അവരുടെ ഗ്രന്ഥനിർമ്മാണം.

അങ്ങനെയുള്ള ഒരു കാലത്ത് നമ്പൂരിസമുദായത്തിൽ പ്പെട്ട ഒരാൾ മലയാളഭാഷയിൽ കൃഷ്ണഗാഥയെപ്പോലെ ലളിതമധുരമായ ഒരു കൃതി നിർമ്മിച്ചതോർക്കുമ്പോൾ അത്ഭുതം തോന്നുന്നു.

ഭക്തിയും ശൃംഗാരവുമാണ് കൃഷ്ണഗാഥയിൽ മുന്നിട്ടു നില്ക്കുന്നത്. അപൂർവ്വം ചില ദിക്കുകളിൽ ഹാസ്യരസവും കാണാം. സരസവും മധുരവും ആയ ഭാഷാരീതി, കൃഷ്ണഗാഥയെസ്സംബന്ധിച്ചിടത്തോളം എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്. വർണ്ണന യുടെയും അലങ്കാരപ്രയോഗത്തിൻെറയും കാര്യത്തിൽ, ചെറുശ്ശേരി കേരളത്തിലെ മററു കവികളുടെ പിന്നി ലല്ല നില്ക്കുന്നത്. എന്നുമാത്രമല്ല, കൃഷ്ണൻെറ ബാല ലീലകളെ വർണ്ണിച്ചിട്ടുള്ള ഭാഗം വായിച്ചാൽ, അത്തരം വർണ്ണനകളിൽ പ്രസ്തുതകവി മറെറല്ലാക്കവികളെയും പിന്നിലാക്കുന്നു എന്നുപോലും തോന്നിപ്പോകും.

ചുരുക്കിപ്പറഞ്ഞാൽ, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ, എന്നിവരെപ്പോലെതന്നെ ഭാഷാഭി മാനകൾക്ക് നിത്യസ്മരണീയനായ ഒരു കവിശ്രേഷ്ഠ നാണ് ചെറുശ്ശേരി.

അഭ്യാസം.

1. 'മലയാളഭാഷയിൽ ധാരാളം ഉത്തമഗ്രന്ഥങ്ങളുണ്ട്''—ഈ വാക്യത്തിലെ 'മലയാളഭാഷയിൽ' എന്ന പദത്തിൻെറ വിഭക്തി ഇതേവരെ പഠിച്ചിട്ടില്ല. ഉത്തമഗ്രന്ഥങ്ങൾക്ക് ആധാരമാണ് മലയാളഭാഷ എന്നാണ് വാക്യത്തിന് അർത്ഥം. ആധാരത്തിലുള്ള പദം ആധാരിക വിഭക്തി യാകുന്നു.

രണ്ടാമത്തെ ഖണ്ഡികയിലെ ആദ്യത്തെ വാക്യത്തിലുള്ള ആധാരികാപദങ്ങൾ എടുത്തെഴുതുക.

3. 'വീട്ടിന്റെ പടിക്കൽ ഒരു മരം നില്ക്കുന്നുണ്ട്.'—ഈ വാക്യത്തിലെ 'പടിക്കൽ' എന്ന പദവും ആധാരികയുടെ അർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്.

4. കൃഷ്ണഗാഥയുടെ നിർമ്മാണത്തെക്കുറിച്ചുള്ള ഐതിഹ്യമെന്ത്?

5. ചെറുശ്ശേരിയുടെ കവിതയെക്കുറിച്ച് രണ്ടോ മൂന്നോ ഖണ്ഡികയെഴുതുക.

പാഠം 30

ഇന്നത്തെ അമ്മ

കാലത്തുണർന്നു കിടന്നു കളിക്കും തൻ-
ബാലത്തിടമ്പിനെത്താലോലിക്കെ,
ചേലഞ്ചുമോമനക്കൊച്ചുമുഖം കൺക-
ളാലേ നുകർന്നുകൊണ്ടമ്മ ചൊന്നാൾ:

ദൈവം നിനക്കു തുണയ്ക്കുമെൻ പൈതലേ !
നീ വശം ചാരാതെ നേർവഴിയേ
പോവുക, പോവുകൊരമ്മ തന്നർത്ഥന-
യ്ക്കാവതുണ്ടെങ്കിലോ നന്മതാൻ തേ.

പേടിപ്പെട്ടുത്തുകിൽപ്പിന്തിരിഞ്ഞീടാതെ,
മാടിവിളിപ്പതും മാനിയാതെ,
പട്ടുതാനാകിലും വെട്ടുതാനാകിലും
കിട്ടുന്നവയിൽ മനസ്സൂന്നാതെ,

നാലു ഭാഗത്തുള്ളോരെത്ര നിന്ദിച്ചുവെ-
ന്നാലുമെത്രയ്ക്കു പുകഴ്ത്തിയാലും
ആകാശംതന്നെയിടിഞ്ഞുവീണീടിലു-
മാകാത്ത കർമ്മത്തിൽ കൈ ചെല്ലാതെ,

ഇമ്മഞ്ജു കോമളച്ചുണ്ടാൽ നുകർന്നുള്ളൊ-
രമ്മിഞ്ഞപ്പാലു ദൂഷിപ്പിക്കാതെ,
എന്മകനെത്തിട്ടകെത്തേണ്ടദിക്കിലീ-
യമ്മയെ മുററുമൊരമ്മയാക്കാൻ.

—നാലപ്പാട്ടു് നാരായണമേനോൻ.

അഭ്യാസം.

1. തൽബാലത്തിടമ്പു് = ആ കുട്ടിയുടെ ശരീരം. ചേലഞ്ചും = ഭംഗിയുള്ള. അർത്ഥന = പ്രാർത്ഥന. പട്ടുതാനാകിലും വെട്ടുതാനാകിലും = ജയിച്ചാലും തോററാലും. മഞ്ജു = മനോഹരം. മുററും = പൂർണ്ണമായും.

2. “പൈതലേ” എന്ന പദത്തിന്റെ വിഭക്തി യേതാണു്? അതു നിങ്ങൾ പഠിച്ചിട്ടില്ല. “പൈതലേ” എന്നു് അമ്മ വിളിക്കുകയാണല്ലോ. ഇങ്ങനെയുള്ള വിളിക്കു് ‘സംബോധന’ എന്നു പറയും. സംബോധനയെ കുറിക്കുന്ന വിഭക്തി ‘സംബോധിക’യാണു്. അതുകൊണ്ടു സംബോധികാവിഭക്തിയാണു് “പൈതലേ” എന്നുള്ളതു്.

3. “മകനേ, നീ എവിടെപ്പോയി?” “രാമാ, നീ ഇവിടെ വരിക”, “മാധവീ, നിന്റെ പിറന്നാൾ എന്നാണു്?”— ഇവയിലെ സംബോധികാവിഭക്തി ചൂണ്ടിക്കാണിക്കുക.

4. പിരിച്ചെഴുതുക:—
കാലത്തുണർന്നു്, ബാലത്തിടമ്പു്, ഈയമ്മ.

5. അമ്മ മകനു നൽകുന്ന ഉപദേശമെന്തു്?

പാഠം 31

നല്ല അയൽക്കാരൻ

ഒരിക്കൽ ശ്രീയേശുവിനോട് ഒരു നിയമ പണ്ഡിതൻ ചോദിച്ചു:

"ഗുരോ, മരണാനന്തരം ശാശ്വതമായ സൗഖ്യം ലഭിക്കുന്നതിന് ഞാൻ എന്താണ് ചെയ്യേണ്ടതു്?"

യേശുദേവൻ മറുപടി പറഞ്ഞു:

"നിങ്ങൾക്ക് വേദവിധികളിലും ശാസ്ത്രതത്ത്വങ്ങളിലും അഗാധമായ പാണ്ഡിത്യമുണ്ടല്ലോ. നിങ്ങളുടെ ചോദ്യത്തിന് വേദം എന്തു സമാധാനമാണ് നൽകുന്നതു് ?"

"ജഗൽപിതാവായ ഈശ്വരനെ ഉള്ളഴിഞ്ഞു് സ്നേഹിക്കുക; അതുപോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക."

യേശു:—"നിങ്ങൾ പറഞ്ഞതു ശരിയാണ്. ഈ നിയമങ്ങൾ അനുസരിച്ച് ജീവിച്ചുകൊൾക. നിശ്ചയമായും നിങ്ങൾക്ക് പരലോകത്തു് സൗഖ്യം ലഭിക്കും."

ആ നിയമജ്ഞൻ യേശുവിനോട് വീണ്ടും ചോദിച്ചു: "ഗുരോ, അയൽക്കാരനെ സ്നേഹിക്കണമെന്നു് പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണ് ?"

ഈ ചോദ്യത്തിന്നു മറുപടിയായി യേശുദേവൻ ഒരു കഥ പറഞ്ഞു:

"ഒരിക്കൽ ജറുസലം നഗരത്തിൽനിന്നു് ഒരാൾ ജറിക്കോ എന്ന സ്ഥലത്തേയ്ക്കുപോയി. വഴിക്കുവച്ച്

കള്ളന്മാർ അവനെ പിടികൂടി. അവൻെറ കൈയിൽ ഉണ്ടായിരുന്ന സകല സാധനങ്ങളും അവർ അപഹരിച്ചു. അതിനുശേഷം ആ സാധുവിനെ കഠിനമായി ഉപദ്രവിച്ചു. മരിക്കാറായ അയാളെ അവിടെ തള്ളിയിട്ട് കള്ളന്മാർ കടന്നുകളഞ്ഞു. കുറേക്കഴിഞ്ഞു് ഒരു പുരോഹിതൻ ആ വഴിയേ വന്നു. ദയനീയമായി കരഞ്ഞുകൊണ്ടു കിടന്നിരുന്ന ആ മനുഷ്യനെ കണ്ടിട്ടും, പുരോഹിതൻ ഒരു വാക്കു പോലും പറയാതെ കടന്നുപോയി. അല്പസമയത്തിനുശേഷം ലവണ്ണുദേശക്കാരനായ ഒരുവൻ ആ വഴിക്കുവന്നു. നിലവിളിക്കുന്ന ആ സാധുവിനെ ഒന്നുനോക്കിയിട്ട് നടന്നതേയുള്ളു. പിന്നീട് സമരിയക്കാരനായ ഒരാൾ അതിലേവന്നു. ആ സാധുവിൻെറ നിലവിളികേട്ട് അയാൾ അടുത്തുചെന്നു. അയാളുടെ സ്ഥിതികണ്ടു് സമരിയക്കാരൻെറ ഹൃദയം അലിഞ്ഞു. താൻ ധരിച്ചിരുന്ന വസ്ത്രം വലിച്ചുകീറി, അതുകൊണ്ടു് മുറിവുകൾ കെട്ടി. പിന്നീട് തൻെറ കുതിരയുടെ പുറത്തു് അയാളെ കയററി, താങ്ങിപ്പിടിച്ചുകൊണ്ടു് അദ്ദേഹം ഒരു സത്രത്തിൽ കൊണ്ടു ചെന്നാക്കി. സത്രം വിചാരിപ്പുകാരൻെറ സഹായത്തോടുകൂടി ആ സാധുവിനു വേണ്ട ശുശ്രൂഷകൾ ചെയ്തു. അയാൾക്കു് സുഖമായ ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുന്നതിനും ഏർപ്പാടു ചെയ്തു. അടുത്ത ദിവസം പ്രഭാതത്തിൽ സമരിയക്കാരൻ കള്ളന്മാരുപദ്രവിച്ച ആ സാധുവിനോടു യാത്ര പറഞ്ഞു. അതിനുശേഷം സത്രംവിചാരിപ്പുകാരനെ വിളിച്ച് കുറെ പണം ഏല്പിച്ചുകൊണ്ടു പറഞ്ഞു:

"എനിക്കു് ജറിക്കോയിൽ എത്തുവാൻ തിടുക്കമുണ്ടു്. ഇവിടെ സുഖമില്ലാതെ കിടക്കുന്ന സാധു.

വിനു് വേണ്ടതെല്ലാം കൊടുക്കണം. ചെലവിനെ പ്പററി നിങ്ങൾ വിചാരിക്കണ്ട. ഇതുകൊണ്ടു് തികയാഞ്ഞാൽ ഞാൻ തിരിച്ചുവരുമ്പോൾ കൂടുതൽ പണം തന്നുകൊള്ളാം".

"കള്ളന്മാരുടെ ഉപദ്രവമേററു് ആ മനുഷ്യൻ കിടന്ന വഴിയേ മൂന്നുപേർ കടന്നുപോയല്ലോ. ഇവരിൽ ആരാണു് നല്ല അയൽക്കാരനെപ്പോലെ വർത്തിച്ചതു് ?"

"പീഡിതനോടു് കരുണ പ്രദർശിപ്പിച്ച സമരിയക്കാരൻ തന്നെയാണു് നല്ല അയൽക്കാരൻ".

യേശു പറഞ്ഞു: "ആ സമരിയക്കാരനെപ്പോലെ വർത്തിക്കുക. നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക".

അഭ്യാസം.

1. 'യേശുദേവൻ' എന്ന പദത്തിൻെറ ഏഴു വിഭക്തികളിലെയും രൂപം എഴുതുക.
2. 'നീ അയല്ക്കാരനെ സ്നേഹിക്കുക' എന്ന വാക്യത്തിലെ കർത്താവു്, കർമ്മം, ക്രിയ ഇവ ചൂണ്ടിക്കാണിക്കുക.
3. 'നിങ്ങൾ പറഞ്ഞതു ഞാൻ സമ്മതിക്കുന്നു' ഇതിലെ നാമപദങ്ങളുടെ പുരുഷവചനങ്ങൾ എഴുതുക.
4. മൂന്നാം ചോദ്യത്തിലുദ്ധരിച്ച വാക്യത്തിലുള്ള ക്രിയ സകർമ്മകമോ അകർമ്മകമോ എന്നു നിർണ്ണയിക്കുക.
5. 'ഏററവും കുറച്ചു നെല്ലു വിളയുന്ന രാജ്യമാകുന്നു കേരളം' ഇതിലെ മുററുവിന, പററുവിന, ഭേദകവിശേഷണം ഇവ ചൂണ്ടിക്കാണിക്കുക.
6. 'നാളത്തെ സമ്മേളനത്തിനു പ്രധാനമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഹാജരാകും' ഇതിലെ 'സമുച്ചയം' മാററി 'വികല്പം' പ്രയോഗിക്കുക.
7. കള്ളന്മാർ ഉപദ്രവിച്ച സാധുവിനെ സമരിയക്കാരൻ രക്ഷിച്ചതെങ്ങനെ?
8. യേശുദേവൻെറ അഭിപ്രായത്തിൽ എങ്ങനെയുള്ളവനാണു് നല്ല അയല്ക്കാരൻ?

3346

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1959.